

# സത്യദൂതൻ

2017 ജൂൺ | ലക്കം 6

വില ₹ 30

## ഇസ്‌ലാംമത പ്രബോധനം: രണ്ടു വിരുദ്ധ വീക്ഷണങ്ങൾ

## ദൈവീക ജ്ഞാനത്തിന്റെ ഹൃദയബന്ധം

## മാംസഭക്ഷണ നിയന്ത്രണം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2017 ജൂൺ
ഹി.ശ.1396 - എഹ്സാൻ
1438 റംസാൻ - ശവ്വാൽ
പുസ്തകം 89 ലക്കം 6
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**പുരുഷന്റെ ധാർമ്മിക ബാധ്യതകൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 മെയ് 19ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**
**സ്നേഹം എന്ന വികാരം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

**14**
**ഇസ്‌ലാംമത പ്രബോധനം: രണ്ടു വിരുദ്ധ വീക്ഷണങ്ങൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**20**
കവിത
**തീരാനൊമ്പരം**
സി കെ

**21**
**പവിത്ര ജീവിതം**
മുഹമ്മദ് ഉമർ കോഴിക്കോട്

**24**
**ദൈവീക ജ്ഞാനത്തിന്റെ ഹൃദയബന്ധം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**28**
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 8**
ഇബ്നു വഫ കോഴിക്കോട്

**34**
**ദൈവത്തിന്റെ അസ്തിത്വം: അന്തിമ തെളിവ് അനുഭവ ജ്ഞാനം**
റഫി അഹ്മദ്, അമേരിക്ക

**36**
കുറിപ്പുകൾ
**മാംസഭക്ഷണ നിയന്ത്രണം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റുദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ. (2:184,185)



## നബിവചനം

അല്ലയോ ജനങ്ങളേ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. (മിശ്ക്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം



'ശഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ' എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനസംസ്ക്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയ ദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫി വര്യന്മാർ എഴുതിയിരിക്കുന്നു നമസ്ക്കാരം ആത്മാവിന് മനസംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്ക്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽ നിന്നുള്ള മോചനമാണ്. മനസംസ്ക്കരണമെന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്കലുമാണ്. 'ഉൻസിലഫീഹിൽ ഖുർആൻ' എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹ ലബ്ധിയിൽ നിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമയുണ്ട് എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹലു ബൈത്തിന്റെ ചരിത്രത്തിൽ പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് 'സൽമാനുൽ മിന്നാ അഹ്ലുൽ ബൈത്തി'എന്ന് അരുൾ ചെയ്തിട്ടുണ്ട്. 'സൽമാൻ' എന്ന വാക്കിന് രണ്ടു വിധത്തിലുള്ള സമാധാനം എന്നാണർഥം അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ - ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവഹിക്കുക, വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്ക് തോന്നി. (മൽഫൂസാത്ത്)

എഡിറ്റോറിയൽ

# വ്രതത്തിലെ മിതത്വം

മതങ്ങളുടെയെല്ലാം സാരാംശം ശരീരത്തിനു മേൽ ആത്മാവിന് മേൽകൈനേടി മനുഷ്യനെ ദൈവോന്മുഖനാക്കുക എന്നതാണ്. ഇസ്‌ലാമിലെ വ്രതാനുഷ്ഠാനം അത്തരത്തിലുള്ള പദ്ധതികളിലൊന്നാണ്. ഇസ്‌ലാം മതം അനായാസം ഇത് ജനകോടികളുടെ മേൽ പ്രാവർത്തികമാക്കുന്നു എന്നത് വിസ്മയകരമാണ്. ശരീരത്തെ നിയന്ത്രിക്കാനും മെരുക്കിയെടുക്കാനും ഹഠയോഗികളെ പോലെ മുൾമുനയിൽ ഇരുന്ന് ശരീരത്തെ നോവിക്കാനോ വനവാസം ചെയ്യാനോ ഇന്ദ്രിയനിഗ്രഹമോ നിത്യബ്രഹ്മചര്യമോ ഇഷ്ട ഭോജ്യങ്ങളുടെ ശാശ്വതവർജനമോ മരണംവരെയുള്ള ഉപവാസമോ ഇസ്‌ലാം നിഷ്ക്കർശിക്കുന്നില്ല. മതകാര്യങ്ങളിൽ മിതത്വവും ഉചിതജ്ഞതയുമാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. ഖുർആൻ എല്ലാ മതസ്ഥരോടുമായി പറയുന്നു: ***'ഗ്രന്ഥാനുസാരികളേ, നിങ്ങളുടെ മതകാര്യങ്ങളിൽ അന്യായമായ നിലയിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പ് വഴികേടിലായ ജനതയുടെ സേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. അവർ നിരവധി പേരെ വഴിതെറ്റിക്കുകയും (സ്വയം) നേർവഴിയിൽ നിന്ന് തെറ്റിപോവുകയും ചെയ്തു.' (5:78)***

വ്രതാനുഷ്ഠാനം ദൈവത്തിന് മാത്രമായിട്ടുള്ള ഒരു ആരാധനയും മനുഷ്യന്റെ ആത്മീയ ന്യൂനതകളെ പരിഹരിക്കുന്ന നിർബന്ധമായ ഒരു കടമയുമാണ്. കാരുണ്യവാനായ ദൈവം വ്രതാനുഷ്ഠാനം മുഖേന മനുഷ്യൻ കൂടുതലായി വിഷമങ്ങളനുഭവിക്കാൻ അനുവദിക്കാതെ അവനോട് അനുതാപം കാട്ടുകയും സാന്ത്വനമരുളുകയും ചെയ്യുന്നത് കാണുക.

***'വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റുദിവസങ്ങളിൽ എണ്ണം പൂർത്തികരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ.......അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് അവൻ പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.'(2:184,185)***

മനുഷ്യന്റെ ആത്മീയ പോഷണത്തിനും പരിഷ്ക്കരണത്തിനും ആവശ്യമായ ആസൂത്രണങ്ങളും സംവിധാനങ്ങളുമായാണ് റമദാൻ മാസം കടന്ന് വരുന്നത്. ഇബാദത്തുകൾക്കും സൽക്കർമങ്ങൾക്കും സൽസ്വഭാവങ്ങൾക്കും പകരം സ്വർഗീയമായ നിരവധി വാഗ്ദാനങ്ങളും പ്രോത്സാഹനങ്ങളും റമദാൻ മാസത്തിൽ ഇസ്‌ലാം നൽകുന്നു. ഇതിന്റെ ഫലമായി സക്കാത്തും സദ്ക്കയും മറ്റു ഐച്ഛികമായ ദാനധർമങ്ങളും റമദാനിൽ മുസ്‌ലിംകളിൽ നിന്ന് വമ്പിച്ച തോതിൽ പ്രവഹിക്കുന്നു. റമദാനിൽ വീശിയടിക്കുന്ന കൊടുങ്കാറ്റിനേക്കാൾ റസൂൽ തിരുമേനി(സ) ഉദാരനാകുമായിരുന്നു. നോമ്പുകാരൻ ചീത്തവാക്കുകളിൽ നിന്നും ചീത്ത വിചാരങ്ങളിൽ നിന്നും ചീത്ത പ്രവർത്തികളിൽ നിന്നും വിട്ടുനിൽക്കുന്നു. ഇത്തരം കാര്യങ്ങളിൽ ആത്മ നിയന്ത്രണം പാലിക്കാൻ നോമ്പുകാരന് ശക്തി പകരുന്നത് പകൽ നേരത്തെ ഭക്ഷണവർജനമാണ്. മനുഷ്യൻ ഭയപ്പെടുന്ന വിശപ്പിനെ ഇരു കൈകളും നീട്ടി ഏറ്റു വാങ്ങി ആത്മീയോന്നമനത്തിനുള്ള ഉപാധിയാക്കി മാറ്റാൻ റമദാൻ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ ഇസ്‌ലാമിലെ നോമ്പ് മിതമാർഗത്തിൽ ശരീരത്തിനുമേൽ ആത്മാവിന്റെ വിജയം പ്രഖ്യാപിക്കുന്ന ഒരു ആരാധനയായി മാറുന്നു. റമദാന്റെ പൂർണ അനുഗ്രഹം നമ്മിൽ വർഷിക്കുമാറാകട്ടെ. (ആമീൻ)



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യാത്മാവിന്റെ മൂന്നവസ്ഥകൾ

മനുഷ്യാത്മാവിനെ മൂന്ന് വിധങ്ങളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ***നഫ്സുൽ അമ്മാറ*** അഥ വാ ദോഷ പ്രവണമായ ആത്മാവ്, ***നഫ്സുല്ലവ്വാമ*** അഥവാ സ്വയം ശാസകാത്മാവ്, **നഫ്സുൽ മുത്മ യിന്ന** അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നിങ്ങനെയാണവ. ***നഫ്സെ സക്കിയ*** എന്നൊരു ആത്മാവ് കൂടിയുണ്ട്. പക്ഷേ അത് ശൈശവ കാലത്ത് പാപങ്ങളൊന്നും വന്നുഭവിക്കാത്ത അവസ്ഥയിലെ ആത്മാവാകുന്നു. അതിനാൽ അതിനെ ഒഴിവാക്കിക്കൊണ്ട് ബാല്യത്തിന് ശേഷമുള്ള മൂന്ന് ആത്മാക്കളെ സംബന്ധിച്ചാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. നഫ്സുൽ അമ്മാറയുടെ അവസ്ഥയിൽ മനുഷ്യൻ ശൈത്വാന്റെ ആത്മാവിന്റെ ദാസനായി തീരുന്നത് കൊണ്ട് ശാരീരികേച്ഛകൾക്ക് അടിമപ്പെടുന്നു. അടിമ യജമാനന്റെ കൽപ്പനകൾ ഉടനടി അനുസരിക്കാൻ സന്നദ്ധനായി നിൽക്കുന്നത് പോലെ ദുരാത്മാവിന്റെ കൽപ്പനകൾ ഉടനടി പ്രാവർത്തികമാക്കാൻ മനുഷ്യൻ തയ്യാറായി നിൽക്കുന്നു. ഈ സമയത്ത് മനുഷ്യൻ ദാസനെ പോലെ ആത്മാവ് പറയുന്നതെല്ലാം അപ്പടി അനുസരിക്കുന്നു. അത് കൊല്ലാൻ പറഞ്ഞാൽ കൊല ചെയ്യുന്നു. വ്യഭിചരിക്കാൻ പറഞ്ഞാൽ വ്യഭിചരിക്കുന്നു. മോഷണം നടത്താൻ പറഞ്ഞാൽ മോഷ്ടിക്കുന്നു. ചുരുക്കത്തിൽ ആത്മാവ് ഏതൊന്ന് കൽപ്പി ക്കുന്നുവോ ആ നീചകൃത്യങ്ങളെല്ലാം അടിമയെ പോലെ ചെയ്തു കളയുന്നു. ഇതാണ് നഫ്സുൽ അമ്മാറയുടെ അവസ്ഥ.

അതിന് ശേഷം നഫ്സുല്ലവ്വാമയാകുന്നു. ഈ അവസ്ഥയിൽ പാപങ്ങൾ വന്നു ഭവിച്ചുകൊണ്ടിരി ക്കുന്നുവെങ്കിലും മനുഷ്യൻ ആത്മാവിനെ പഴി പറയുകയും പാപങ്ങളിൽ നിന്ന് മോക്ഷം ലഭിക്കാനായി പ്രയത്നിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. നഫ്സുലവ്വാമയിലെ ആളുകളുടെ അവസ്ഥ ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വരുടേത് പോലെയാണ്. അതായത് ദുരാത്മാവുമായി സദാ പോരാടിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ ദുരാത്മാവ് ജയിക്കുന്ന കാരണത്താൽ കാലിടറി (പാപങ്ങളിലേക്ക്) വീഴുന്നു. മറ്റു ചിലപ്പോൾ സ്വയം ആത്മാവിന് മേൽ വിജയം വരിക്കുകയും (ദുഷ്പ്രവണതകളെ) അടിച്ചമർത്തുകയും ചെയ്യുന്നു. ഇവർ നഫ്സുൽ അമ്മാറയുടെ കൂട്ടരെക്കാൾ പുരോഗതി കൈവരിച്ചവരാകുന്നു.

നഫ്സുൽ അമ്മാറയുടെ കൂട്ടരും നായ, പൂച്ച പോലെയുള്ള മറ്റു മൃഗങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. വല്ല പാത്രവും കണ്ടാൽ അവറ്റകൾ അത് തനിക്കുള്ളതാണോ അല്ലേ എന്നൊന്നും ആലോചിക്കാതെ ഉടനെ അതെടു ക്കാൻ തുനിയുന്നു. പക്ഷേ ലവ്വാമാക്കാരിൽ ഈ അവസ്ഥയില്ല. അവർ യുദ്ധത്തിന്റെ അവസ്ഥയിലാ ണ്. ചിലപ്പോൾ ദുരാത്മാവ് വിജയിക്കുകയും ചെയ്യുന്നു. പക്ഷേ പൂർണ വിജയം ഈ അവസ്ഥക്കാരിൽ ഇത് വരെ സംഭവിച്ചിട്ടില്ല.


എന്നാൽ മൂന്നാമത്തെ അവസ്ഥയായ നഫ്സുൽ മുത്മയിന്നയിൽ എല്ലാവിധ പോരാട്ടങ്ങളും അവസാനിക്കുകയും മനുഷ്യൻ ആത്മാവിന് മേൽ പൂർണ വിജയം കൈവരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെയാണ് അത് അതിന്റെ നാമം നഫ്സുൽ മുത്മയിന്ന അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നു വെച്ചിരിക്കുന്നത്. ഈ അവസ്ഥയിൽ അവർ അല്ലാഹുവിന്റെ അസ്തിത്വത്തിൽ യഥാർഥ വിശ്വാസം കൊള്ളുകയും ദൈവമുണ്ടെന്ന ദൃഢജ്ഞാനം കൈവരിക്കുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള വിശ്വാസം തന്നെയത്രെ നഫ്സുൽ മുത്മയിന്നയുടെ പരമസീമ. എന്തെന്നാൽ പരിപൂർണ ശാന്തിയും സമാധാനവും അല്ലാഹുവിലുള്ള പരിപൂർണ വിശ്വാസവുമു ണ്ടായാൽ മാത്രമാണ് ഇത് ലഭ്യമാകുന്നത്. ***(മൽഫൂസാത്ത്. വാല്യം 6 പേ 243, 244) വിവ: അബു അയ്മൻ)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 മെയ് 19ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# പുരുഷന്റെ ധാർമ്മിക ബാധ്യതകൾ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഇസ്ലാമിന്റെ അധ്യാപനം നബി(സ)തിരുമേനിക്ക് വെളിപ്പെട്ടതും എല്ലാ കാര്യങ്ങളിലും മാർഗദർശനം ലഭിക്കുന്നതുമാണ്. നാം ഓരോരുത്തരും ഈ മാർഗദർശനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീർന്നാൽ മനോഹരമായൊരു സമൂഹം സ്ഥാപിതമാകുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്.പക്ഷേ, അവയെല്ലാം **ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസുവത്തുൻ ഹസനത്തുൻ** എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു ഒരുസ്ഥലത്ത് ഒരുവാക്യത്തിൽ സമാഹരിച്ചിരിക്കുന്നു. തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്. നബി(സ)തിരുമേനിയുടെ ജീവിതം വീടുമുതൽ തുടങ്ങി സാമൂഹികമായ ബന്ധങ്ങൾവരെ വിശുദ്ധ ഖുർആനിന്റെ എല്ലാ കല്പനകൾക്കും അനുസൃതമായിരുന്നു. അതിനാൽ യഥാർഥ വിജയമുണ്ടാകുന്നത് നമ്മൾ എല്ലാ കാര്യങ്ങളിലും ഈ മാതൃകയെ അനുകരിക്കുമ്പോഴാണ്. ചിലഘട്ടങ്ങളിൽ മനുഷ്യൻ വലിയ വലിയ കാര്യങ്ങളിൽ വലിയ നല്ല മാതൃകകൾ കാണിക്കുന്നുണ്ടാകും. പക്ഷേ, ചെറിയ കാര്യങ്ങളെ ഗൗനിക്കാതെ വിട്ടുകളയുന്നു. നമ്മുടെ ജീവിതം സമാധാനഭരിതവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നതുമാണെങ്കിൽ നമുക്ക് നമ്മുടെ യജമാനരും നേതാവുമായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി (സ)യെ സമസ്തകാര്യങ്ങളിലും മാതൃകയാക്കണം. നമ്മുടെ മുമ്പിൽ സമർപിച്ച ഈ സൽസ്വഭാവങ്ങളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ആവശ്യമുണ്ട്. പിന്നീട് ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യദാസൻ അവയെല്ലാം തുറന്ന് നമ്മുടെ മുമ്പിൽ വെക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പറയുകയും ചെയ്തു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:' പുരുഷന് കുടുംബനാഥൻ, ഭർത്താവ്, പിതാവ്, മകൻ എന്നീ നിലകളിൽ ഉത്തരവാദിത്തമുണ്ട്. എല്ലാ പുരുഷന്മാരും ഈ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുകയും അതു നിറവേറ്റാൻ ശ്രമിക്കുകയുമാണെങ്കിൽ ഇതുതന്നെയായിരുക്കും സമൂഹത്തിന്റെ വിശാലമായ സമാധാന സംസ്ഥാപനത്തിന്റേയും സ്നേഹവും സാഹോദര്യവും സ്ഥാപിക്കുന്നതിന്റേയും മാർഗമായിത്തീരുന്നത്. ഇതേ കാര്യങ്ങൾ

സന്താനങ്ങളുടെ തർബിയ്യത്തിന്റെ മാർഗമായിത്തീർന്ന് ശാന്ത പൂരിതവും മാനവിക ബാദ്ധ്യതകൾ പാലിക്കുന്നതുമായ സന്താനങ്ങൾ പെരുകുന്നതിന് വഴിയായിത്തീരുന്നതാണ്. ഗൃഹാന്തരങ്ങളിൽ സമാധാനം ഉണ്ടാകുന്നതും ഇതേ കാര്യങ്ങൾകൊണ്ടാണ്. ഭർത്താവ് തന്റെ ഭാര്യയെ ആദരിക്കുന്നില്ല, അനുവദനീയമായ അവകാശം നല്കുന്നില്ല, മക്കളുടെ തർബിയ്യത്തിന്റെ കടമകൾ നിറവേറ്റുന്നില്ല, നാമമാത്രമായ കുടുംബനാഥനാണ് എന്നൊക്കെ പറഞ്ഞ് ഈയിടെയായി പല വീടുകളിൽനിന്നും പരാതികൾ വരുന്നുണ്ട്. ഭർത്താക്കന്മാർ ഭാര്യമാരെ മർദിച്ച് അവശരാക്കി ശാരീരിക ക്ഷതം ഏൽപ്പിക്കുന്നു എന്ന പരാതികൾ ഇന്ത്യയിൽനിന്നും പാക്കിസ്താനിൽനിന്നുമുള്ള കുടുംബങ്ങളിൽനിന്നുമുണ്ട്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷവും ജാഹിലീംകളെപ്പോലെ പെരുമാറുകയാണെങ്കിൽ പിന്നീട് തങ്ങളുടെ അവസ്ഥകൾ മാറ്റുമെന്ന് പ്രതിജ്ഞ ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബയ്അത്തുചെയ്തതുകൊണ്ട് ഒരു പ്രയോജനവുമില്ല.

നബി(സ)തിരുമേനി ഏറ്റവും ആദ്യം കുടുംബനാഥനെന്ന നിലയിൽ തൗഹീദിന്റെ സ്ഥാപനത്തിന്റെ പ്രാധാന്യം തന്റെ ഭാര്യാമക്കളിൽ പ്രബോധനം ചെയ്തു. അതനുസരിച്ച് കർമങ്ങൾ ചെയ്യിച്ചു. പക്ഷേ, ഈ ജോലിയും അനുരക്തിയോടും സ്നേഹത്തോടുംകൂടിയാണ് ചെയ്യിച്ചത്. നബി(സ) തിരുമേനി ഒരുപാട് തിരക്കുകളുണ്ടായിട്ടും തന്റെ കുടുംബക്കാരോടുള്ള കടമ സ്നേഹത്തോടും സൗമ്യതയോടും സന്തോഷത്തോടുംകൂടി നിറവേറ്റി. നിങ്ങളുടെ ഉത്തരവാദിത്തം തൗഹീദിന്റെ സംസ്ഥാപനമാണെന്നും അല്ലാഹുവിനെ ആരാധിക്കലാണെന്നും ആദ്യം ബോധ്യം വരുത്തി. ഹദ്റത്ത് ആയിശ(റ)പറയുന്നു: നബി(സ)തിരുമേനി രാത്രിയിൽ തഹജ്ജുദിനായി ഉണർന്നിരുന്നു. പിന്നീട് സുബ്ഹി നമസ്കാരത്തിനു കുറച്ചുമുമ്പേ നഫ്ൽ നമസ്കരിക്കുക, ആരാധന നിർവഹിക്കുക, അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്ന് പറഞ്ഞ് വെള്ളം തളിച്ച് ഞങ്ങളെ ഉണർത്തിയിരുന്നു.

നബി(സ)തിരുമേനിയുടെ വീട്ടുജോലികളുടെ വിശദീകരണം നല്കിക്കൊണ്ടു ഹദ്റത്ത് ആയിശ (റ) പറയുന്നു:അവിടന്ന് തന്റെ വസ്ത്രം സ്വയം തയിക്കുമായിരുന്നു. ചെരുപ്പുകൾ തുന്നുമായിരുന്നു. വീട്ടിലെ ബക്കറ്റ് തുടങ്ങിയവ റിപ്പയർ ചെയ്യുമായിരുന്നു. അതിനാൽ ഈ മാതൃകകൾ മുന്നിൽവച്ചുകൊണ്ട് നിരവധി ഭർത്താക്കന്മാർ ആത്മ പരിശോധന നടത്തേണ്ടതാണ്. ഒരു അവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു: സൽസ്വഭാവിയാണ് സത്യവിശ്വാസികളിൽ സമ്പൂർണ സത്യവിശ്വാസി. സൽസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഭാര്യമാർക്ക് ഉത്തമനായിട്ടുള്ളവനാണ് നിങ്ങളിൽ ഉത്തമനായിട്ടുള്ളവൻ. അതിനാൽ, തങ്ങളുടെ ഭാര്യമാരോടു നല്ല രീതിയിൽ പെരുമാറാത്ത എല്ലാ ഓരോ വ്യക്തിയും ആത്മപരിശോധന നടത്തേണ്ടതാണ്. ഇത് ഈമാനിന്റെ ഉയർന്ന നിലവാരത്തിന്റെ അടയാളവും കൂടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഭർത്താവിന്റെ കടമകളും ഭാര്യമാരോടുള്ള സൽപെരുമാറ്റവും വിവരിച്ചുകൊണ്ട് പറയുന്നു: അസാന്മാർഗിക പ്രവൃത്തി കൂടാതെയുള്ള സ്ത്രീകളുടെ എല്ലാ ദുശ്ശീലങ്ങളും സ്വഭാവ കാഠിന്യവും സഹിച്ചുകൊള്ളേണ്ടതാണ്. പറഞ്ഞു, പുരുഷനായിക്കൊണ്ട് സ്ത്രീകളോടു യുദ്ധം ചെയ്യുന്നത് അങ്ങേയറ്റം ലജ്ജയില്ലാത്ത പ്രവൃത്തിയായി നമുക്ക് തോന്നുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:ചെറിയ ചെറിയ കാര്യങ്ങളിൽ തങ്ങളുടെ ഭാര്യമാരോടു വഴക്കിടുന്നവർക്കും അവരുടെനേരെ കൈപൊക്കുന്നവർക്കും ബോധമുണ്ടാകേണ്ടതാണ്. അതിനാൽ ഞാൻ പറഞ്ഞതുപോലെ ബാഹ്യത്തിൽ ചെറുതായി കാണപ്പെടുന്ന ഈ കാര്യങ്ങൾ ചെറുതല്ല. ഭാര്യയിൽ ഇന്ന ഇന്ന തിന്മകളുണ്ടെന്നും ഇക്കാരണത്താൽ കാഠിന്യത്തോടെ പെരുമാറേണ്ടിവരുന്നുവെന്നും ചില ഭർത്താക്കന്മാർ പറയാറുണ്ട്. ഈ വശത്തൂടെ നോക്കുമ്പോൾ ഭർത്താക്കന്മാർ ദീനിന്റെ നിലവാരത്തിൽ പൂർണമായും വർത്തിക്കുന്നവരാണോ എന്ന് ആദ്യം ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അത്തരത്തിലുള്ള ഭർത്താക്കന്മാരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, ഭർത്താവ് പരിശുദ്ധനല്ലെങ്കിൽ ഭാര്യ എങ്ങനെ സാത്വി

---

ഭർത്താവ് പരിശുദ്ധനല്ലെങ്കിൽ ഭാര്യ എങ്ങനെ സാത്വികയാകാനാണ്. ആദ്യത്തെ നിബന്ധന എന്താണെന്നുവച്ചാൽ ഭർത്താവ് നല്ലവനായിരിക്കണം എന്നതാണ്. അപ്പോൾ അയാളുടെ ഭാര്യയും സ്വാലിഹ ആയിരിക്കും. പറഞ്ഞു, വാക്കുകൾകൊണ്ട് സ്ത്രീകളെ ഉപദേശിക്കാൻ നിൽക്കരുത്. മറിച്ച് കർമംകൊണ്ട് ഉപദേശിക്കുകയാണെങ്കിൽ അതിന് ഫലമുണ്ടാകുന്നതാണ്. പറഞ്ഞു: ആരാണോ അല്ലാഹുവിനെ സ്വയം ഭയപ്പെടാത്തത് ഭാര്യ എങ്ങനെയാണ് അവനെ ഭയപ്പെടുക. ഭർത്താവ് രാത്രിയിൽ എഴുന്നേറ്റ് ദുആ ചെയ്യുകയും കരയുകയും ചെയ്യുമ്പോൾ ഒന്നുരണ്ടു ദിവസത്തിനുള്ളിൽ ഭാര്യ അതു കാണുകയും അവർക്കും ആ ചിന്തയുണ്ടാകുകയും തീർച്ചയായും അവരെ അത് സ്വാധീനിക്കുകയും ചെയ്യും.

കയാകാനാണ്. ആദ്യത്തെ നിബന്ധന എന്താണെന്നുവച്ചാൽ ഭർത്താവ് നല്ലവനായിരിക്കണം എന്നതാണ്. അപ്പോൾ അയാളുടെ ഭാര്യയും സ്വാലിഹ ആയിരിക്കും. പറഞ്ഞു, വാക്കുകൾകൊണ്ട് സ്ത്രീകളെ ഉപദേശിക്കാൻ നിൽക്കരുത്. മറിച്ച് കർമംകൊണ്ട് ഉപദേശിക്കുകയാണെങ്കിൽ അതിന് ഫലമുണ്ടാകുന്നതാണ്. പറഞ്ഞു: ആരാണോ അല്ലാഹുവിനെ സ്വയം ഭയപ്പെടാത്തത് ഭാര്യ എങ്ങനെയാണ് അവനെ ഭയപ്പെടുക. ഭർത്താവ് രാത്രിയിൽ എഴുന്നേറ്റ് ദുആ ചെയ്യുകയും കരയുകയും ചെയ്യുമ്പോൾ ഒന്നുരണ്ടു ദിവസത്തിനുള്ളിൽ ഭാര്യ അതു കാണുകയും അവർക്കും ആ ചിന്തയുണ്ടാകുകയും തീർച്ചയായും അവരെ അത് സ്വാധീനിക്കുകയും ചെയ്യും. പറയുന്നു: സ്ത്രീയിൽ സ്വാധീനശക്തി വളരെ കൂടുതലാണ്. അവ ശരിയാക്കിവെക്കുന്നതിനായി എത്രത്തോളം ഭർത്താവിന്റെ കർമപരമായ മാതൃക മതിയാകുന്നുവോ അത്രത്തോളം ഒരു മദ്രസയും മതിയാകുകയില്ല. ഭർത്താക്കന്മാർ തങ്ങളുടെ ന്യൂനത കണ്ടുപിടിക്കാൻ ഭാര്യമാർക്ക് അവസരം നല്കുന്നുവെന്നത് ഭർത്താക്കന്മാരുടെ അക്രമമാണ്. തന്റെ ഭർത്താവ് ഇന്ന തിന്മ ചെയ്യുന്നയാളാണെന്ന് പറയാൻ ഭാര്യമാർക്ക് അവസരം ഒരിക്കലും ഭർത്താക്കന്മാർ കൊടുക്കാതിരിക്കേണ്ടതാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു:അന്വേഷിച്ചിട്ടും ഭർത്താവിൽ ഒരു തിന്മയും കാണാതെവരുമ്പോൾ ഭാര്യ ദീനീനിഷ്ഠയുള്ളവൾ അല്ലെങ്കിലും ദീനിലേക്ക് അവളുടെ ശ്രദ്ധ ഉണ്ടാകുന്നതാണ്.

ഒരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, തനിക്ക് ബയ്അത്ത് ചെയ്ത ഭർത്താക്കന്മാരിൽനിന്നുള്ള പ്രതീക്ഷകളിതാണ്. മറുഭാഗത്ത് ഭർത്താക്കന്മാർ നമസ്കാരത്തിൽ അലസരാണ്, ജമാഅത്തായിട്ടുള്ള നമസ്കാരത്തെ കുറിച്ച് എന്തു പറയാൻ, വീട്ടിലും നമസ്കരിക്കാറില്ല തുടങ്ങിയ പരാതിയും കൊണ്ടുവരുന്ന ഭാര്യമാരെയാണ് നമ്മൾ കാണുന്നത്. ദീനീ ബോധം ഭർത്താവിന് കുറവാണെന്നും ചന്ദ കൊടുക്കുന്നതിൽ പലവീട്ടുകളിലേയും പുരുഷന്മാർ ബലഹീനരാണെന്നും ടി.വിയിൽ വ്യർഥവും അനാവശ്യവുമായ പരിപാടികൾ കണ്ടുകൊണ്ടിരിക്കുകയാണെന്നും ഇപ്രകാരംതന്നെ കുട്ടികളുടെ തർബിയ്യത്ത് കാര്യത്തിൽ ഒരു ശ്രദ്ധയുമില്ലെന്നുമുള്ള പരാതികളും ഭർത്താക്കന്മാരെ സംബന്ധിച്ചിട്ടുണ്ട്. അഥവാ എപ്പോഴെങ്കിലും കുടുംബനാഥനാകാൻ ശ്രമിക്കുകയാണെങ്കിൽ വഴക്കും വയ്യാവേലിയും അടിയും പിടിയുമല്ലാതെ മറ്റൊന്നും ഉണ്ടാകുകയില്ല. സ്ത്രീകൾ പുരുഷന്മാരിൽനിന്ന് പഠിക്കുന്നതിനുപകരം പലവീടുകളിലും സ്ത്രീകൾ പുരുഷന്മാരെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ കുട്ടികൾ വഴിതെറ്റിപ്പോകാതിരിക്കാൻ അവരോടു പറഞ്ഞുകൊണ്ടിരിക്കുന്നു. ഏതൊരു വീടുകളിലാണോ കുട്ടികൾ അശിക്ഷണത്തിന് ഇരയായിട്ടുള്ളത് പൊതുവെ അതിനുള്ള കാരണം പുരുഷന്മാരുടെ ശ്രദ്ധയില്ലായ്മയോ ഭാര്യയുടേയും കുട്ടികളുടേയും മേലുള്ള അതിക്രമമോ ആയിരിക്കും. തങ്ങളോടും തങ്ങളുടെ മാതാവിനോടുമുള്ള പിതാവിന്റെ പെരുമാറ്റം നല്ലതല്ലെന്ന് പറഞ്ഞ് പല കുട്ടികളും എന്നോടു പരാതിപ്പെടാറുണ്ട്. അതുകൊണ്ട് വീടുകളെ സമാധാന ഭരിതമാക്കണമെങ്കിൽ, അടുത്ത തലമുറയ്ക്ക് ശിക്ഷണം നല്കണമെന്നുണ്ടെങ്കിൽ, അവരെ ദീനുമായി ബന്ധപ്പെടുത്തി നിറുത്തണമെങ്കിൽ പുരുഷന്മാർ തങ്ങളുടെ അവസ്ഥയിലേക്ക് ശ്രദ്ധ കൊടുക്കേണ്ടതായി വരും. ഹദ്റത്ത് മസീഹ് മൗഊദ് (അ)പുരുഷന്മാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് വീണ്ടും പറയുന്നു:പുരുഷൻ തന്റെ വീട്ടിലെ ഇമാമാകുന്നു. അയാൾ സ്വയംതന്നെ ദുസ്സ്വാധീനം ഉണ്ടാക്കുകയാണെങ്കിൽ എത്രമാത്രം ദുഷ്ഫലമായിരിക്കുമുണ്ടാകുക. പറഞ്ഞു: പുരുഷൻ തന്റെ ശക്തികളെ സന്ദർഭോചിതവും അനുവദനീയുമായ അവസരത്തിൽ ഉപയോഗിക്കേണ്ടതാണ്. ഉദാഹരണത്തിന് കോപശക്തിയാണ് ഒന്ന്. അതായത് ദ്വേഷം. അത് മധ്യനിലയിൽനിന്ന് അധികമാകുമ്പോൾ ഭ്രാന്തിന്റെ മുന്നോടിയായിത്തീരുന്നു. പറഞ്ഞു, ആരാണോ കഠിനകോപിയാകുന്നത് അവനിൽനിന്ന് വിവേകം പറന്നുപോകുന്നു. എന്നല്ല ഒരാൾ എതിരാളിയാണെങ്കിൽത്തന്നെയും അയാളോടും കോപാകുലനായി സംസാരിക്കരുത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: അതിനാൽ ഇതാണ് നിലവാരം. വീട്ടിൽ ഭാര്യയോടും കുട്ടികളോടും ദ്വേഷപ്പെടാതിരിക്കുക. ഈ ദ്വേഷം അവിടെ നില്ക്കട്ടെ! ഇനി എതിരാളിയാണെങ്കിൽത്തന്നെയും അയാളോടും കോപാകുലനായി, വിവേകരഹിതമായി സംസാരിക്കരുത്. അമീറുൽമുഅ്മിനീൻ പറഞ്ഞു:നല്ലാറത്ത് ഇസ്‌ലാഹ് വ ഇർശാദും ഉപസംഘടനകളും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവരും തങ്ങളുടെ തർബിയ്യത്തിന്റെ പരിപാടികളിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു, മതപരമായ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു പക്ഷേ, വീടുകളിൽ അസ്വസ്ഥതയാണ്. അപ്പോൾ തബ്‌ലീഗ് കൊണ്ട് ഒരു പ്രയോജനവുമില്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു:അതിനാൽ വീട് തകരുന്നതിനുമുമ്പേയും കുട്ടികൾ നശിക്കുന്നതിനുമുമ്പേയും അവരുടെ ഭാര്യാമക്കളെ കുറിച്ച് ഇസ്‌ലാം അവർക്കായി നിശ്ചയിട്ടുള്ളതും ദീൻ അവരിൽ ഇടുന്നതുമായ ഉത്തരവാദിത്തങ്ങൾ ഇത്തരം പുരുഷന്മാർ മനസ്സിലാക്കേണ്ടതാണ്. സ്ത്രീകളുടെ അവകാശത്തേയും അവരോടുള്ള പെരുമാറ്റത്തേയും കുറിച്ച് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:സ്ത്രീകളുടെ അവകാശം ഇസ്‌ലാം കാത്തുസൂക്ഷിച്ചിട്ടുള്ളതുപോലെ മറ്റു മതങ്ങളൊന്നും കാത്തുസൂക്ഷിച്ചിട്ടില്ല. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞു, **വലഹുന്ന മിഥ്‌ലുല്ലദീ അലയ്ഹിന്ന** ഭർത്താക്ക

ന്മാർക്ക് ഭാര്യമാരുടെമേൽ അവകാശങ്ങൾ ഉള്ളതുപോലെ ഭാര്യമാർക്ക് ഭർത്താക്കന്മാരുടെമേലും അവകാശമുണ്ട്. സത്യസന്ധവും യഥാർഥവുമായ രണ്ടുസുഹൃത്തുക്കളുടെ ഇടയിലുള്ള ബന്ധംപോലെയായിരിക്കണം ഭർത്താക്കന്മാർക്ക് ഭാര്യമാരോടു ഉണ്ടായിരിക്കേണ്ടത്. മനുഷ്യന്റെ ഉൽകൃഷ്ടമായ സ്വഭാവങ്ങളുടേയും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റേയും ആദ്യത്തെ സാക്ഷി ഈ ഭാര്യമാർ തന്നെയാണ്. ഇവരുമായി ഭർത്താക്കന്മാരുടെ ബന്ധം നല്ലതല്ലെങ്കിൽ പിന്നെ അല്ലാഹുവുമായി ഐക്യപ്പെടാൻ എങ്ങനെയാണ് സാധിക്കന്നത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു:പിന്നീട് വരുന്നത് പിതാവെന്ന നിലയിലുള്ള ഭർത്താക്കന്മാരുടെ ഉത്തരവാദിത്തമാണ്. അതും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾക്ക് ശിക്ഷണം നല്കേണ്ടത് മാതാക്കളുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്. ഒരു പ്രായംവരെ കുട്ടിയുടെ സമയം മാതാവുമായിട്ടാണ് കഴിയുന്നതെന്നതിൽ സംശയമില്ല. തീരെ ചെറുപ്രായത്തിൽ കുട്ടിയ്ക്ക് നല്കുന്ന മാതാവിന്റെ തർബിയ്യത്ത് സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. പക്ഷേ, ഇതുകൊണ്ട് ഭർത്താവ് തന്റെ നിർബന്ധ കടമകൾ നിറവേറ്റുന്നതിൽനിന്ന് മുക്തനാകുന്നില്ല. പിതാക്കന്മാരും കുട്ടികളുടെ തർബിയ്യത്തിൽ തങ്ങളുടേതായ പങ്കുവഹിക്കേണ്ടതാണ്. പ്രത്യേകിച്ചും ആൺകുട്ടികൾ ഏഴെട്ടു വയസ്സ് പ്രായമായതിനുശേഷം അവർ പിതാക്കന്മാരുടെ ശ്രദ്ധയ്ക്കും ദൃഷ്ടിയ്ക്കും ആശ്രിതരാണ്. ഇല്ലെങ്കിൽ പ്രത്യേകിച്ചും ഈ പാശ്ചാത്യ ചുറ്റുപാടിൽ കുട്ടികൾ വഴിതെറ്റിപോകാൻ കൂടുതൽ സാധ്യതയാണുള്ളത്. പിതാക്കന്മാർ കുട്ടികളെ, അവരുടെ സ്വഭാവം നല്ലതായിത്തീരുന്നതിന് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതോടൊപ്പം അവർ ചുറ്റുപാടിന്റെ ദുസ്സാധീനങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതിന് അവരുടെമേൽ സൂക്ഷ്മമായ ദൃഷ്ടിവെക്കേണ്ട ആവശ്യവുമുണ്ട്. പിന്നീട് കുട്ടികളുടെ തർബിയ്യത്തിലേക്ക് കർമപരമായി ശ്രദ്ധിക്കുന്നതോടൊപ്പം അവർക്കുവേണ്ടി ദുആകൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതും പിതാക്കന്മാരുടെ ഉത്തരവാദിത്തമാണ്. ഇതും അത്യാവശ്യമായ കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഹിദായത്തും (സന്മാർഗം നല്കലും) തർബിയ്യത്തും(ശിക്ഷണം നൽകലും)യഥാർഥത്തിൽ അല്ലാഹുവിന്റെ കർമമാണ്. കാർക്കശ്യത്തോടെ പിന്നാലെ കൂടുകയും ഒരു കാര്യത്തിൽ അതിരുകടന്ന് നിർബന്ധം ചെലുത്തലും നമ്മൾതന്നെയാണ് ഹിദായത്തിന്റെ ഉടമസ്ഥനെന്നാണ് പ്രകടിപ്പിക്കുന്നത്. നമ്മൾ അവനെ നമ്മുടെ ഇഷ്ടമനുസരിച്ച് ഒരു വഴിയിൽ കൊണ്ടുവരുമെന്നാണ്. ഇതു ഒരുതരത്തിലുള്ള മറഞ്ഞിരിക്കുന്ന ശിർക്കാണ്. ഇതിൽനിന്ന് നമ്മുടെ ജമാഅത്ത് വിട്ടു നില്ക്കേണ്ടതാണ്. പറഞ്ഞു: നാം നമ്മുടെ കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുന്നു. ഉപരിപ്ലവമായ നിലയിൽ അധ്യാപനത്തിന്റെ നിയമങ്ങൾക്കും മര്യാദകൾക്കും വിധേയരാക്കി വളർത്തുന്നു. ഇതിനെക്കാൾ കൂടുതലില്ല. പിന്നീട് പൂർണമായും അല്ലാഹുവിൽ വിശ്വസിക്കുന്നു. ആരിലെങ്കിലും സൗഭാഗ്യത്തിന്റെ ബീജമുണ്ടെങ്കിൽ സമയം വരുമ്പോൾ അത് ഹരിതാഭമാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:ചിലയാളുകൾ ധരിക്കുന്നത് കുട്ടികൾക്കുവേണ്ടി കുറച്ച് സമ്പത്ത് ഉപേക്ഷിച്ചുപോകണമെന്നാണ്. ഞാൻ അത്ഭുതപ്പെടുകയാണ്. സമ്പത്ത് ഉപേക്ഷിച്ചുപോകണമെന്ന വിചാരം അവർക്കുണ്ടാകുന്നു. പക്ഷേ, സന്താനങ്ങൾ സ്വാലിഹായിരിക്കണമെന്ന വിചാരം അവർക്കുണ്ടാകുന്നില്ല. അതായത് ദുർനടത്തനും ദുസ്സ്വഭാവിയും ആകാതെ സ്വാലിഹും നല്ലവനുമാകണമെന്ന ചിന്ത അവർക്കുണ്ടാകുന്നില്ല. എന്നല്ല, അതിന്റെ തോന്നൽപോലുമില്ല. അത് ഗൗനിക്കുന്നതുമില്ല. അല്ലാഹു പറയുന്നു: **വഹുവ യത്തവല്ലസ്സാലിഹീൻ** അതായത് അല്ലാഹു തന്റെ സ്വാലിഹീംകളുടെ സംരക്ഷകനും ജാമ്യക്കാരുനുമാകുന്നു. ദുർന്നടപ്പുകാരനാണെങ്കിൽ ലക്ഷക്കണക്കിന് രൂപ അവനുവേണ്ടി ഉപേക്ഷിച്ചുപോയാലും അവൻ അത് അസാന്മാർഗിക പ്രവൃത്തികളിൽ നശിപ്പിച്ച് പിന്നീട് ദരിദ്രനായിത്തീരും. അവനു തീർച്ചയായും വന്നെത്തേണ്ടതായ വിപത്തുകളിലും ബുദ്ധുമുട്ടുകളിലും പതിക്കുന്നതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: പിതാക്കന്മാരോടു തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുകയും അവർക്കുവേണ്ടി ദുആ ഇരക്കുകയും ചെയ്യുക എന്ന് ഇസ്‌ലാം പറയുന്നതോടൊപ്പം കുട്ടികളോടും അത് കല്പിക്കുന്നത് നിങ്ങൾക്കും കുറച്ച് കടമകളുണ്ടെന്നാണ്. നിങ്ങൾ പ്രായപൂർത്തിയാകുമ്പോൾ മാതാപിതാക്കളോടും നിങ്ങൾ കുറച്ചു കടമകൾ നിറവേറ്റേണ്ടതാണ്. ഇത് രക്തബന്ധങ്ങളുടെ അവകാശങ്ങളുടെ കണ്ണികളാണ്. ഇത് ഒന്ന് മറ്റൊന്നുമായി ചേർക്കുമ്പോൾ സമാധാനഭരിതമായ സമൂഹം ഉണ്ടാകുന്നതാണ്. മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റുക എന്നത് എത്രവലിയ ഉത്തരവാദിത്തമാണ്. അതിന് എത്രവലിയ പ്രാധാന്യമാണുള്ളത്. ഇതിനെക്കുറിച്ചുള്ള ഗ്രാഹ്യം എല്ലാ സത്യവിശ്വാസികൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഒരു ആൺകുട്ടി പ്രായപൂർത്തിയാകുമ്പോൾ അവൻ ഏതുരീതിയിലാണ് മാതാപിതാക്കളോടുള്ള കടമ നിറവേറ്റേണ്ടത്. ഇക്കാര്യം മനസ്സിലാക്കിത്തന്നുകൊണ്ട് നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു, ഒരാൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ താൻ ജിഹാദിനു പോകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. നിന്റെ മാതാവും പിതാവും ജിവിച്ചിരിപ്പുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. ഉണ്ടെന്ന് അയാൾ പറഞ്ഞു. എന്നാൽ, അവർക്കു രണ്ടുപേർക്കും നീ സേവനം ചെയ്യുക, ഇതാണ് നിന്റെ ജിഹാദെന്ന് അവിടന്ന്

അരുൾച്ചെയ്തു.

ഒരു സ്വഹാബി പറയുന്നു:ഞങ്ങൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. ബനീ സൽമക്കാരനായ ഒരാൾ ഹാജരായി. അയാൾ ചോദിച്ചു യാ റസൂലല്ലാഹ്!മാതാപിതാക്കൾ വഫാത്തായതിനുശേഷം അവർക്കുവേണ്ടി ചെയ്യാൻപറ്റുന്നതായ വല്ല നന്മയുമുണ്ടോ? അവിടന്ന് പറഞ്ഞു:എന്തുകൊണ്ടില്ല. താങ്കൾ അവർക്കുവേണ്ടി ദുആകൾ ചെയ്യുക. അവർക്കുവേണ്ടി പാപപൊറുതി തേടുക. അവർ എന്തെങ്കിലും വാഗ്ദാനം ആരോടെങ്കിലും ചെയ്തു വച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തിയാക്കുക. അവരുടെ ജീവിത കാലത്ത് അവർ തങ്ങളുടെ ബന്ധുമിത്രാദികളോടു കുടുംബബന്ധം പുലർത്തുകയും നല്ല രീതിയിൽ പെരുമാറുകയും ചെയ്തിരുന്നതുപോലെ താങ്കളും പെരുമാറുക. അവരുടെ സുഹൃത്തുക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു:വിവാഹങ്ങൾക്കുശേഷം പ്രത്യേകമായ നിലയിൽ ഈ നിർബന്ധ കാര്യങ്ങളിലേക്ക് ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. മനുഷ്യൻ വിവേകത്തോടുകൂടി ഭാര്യയോടുള്ള നിർബന്ധ കടമകൾ നിറവേറ്റുകയും മാതാപിതാക്കൾക്ക് സേവനം ചെയ്യുകയും ഭർതൃപിതാവിനും ഭർതൃമാതാവിനുമുള്ള പ്രാധാന്യമെന്താണെന്ന് ഭാര്യയ്ക്കും പറഞ്ഞുകൊടുക്കുകയും സ്വയം തന്നെയും തന്റെ ഭാര്യാപിതാവിനും ഭാര്യാമാതാവിനും സേവനം ചെയ്യുകയും അതിന്റെ പ്രാധാന്യമെന്താണെന്ന് അറിയുകയും ചെയ്യുകയാണെങ്കിൽ വല്ലപ്പോഴും വീടുകളിൽ ഉണ്ടാകുന്ന വഴക്കുപോലും ഒരിക്കലും ഉണ്ടാകുകയില്ല. ചിലപ്പോൾ ദീനീപരമായ ഭിന്നത കാരണത്താൽ പിതാവും മക്കളും തമ്മിൽ ഭിന്നിപ്പുണ്ടാകുന്നു. ഈ പരിതഃസ്ഥിതിയിൽ മക്കൾ പിതാക്കന്മാരോടു നല്ല രീതിയിൽ പെരുമാറുകയും അവർക്ക് സേവനം ചെയ്യുകയും ചെയ്യേണ്ടതുണ്ടോ എന്ന് ചില പുതു ബയ്അത്തുകാർ ഇപ്പോഴും ചോദിക്കാറുണ്ട്. ഇതിന്റെ വിശദമായ മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയിട്ടുണ്ട്. ഒരാൾ ചോദിച്ചു:യാ ഹദ്റത്ത്!മാതാപിതാക്കളെ സേവിക്കുന്നതും അവരെ അനുസരിക്കുന്നതും അല്ലാഹു മനുഷ്യനു നിർബന്ധമാക്കിയിരിക്കുന്നു. എന്നാൽ, എന്റെ മാതാപിതാക്കൾ ഹുദൂറിന് ഞാൻ ബയ്അത്തുചെയ്ത കാരണത്താൽ എന്നെ കഠിനമായി വെറുക്കുന്നു. എന്റെ രൂപംപോലും കാണുന്നത് ഇഷ്ടപ്പെടുന്നില്ല. ഞാൻ ഹുദൂറിന് ബയ്അത്തു ചെയ്യുന്നതിനു വേണ്ടി വരാൻ പോകുമ്പോൾ, ഇനിമേൽ ഞങ്ങളുമായി എഴുത്തുകുത്തുകൾപോലും നടത്തരുതെന്നും ഇനി നിന്റെ രൂപം തന്നെ കാണുന്നത് തങ്ങൾ ഇഷ്ടപെടുന്നില്ലെന്നും അവർ എന്നോടു പറഞ്ഞു. അപ്പോൾ എങ്ങനെയാണ് എനിക്ക് അല്ലാഹു നിർബന്ധമാക്കിയ ഇക്കാര്യം നിറവേറ്റാൻ കഴിയുക.

അവിടന്ന് പറഞ്ഞു: വിശുദ്ധ ഖുർആൻ മാതാപിതാക്കളെ അനുസരിക്കാനും അവരെ സേവിക്കാനും കല്പിക്കുന്നതിനോടൊപ്പം **റബ്ബുക്കും അഅ്ലമു ബിമാ ഫീ നുഫൂസിക്കും ഇൻ തകൂനൂ സ്വാലിഹീന ഫ ഇന്നഹൂ കാന ലിൽഅവ്വാബീന ഗഫൂറാ** എന്നും പറയുന്നുണ്ട്. നിങ്ങളുടെ മനസ്സിലുള്ളതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ട്. നിങ്ങൾ സ്വാലിഹാണെങ്കിൽ അവൻ തന്നിലേക്ക് കുനിയുന്നവർക്ക് പാപം പൊറുത്തുകൊടുക്കുന്നവനാണ്. സ്വഹാബ രിള് വാനുല്ലാഹി അലയ്ഹിമിനും അത്തരം ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ദീനീപരമായ നിർബന്ധങ്ങൾ കാരണത്താൽ അവർക്ക് അവരുടെ മാതാപിതാക്കളിൽനിന്ന് വേർപെടേണ്ടിവന്നു. എന്തായാലും താങ്കൾ താങ്കളുടേതായ രീതിയിൽ അവരുടെ ക്ഷേമങ്ങളും വിവരങ്ങളും അന്വേഷിക്കുന്നതിന് എപ്പോഴും തയ്യാറായിരിക്കുക. എപ്പോഴെങ്കിലും അവസരംകിട്ടിയാൽ അത് കൈവിട്ടു കളയരുത്. താങ്കളുടെ നിയ്യത്തിന്റെ പ്രതിഫലം താങ്കൾക്കു കിട്ടുന്നതാണ്. കേവലം ദീൻ കാരണത്താൽ, അല്ലാഹുവിന്റെ ഇഷ്ടത്തിനുമുൻഗണന നല്കുന്നതിന് മാതാപിതാക്കളിൽനിന്ന് വേർപെടേണ്ടി വന്നെങ്കിൽ അതൊരു നിർബന്ധിതാവസ്ഥയാണ്. സ്വന്തമായ നിലയിൽ മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുക. അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. നിയ്യത്ത് ശരിയായിരിക്കേണ്ടതാണ്.

മാതാപിതാക്കളോടുള കടമ എങ്ങനെയാണ് തങ്ങൾ നിറവേറ്റേണ്ടതെന്ന് ധാരാളമാളുകൾ ഇന്നും ചോദിക്കാറുണ്ട്. അത്തരം അവസ്ഥകളിൽ അവർക്ക് ഈ മറുപടി മതിയായതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു:എന്തായാലും ഒരു പുരുഷന് വിവിധ നിലകളിലുള്ള ഉത്തരവാദിത്തങ്ങളുണ്ട്. അത് നിറവേറ്റാൻ അവർ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ വീടുകളെ എപ്പോഴും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം നിലനില്ക്കുന്ന മാതൃകകളാക്കിത്തീർക്കേണ്ടതാണ്. ഒരു പുരുഷൻ ഭർത്താവുമാണ്, പിതാവുമാണ്, മകനുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കേണ്ടതാണ്. പുരുഷന്മാരുടേതായി ഇതു കൂടാതേയും ഒരുപാട് നിലകളുണ്ട്. പക്ഷേ, അതിൽ മൂന്നു നിലകളാണ് ഞാൻ വിവരിച്ചത്. വീടിന്റെ അടിസ്ഥാനപരമായ ഐക്യത്തെ സമൂഹത്തിന്റെ സമാധാനത്തിനുള്ള ജാമ്യക്കാരനാക്കിത്തീർക്കാൻ കഴിയുന്നത് ഈ അടിസ്ഥാനപരമായ ഐക്യത്തിൽ സമാധാനം സ്ഥാപിതമാകുകയും അതിൽ കൂടുതലായി സൗന്ദര്യം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

# സ്നേഹം എന്ന വികാരം

ഔചിത്യ ബോധത്തോടെ പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് സ്നേഹം എന്ന സഹജ വികാരം ഒരു ധാർമിക ഗുണമായി മാറുന്നത്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

സ്നേഹം മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും പൊതുവായുള്ളതാണ്. സ്നേഹത്തിന്റെ എതിരായിട്ടുള്ളത് വെറുപ്പാണല്ലോ. പ്രകൃതിദത്തമായ ഈ രണ്ടു വികാരങ്ങളും ധാർമിക ഗുണമായി മാറ്റുകയാണ് ആവശ്യം. നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കുവാനും എല്ലാറ്റിനേയും വെറുക്കാനും സാദ്ധ്യമല്ല. എന്നാൽ ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ നിയന്ത്രണങ്ങളും പരിധി നിശ്ചയങ്ങളും ആവശ്യമാണ്.

നമുക്ക് ആവശ്യമായിട്ടുള്ള വസ്തുക്കളെ, അല്ലെങ്കിൽ നമുക്ക് ആശ്വാസം നൽകുകയോ, നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ആനന്ദം നൽകുകയോ ചെയ്യുന്ന വസ്തുക്കളെ നാം സ്നേഹിക്കുന്നു. ഇത് നന്മയൊന്നുമല്ല. എന്തെന്നാൽ ഈ സ്നേഹ വികാരം ജന്തുക്കൾക്കു സഹജമായിട്ടുള്ളതാണ്. സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നത് മൂന്നു വിധത്തിലാണ്. ഒന്ന് ശരിയായ അനുപാതത്തിൽ പ്രകടിപ്പിക്കപ്പെടുമ്പോൾ. അതായത് ഒരാൾ മറ്റൊരാളേക്കാൾ കുടുതൽ സ്നേഹിക്കപ്പെടുന്നതിന് അർഹനാണെങ്കിൽ അയാൾക്കത് ലഭിക്കുമാറാകണം. രണ്ട് ഭാവിയിൽ ലഭിക്കുന്ന ഗുണഫലങ്ങളിലുള്ള പ്രത്യാശയുടെ അടിസ്ഥാനത്തിൽ. പ്രകടിപ്പിക്കപ്പെടുന്നതിനേക്കാൾ മുമ്പ് ലഭിച്ചിട്ടുള്ള ഗുണഫലങ്ങൾക്കുള്ള നന്ദി ഭാവത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുമ്പോൾ. ആദ്യത്തേതു സ്വാർഥ ലാഭേച്ഛയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കിൽ രണ്ടാമത്തേത് ബാദ്ധ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. മൂന്ന് ഉടൻ ലഭിക്കുന്ന ഗുണഫലത്തെയല്ലാതെ വിദൂര ഭാവിയിൽ ലഭിക്കാനിരിക്കുന്ന ഗുണഫലത്തെ അടിസ്ഥാനമാക്കിയുള്ളതാകുമ്പോൾ. ഈ നിലകളിൽ സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നു. ഈ മൂന്നു നിയന്ത്രണങ്ങൾക്കും വിധേയമായി സ്നേഹ വികാരം ഒരു സഹജ വികാരം മാത്രമല്ലാതെ ഒരു ഉത്തമ ധാർമിക ഗുണമായിമാറുന്നു.

ഈ മൂന്നു നിബന്ധനകളും വിശുദ്ധ ഖുർആൻ നിർദേശിച്ചിട്ടുള്ളതാണ്. ഖുർആൻ പറയുന്നു:

***നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ഭർത്താക്കന്മാരും നിങ്ങളുടെ ഉറ്റവരും നിങ്ങൾ സമ്പാദിച്ച് വെച്ച മുതലുകളും, മോശമാകുമെന്ന് നിങ്ങൾ പേടിച്ചുകഴിയുന്ന നിങ്ങളുടെ വാസസ്ഥലങ്ങളും രമ്യഹർമങ്ങളും അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും ദൈവമാർഗത്തിലുള്ള പ്രയത്നങ്ങളെക്കാളും നിങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ളതാണെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവ വിധിയെ കാത്തിരുന്നുകൊൾക.! തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നില്ല. (9:24)***

നമ്മുടെ സ്നേഹം, അർഹിക്കുന്നവരോട് പുലർത്തേണ്ട സ്നേഹത്തിന്റെ അനുപാതമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. സ്നേഹം എന്ന സഹജ വികാരത്തെ ഒരു ധാർമിക ഗുണമാക്കിമാറ്റണമെങ്കിൽ നമ്മുടെ സ്നേഹം നിശ്ചിതമായ അനുപാതത്തിലുള്ളതായിരിക്കണം. ഒരോരുത്തരുടേയും പദവികളും നിലയും അനുസരിച്ചുള്ളതായിരിക്കണം, മാതാപിതാക്കന്മാരെയും ഭാര്യമാരെയും അവരെനിലക്കൊത്തും സ്നേഹിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത പക്ഷം സ്നേഹം വെറുമൊരു വികാര പ്രകടനം മാത്രമായിരിക്കും. ഉദാഹരണമായി ഭാര്യക്ക് വേണ്ടി ഒരാൾ മാതാപിതാക്കന്മാരെ കൈവെടിയുകയാണെങ്കിൽ, സ്വന്തം മുതലുകൾ സംരക്ഷിക്കാതിരിക്കാനായി ജന്മനാടിന്റെ വിളി കേൾക്കാതിരിക്കുകയാണെങ്കിൽ അത്തരമൊരാൾ സ്നേഹിക്കുന്നു എന്നത് കൊണ്ട് മാത്രം നല്ലവനായി കരുതാവുന്നതല്ല തന്നെ. എന്നാൽ അത് യുക്തിയും വിവേകവും മൂലം നിയന്ത്രിച്ചിട്ടില്ലായെങ്കിൽ ഒരു ധാർമിക ഗുണമാകുന്നില്ല.

രണ്ടാമത്തെ നിബന്ധന ഒരാൾ ഇപ്പോൾ അനുഭവിക്കുന്ന ഗുണഫലങ്ങളെയോ, ഭാവിയിൽ

അനുഭവിക്കാനിരിക്കുന്ന ഗുണഫലങ്ങളെയോ പരിഗണിച്ചു കൊണ്ടിരിക്കുന്ന സ്നേഹമാണ്. അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുണഫലങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ടുകഴിഞ്ഞ ഗുണഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്നേഹ പ്രകടനമാണ് ഉത്തമ ധർമം. ഈ നിബന്ധന വെച്ചു നോക്കിയാൽ മക്കളോടുള്ള സ്നേഹം കേവലം ഒരു സഹജ വികാരവും മാതാപിതാക്കളോടുള്ള സ്നേഹം ഒരു ധാർമിക ഗുണമാണെന്നും കാണാം. മാതാപിതാക്കന്മാർക്ക് മക്കളോടുള്ള സ്നേഹം തലമുറ നിലനിർത്താനുള്ള സഹജ പ്രേരണയുടെ പ്രകടനമാകുന്നു. മാതാപിതാക്കൾ മക്കളോടു അനുവർത്തിക്കാൻ പ്രകൃതി നിശ്ചയിച്ച ധർമങ്ങൾ അവ മുമ്പു തന്നെ നിർവഹിച്ചു കഴിഞ്ഞിരിക്കയാൽ അവരുടെയാ വികാരം പ്രയോജനമില്ലാത്തതാണ്. എന്നാൽ മാതാപിതാക്കളോട് ഒരു പുത്രന്‍ കാണിക്കേണ്ട സ്നേഹാദരം ഒരു ധാർമിക ഗുണമാകുന്നു. മാതാപിതാക്കളിൽ നിന്ന് തന്റെ ശൈശവത്തിലും ബാല്യത്തിലും, ലഭിച്ചുകഴിഞ്ഞ ഉപകാരത്തിന്റെ സ്മരണ എന്ന നിലയിൽ അവർ കാണിച്ച സ്നേഹവായ്പിന് പകരമായി അവരോടും സ്നേഹാദരങ്ങൾ കാണിക്കുകയും തന്റേതായ എല്ലാം സംത്യജിച്ചും അവർക്ക് എല്ലാ സുഖങ്ങളും ആശ്വാസങ്ങളും ഒരുക്കുവാൻ ഒരുങ്ങുകയും ആണ് അവർ ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് **'സ്വർഗം മാതാവിന്റെ കാലിനടിയിലാണ് '** എന്ന് ഇസ്‌ലാം പറയുന്നത്. സ്വർഗം മക്കളുടെ കാലിനടിയിലാണെന്ന് പറഞ്ഞില്ല. ബുദ്ധിയുള്ള ഏതൊരാളും മക്കളെ സ്വാഭാവികമായും സ്നേഹിക്കും. എന്നാൽ എല്ലാവരും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവികമായും സ്നേഹിക്കണമെന്നില്ല. മറിച്ച് സ്വന്തം മക്കളുടെ നിസ്സാര കാര്യങ്ങളെ മുൻനിർത്തി മാതാപിതാക്കന്മാരെ കയ്യൊഴിച്ചതിലേക്കു എത്രയോ ഉദാഹരണങ്ങൾ എടുത്തു കാണിക്കാനാവും. ഇത് ഉത്തമ ധാർമിക ഗുണമാണെന്ന് ആരെങ്കിലും പറയുമോ?

സ്നേഹം ഒരു സഹജ വികാരമെന്ന നിലയിൽ ധാർമിക ഗുണമായി മാറുന്നതിനാവശ്യമായ മൂന്നാമത്തെ ഉപാധി ഉടനെ ലഭിക്കുന്ന ഗുണഫലത്തെയും സുഖാനുഭുതിയേയും മാത്രമല്ലാതെ വിദൂര ഭാവിയിലെ ഗുണ ഫലത്തെ ആശ്രയിച്ചിരിക്കണം അതെന്നതാണ്. ഒരാൾ ഒരു വസ്തുവിനെ സ്നേഹിക്കുന്നു എന്നു കരുതുക. ആ സ്നേഹം അയാളുടെ മത വിശ്വാസത്തെയോ ധാർമികതയേയോ പ്രത്യക്ഷത്തിൽ അപകടപ്പെടുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ആ സ്നേഹം വെറുമൊരു സ്വാഭാവിക വികാരമല്ലാതെ ധാർമിക ഗുണമാകുന്നില്ല. എന്തെന്നാൽ അങ്ങനെയുള്ള സ്നേഹത്തിന്റെ അനിവാര്യ ഫലം നല്ലതല്ല ചീത്ത തന്നെയായിരിക്കും. മറ്റൊരുദാഹരണം ഒരു മാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റുകുറ്റങ്ങളെ ആസ്പദമാക്കി ശാസിക്കുവാൻ ഒരുങ്ങുന്നില്ലെന്ന് വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാര പ്രകടനമല്ലാതെ ധാർമിക ഗുണമാകുന്നില്ല. ധാർമിക ഗുണമാകണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റു തിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. കാരണം കുട്ടിയുടെ യഥാർഥ നന്മ ആ ഘട്ടത്തിൽ അവനെ ശാസിക്കുന്നതിലാണ്. താലോലിക്കുന്നതില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന പാഠമിതാണ്: **'അല്ലയോ വിശ്വാസികളേ യഥാർഥമായ സ്നേഹം ഇതാണ് നിങ്ങൾ നിങ്ങളെ തന്നെയും നിങ്ങളുടെ ഭാര്യാമക്കളെയും നാശത്തിൽ നിന്ന് രക്ഷിക്കുവീൻ! '(66:7)**

## ദുആയുടെ നിയമം

ദുആക്ക് വേണ്ടി നിയമമുണ്ട്. ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞതാണിത്. അല്ലാഹു ചിലപ്പോൾ അവനുദ്ദേശിച്ച കാര്യം സത്യവിശ്വാസിയെകൊണ്ട് അനുസരിപ്പിക്കുന്നു. ഇടയ്ക്ക് സത്യവിശ്വാസി പറയുന്ന കാര്യം അവൻ സ്വീകരിക്കുന്നു. അതുകൂടാതെ, നാമാണെങ്കിൽ എല്ലാം അറിയുന്നവരല്ല. നാം ആവശ്യപ്പെടുന്ന കാര്യങ്ങളുടെ അനന്തരഫലങ്ങളെ കുറിച്ചും നമുക്കറിയില്ല. അതുകൊണ്ട് ചില സമയങ്ങളിൽ മനുഷ്യൻ ആവശ്യപ്പെടുന്ന കാര്യം അവനുതന്നെ ഹാനികരമായതായിരിക്കാം. എന്നാലും ദൈവം ദുആകൾ സ്വീകരിക്കുന്നു. എന്നിട്ട് ദുആ ചെയ്യുന്നവനു ഏതൊന്നാണോ ഗുണകരമായത് അതവനു നൽകുന്നു. ഏതുപോലെയെന്നാൽ, ഒരു കൃഷിക്കാരൻ രാജാവിനോട് ഒരു മുന്തിയയിനം കുതിരയെ ആവശ്യപ്പെടുന്നു. രാജാവ് അവന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അവനു മുന്തിയ തരം കാളയെ നൽകുന്നു. അവനുവേണ്ടി ഉചിതമായിട്ടുള്ളത് അതുതന്നെയാണ്.

**– ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# ഇസ്‌ലാംമത പ്രബോധനം: രണ്ടു വിരുദ്ധ വീക്ഷണങ്ങൾ

**ഇസ്‌ലാം മതം പ്രചരിച്ചത് സംബന്ധിച്ചുള്ള മൗലാനാ മൗദൂദിയുടെ അപകടകരമായ വികല വീക്ഷണം തുറന്നു കാട്ടുന്നു.**

അനുനയത്തിന്റെ എല്ലാ രീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായി കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കയ്യിലെടുത്തു!. വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിലെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി, വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിന് ശമനമുണ്ടായി.ഉദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.

– മൗലാനാ അബുൽ അഅ്ലാ മൗദൂദി.

മുഹമ്മദ് ഒരു കൈയ്യിൽ വാളും മറുകൈയിൽ ഖുർആനുമായി ഇസ്‌ലാംമത പ്രചാരണം നടത്തി –പ്രൊഫ. വിൽഫ്രെഡ് കാൻഡ് വെൽ സ്മിത്ത്.

വിമർശകന്മാർ അന്ധമായി വിമർശിക്കുകയാണ്. മുഹമ്മദ് ചുഴറ്റിയ ഒരേയൊരു വാൾ കാരുണ്യത്തിന്റെയും കനിവിന്റെയും പൊറുമയുടെയും വാളായിരുന്നു. ആ ഖഡ്ഗം മാത്രമാണ് ശത്രുക്കളെ ജയിച്ചടക്കിയതും അവരുടെ ഹൃദയങ്ങളെ നിർമല മാക്കിയതും. ഉരുക്കു ഖഡ്ഗത്തേക്കൾ മൂർച്ചയേറിയതായിരുന്നു മുഹമ്മദ് കയ്യിലേന്തിയ ഈ വാൾ. –ജ്ഞാനേന്ദ്രദേവ് ശർമ ശാസ്ത്രി.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

വിരുദ്ധ വീക്ഷണങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. ഇസ്‌ലാമിന്റെ വിമർശകന്മാർ പ്രത്യേകിച്ച് ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാം ആക്രമണോത്സുക യുദ്ധങ്ങളിലൂടെയാണ് പ്രചരിച്ചതെന്ന് സിദ്ധാന്തിക്കുന്നു. വിശ്വാസ പരിവർത്തനം സംഭവിച്ചത് ശക്തി ഉപയോഗിച്ചത് കൊണ്ടാണെന്നാണ് അവരുടെ പക്ഷം. ചരിത്രത്തെ വസ്തുനിഷ്ഠമായി സമീപിച്ച പണ്ഡിതന്മാർ ഈ വാദഗതി വസ്തുതകൾക്ക് നിരക്കുന്നതല്ല എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രവാചകൻ (സ) ഒരിക്കലും മതം പ്രബോധിക്കാൻ ശക്തി ഉപയോഗിച്ചിട്ടില്ല. അദ്ദേഹം ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധാത്മകമായിരുന്നു. ഇസ്‌ലാമിനു വികസനമുണ്ടായത് പ്രവാചകന്റെ ധാർമികവും ആദ്ധ്യാത്മികവുമായ പ്രഭാവം

കൊണ്ടു മാത്രമാണെന്നതാണ് യാഥാർഥ്യം.

നിർഭാഗ്യകരമെന്ന് പറയട്ടെ ഇവിടെ വിസ്മയകരമായ ഒരു വൈരുദ്ധ്യം നിലനിൽക്കുന്നു. ചില മുസ്‌ലിം മതപണ്ഡിതന്മാർ തന്നെ ഇസ്‌ലാം ബലപ്രയോഗം കൊണ്ടാണ് പ്രചരിച്ചതെന്ന വീക്ഷണക്കാരാകുന്നു. ഓറിയന്റലിസ്റ്റുകളെ പോലെ തിരു പ്രവാചകരുടെ(സ) ജീവിതത്തെ മക്കാ കാലഘട്ടമെന്നും മദീനാ കാലഘട്ടമെന്നും വിഭജിക്കുന്നു. മക്കയിൽ പ്രവാചകൻ ബലഹീനനും നിസ്സാഹായനുമായിരുന്നു. അതുകൊണ്ട് അനുരഞ്ജനത്തിന്റയും സമാധാന പൂർണമായ സഹവർത്തിത്വത്തിന്റെയും സമീപനം കൈകൊണ്ടുവെന്നും മദീനയിൽ അധികാര ശക്തി കൈവന്നപ്പോൾ ഖഡ്ഗം കയ്യിലേന്തി സംഹാരാത്മകമായി ശക്തി പ്രയോഗിച്ചുവെന്നും ഇവർ സിദ്ധാന്തിക്കുന്നു. മുസ്‌ലിം പണ്ഡിതന്മാരുടെ ഈ ചിന്താധാര മുന്നോട്ടുവെച്ച ചരിത്ര വീക്ഷണമാണിത്. പ്രവാചകൻ ഇങ്ങനെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ അറേബ്യയിൽ ആത്മീയ വിപ്ലവം ഉണ്ടാവുകയോ ഇസ്‌ലാം പ്രചരിക്കുകയോ ചെയ്യുമായിരുന്നില്ല എന്ന് ഇക്കൂട്ടർ കരുതുന്നു.

ശാന്തമഹിതവും ഹൃദയവർജകവുമായ ഒരു ആദ്ധ്യാത്മിക വിപ്ലവത്തിന്റെ ഫലമായിട്ടല്ല ഇസ്‌ലാം അറേബ്യയിൽ പടർന്നു പന്തലിച്ചതെന്ന് ഈ വിഭാഗം വിശ്വസിക്കുന്നു. ഈ ചിന്താധാരയുടെ ഒരു മുഖ്യവക്താവായിരുന്നു പരേതനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. അൽ ജിഹാദു ഫിൽഇസ്‌ലാം എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു:

***'അല്ലാഹുവിന്റെ ദൂതൻ പതിമൂന്ന് വർഷക്കാലം അറബികളെ ഇസ്‌ലാം മതം സ്വീകരിക്കാൻ ക്ഷണിക്കുകയുണ്ടായി. അനുനയത്തിന്റെ എല്ലാ മാർഗങ്ങളും അദ്ദേഹം അവലംബിച്ചു. അനിഷേധ്യമായ തെളിവുകളും വാദമുഖങ്ങളും സമർപ്പിച്ചു. ഭക്തിയുടെയും ധാർമികതയുടെയും മാതൃകയായിരുന്ന തന്റെ ജീവിതം അവരുടെ മുമ്പിൽ കാഴ്ചവെച്ചു. അവരുടെ മുമ്പിൽ തന്റെ സാത്വിക ശുദ്ധിയുള്ളതും ധാർമിക ബദ്ധവുമായ ഇസ്‌ലാം മതജീവിതം തുറന്നുകാട്ടി. ചുരുക്കത്തിൽ ആകാവുന്നത്ര അവരുമായി ആശയ വിനിമയം നടത്തി. പക്ഷേ അദ്ദേഹത്തിന്റെ ജനത ഇസ്‌ലാംമതം സ്വീകരിച്ചില്ല.'***

മൗലാനാ മൗദൂദിയുടെ ഈ ഉദ്ധരണിയുടെ ശിഷ്ടഭാഗം എഴുതുമ്പോൾ എന്റെ ഹൃദയം വേദനിക്കുന്നു. എങ്കിലും ഞാനത് ഉദ്ധരിക്കട്ടെ:

***'അനുനയത്തിന്റെ എല്ലാ രീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായി കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കയ്യിലെടുത്തു!. വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിലെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി, വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിന് ശമനമുണ്ടായി. ഉദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.***

***അറേബ്യയിലും മറ്റുരാജ്യങ്ങളിലും ഇസ്‌ലാം പ്രചരിച്ചത് ത്വരിതഗതിയിലായിരുന്നു. ഒരു നൂറ്റാണ്ടുകൊണ്ട് തന്നെ ലോകത്തിന്റെ കാൽ ഭാഗം ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമിന്റെ ഖഡ്ഗം മനുഷ്യ ഹൃദയങ്ങളെ ആവരണം ചെയ്ത മറകളെ കീറിമുറിച്ചതായിരുന്നു ഈ പരിവർത്തനത്തിന് കാരണം.'***

മേൽ പറഞ്ഞ പ്രസ്താവന 'മിസാജെ ശഹ്നാസെ റസൂൽ' (പ്രവാചകന്റെ അന്തർഗതമറിഞ്ഞയാൾ) എന്ന് അവകാശപ്പെട്ട ഒരു മുസ്‌ലിം പണ്ഡിതന്റേതാണ് എന്നതാണ് ഏറെ നിർഭാഗ്യകരം. വാക്കിലും പ്രവർത്തിയിലും തിരുനബി(സ)യോട് പൂർണമായും പൊരുത്തമുള്ളയാൾ എന്ന് അവകാശപ്പെട്ട ഈ പണ്ഡിതമ്മന്യൻ പ്രവാചകന്റെ വാക്കും പ്രവൃത്തിയും വ്യാഖ്യാനിക്കാൻ അധികാരമുള്ളയാൾ എന്ന് സ്വയം കരുതുന്നു. മൗലാനാ മൗദൂദിയുടെ അവകാശവാദം നാം അംഗീകരിക്കുകയാണെങ്കിൽ ദൈവ വചനങ്ങൾ പ്രവാചകൻ (സ) മനസ്സിലാക്കിയതിനെക്കാൾ കൂടുതലായി മൗലാനാ മനസ്സിലാക്കിയെന്ന് സമ്മതിക്കേണ്ടിവരും. മാത്രമല്ല ഏറ്റവും ശരിയായി ദൈവവചനത്തിന്റെ പൊരുളറിഞ്ഞയാൾ എന്ന നിലക്ക് പ്രവാചകനേക്കാൾ കൂടുതലായി ദൈവത്തെ പ്രതിനിധാനം ചെയ്യാനുള്ള മൗദൂദി സാഹിബിന്റെ അവകാശവാദത്തെ നാം അനുവദിച്ചു കൊടുക്കേണ്ടി വരികയും ചെയ്യും. ദൈവവചനത്തിന്റെ പൊരുളറിഞ്ഞ മൗലാനയുടെ ഇസ്‌ലാമിക സങ്കൽപ്പങ്ങൾ ഈ വിധത്തിലാണെങ്കിൽ തീർച്ചയായും വാക്കുകൾ കൊണ്ട് വിവരിക്കാൻ കഴിയാത്ത ഒരു ദുരന്തമാണ് അതെന്ന് പറയാതെ വയ്യ. ഇസ്‌ലാമിന്റെ കൊടിയ ശത്രുക്കൾ ഉയർത്തുന്ന അടിസ്ഥാനരഹിതമായ ദുരാരോപണം തന്നെയാണ് ഇവിടെ മൗലാനാ മൗദൂദിയും ഉയർത്തുന്നതും നിരന്തരം ആവർത്തിക്കുന്നതും. തിരുനബി(സ) ബലം പ്രയോഗിച്ചാണ് ജനങ്ങളെ ഇസ്‌ലാമിലേക്ക് മാർഗം ചേർത്തത് എന്നത് പക്ഷപാതിത്വമുള്ള ഓറിയന്റലിസ്റ്റുകളുടെ ആരോപണമാണ്. മൗലാനാ മൗദൂദിയുടെ ദർശന വികൽപ്പങ്ങൾ ഇസ്‌ലാമിന്റെ മഹത്വം ഘോഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ തലതിരിഞ്ഞ ഇത്തരം വീക്ഷണങ്ങൾ ഇസ്‌ലാമിന്റെ പാശ്ചാത്യ വിമർശകരുടെ ദുരാരോപണത്തിന് സാധൂകരണമായിപ്പോവുന്നു. ആർ. ഡോസി പറയുകയുണ്ടായി:

***'മുഹമ്മദിന്റെ പട്ടാള ജനറൽമാർ ഒരു കൈയിൽ ഖുർ***

***ആനും മറുകൈയിൽ ഖഡ്ഗവും പിടിച്ചാണ് ഇസ്‌ലാംമത പ്രബോധനം നടത്തിയത്'*** എന്ന്. സ്മിത്ത് എന്ന മറ്റൊരു ഓറിയന്റലിസ്റ്റിന്റെ അഭിപ്രായത്തിൽ 'ജനറൽമാരല്ല പ്രവാചകൻ തന്നെയും ഒരു കൈയിൽ വാളും മറുകൈയിൽ ഖുർആനും ഏന്തിയാണ് പ്രബോധനം നടത്തിയത്' എന്നാണ്. ജോർജ് സെയിൽ എഴുതുകയാണ്:

'അനുയായികൾ വർധിച്ചപ്പോൾ അവിശ്വാസികളെ ആക്രമിക്കാനും അതുവഴി ബിംബാരാധന നശിപ്പിക്കാനും സത്യമതം സ്ഥാപിക്കാനും ദൈവം തനിക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് പ്രവാചകൻ അവകാശപ്പെട്ടു.'

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ ഡോ. സി.ജി. ഫാന്തർ എന്ന ക്രിസ്ത്യൻ മിഷണറി ഇസ്‌ലാമിന്റെ പ്രവാചകൻ വ്യാജനാണെന്ന് വരുത്തിത്തീർക്കാൻ വിവാദപരമായ ലഘുലേഖകൾ എഴുതിക്കൊണ്ട് പ്രകോപനം സൃഷ്ടിക്കുകയും സജീവമായ മതപ്രചാരണം നടത്തുകയുമുണ്ടായി. തിരുമേനി(സ)യെ പറ്റി False Prophet of Islam (ഇസ്‌ലാമിന്റെ വ്യാജ പ്രവാചകൻ) എന്ന അദ്ദേഹത്തിന്റെ കൃതി വമ്പിച്ച കോലാഹലങ്ങൾക്ക് കാരണമായി. അത്തരമൊരു ലഘുലേഖയുടെ ആമുഖത്തിൽ ഡോ.ഫാന്തർ ഇപ്രകാരം എഴുതിയിരിക്കുന്നതായി കാണാം:

1. 13 കൊല്ലം മുഹമ്മദ് അദ്ദേഹത്തിന്റെ പുതിയ മതം അനുരഞ്ജനത്തിന്റെയും സഹനത്തിന്റെയും മാർഗത്തിൽ പ്രബോധിച്ചു.

2. ഇപ്പേൾ (മദീനയിൽ) അദ്ദേഹം 'അന്നബിയ്യു ബി സൈഫ്' (വാളേന്തിയ പ്രവാചകൻ) ആയി മാറി. അതിൽ പിന്നെ ഇസ്‌ലാമിന്റെ ഏറ്റവും വലിയ പ്രചാരണായുധം വാളായി മാറി.

3. നാം മുഹമ്മദിന്റെ അനുയായികളുടെ പെരുമാറ്റം പഠിക്കുകയാണെങ്കിൽ ഒരു കാര്യം മനസ്സിലാകും ഒരു മതത്തെയോ ഒരു ധർമ സംഹിതയെയോ പിന്തുടരുക എന്നത് അവരെ സംബന്ധിച്ചിടത്തോളം നിർബന്ധമുള്ള കാര്യമല്ല. ദൈവം അവരോട് ആവശ്യപ്പെടുന്നത് ഒന്നുമാത്രം. ദൈവത്തിനു വേണ്ടി പൊരുതുക. അതായത് വാൾ, അമ്പ്, കഠാരി, കൃപാണം എന്നീ ആയുധങ്ങൾ ഉപയോഗിച്ച് കൊണ്ട് ഒടുങ്ങാത്ത മനുഷ്യഹത്യ തന്നെ.

ഈ ഉദ്ഘാതത്തിനു ശേഷം ഡോ.ഫാന്തർ ഉപസംഹരിക്കുന്നത് കാണുക. 'നിങ്ങൾ ഇവരിൽ രണ്ടുപേരിലൊരാളെ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വചനമായ യേശുവിനെയോ അബ്ദുല്ലായുടെ മകനായ ഹദ്റത്ത് മുഹമ്മദിനെയോ. തന്റെ ആയുഷ്കാലം സാത്വികമായ ജീവിതത്തിന്നു വേണ്ടി സമർപ്പിച്ച ഒരാളെയോ അതല്ല വാളിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരാളെയോ.

അലോയ് സ്പ്രേംഗർ (Aloy Spranger), ഹെൻട്രി കോപേ (Hentry Copey) മുതലായ ഇസ്‌ലാമിന്റ നിരവധി വിമർശകർ ഇസ്‌ലാമിനെയും പ്രവാചകനെയും നിന്ദിക്കാൻ മേൽ പറഞ്ഞ രീതിയാണ് അവലംബിച്ചത്. വാഷിങ്ങ്ടൺ ഇർവിംങ്ങ് (Washinton Irving) ഒരടികൂടി മുന്നോട്ട് പോയി. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പുറം ചട്ടയിൽ ഒരു കൈയ്യിൽ ഖുർആനും മറുകൈയ്യിൽ വാളുമായി നിൽക്കുന്ന പ്രവാചകന്റെ ഭാവനാ ചിത്രം വരച്ചുവെക്കുകയുണ്ടായി.

മുകളിലുദ്ധരിച്ച വിമർശനങ്ങളും മൗലാനാ മൗദൂദിയുടെ 'അൽ ജിഹാദു ഫിൽ ഇസ്‌ലാം' എന്ന കൃതിയിൽ ഉദ്ധരിച്ച ഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ പ്രവാചകന്റെ വിമർശകന്മാർ മൗദൂദി സാഹിബുമായി യോജിച്ച് പോകുന്നതായി കാണാം. ഇസ്‌ലാമിന്റെ വിമർശകന്മാരായ ഓറിയന്റലിസ്റ്റുകളും മൗലാനാ മൗദൂദിയും ഇസ്‌ലാമിനു കലാപത്തിന്റെ മുഖമുണ്ടായിരുന്നു എന്ന അഭിപ്രായത്തിൽ യോജിക്കുന്നു. ഈ വിശ്വാസമുണ്ടായിട്ടും മൗലാനാ ഇസ്‌ലാമിൽ അടിയുറച്ചു വിശ്വസിക്കുന്നു. ഓറിയന്റലിസ്റ്റുകളാവട്ടെ ഇസ്‌ലാമിനെ നിരാകരിക്കുകയും ചെയ്യുന്നു. എന്നതാണ് വ്യത്യാസം.

വാക്കുകളുടെ നേരിയ വ്യത്യാസമുണ്ടെങ്കിലും ഡോ. ഫാന്തറുടെയും മൗലാനാ മൗദൂദിയുടെയും അഭിപ്രായങ്ങൾ ഒന്നു തന്നെയാണ്. മൗലാനാ മൗദൂദിയുടെ ഉദ്ധരണികളും ഫാന്തറുടെ 1,2,3 ഖണ്ഡികകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരാൾ തന്റെ അഭിപ്രായങ്ങളിലൂടെ ഒരു മുസ്‌ലിമിന്റെ ഇസ്‌ലാമിനോടു ബഹുമാനം പ്രകടിപ്പിക്കുമ്പാൾ അപരൻ ഒരു നിശിത വിമർശകന്റെ നിന്ദ പ്രകടിപ്പിക്കുന്നു.

ഓറിയന്റലിസ്റ്റുകളുടെ വിദ്വേഷ കലുഷിതവും ഹൃദയഭേദകവുമായ പ്രവാചക വിരോധത്തിൽ അത്ഭുതപ്പെടാനില്ല. അവരുടെ വിമർശനങ്ങൾ അജ്ഞതയിൽ നിന്നുദ്ഭവിച്ചതാകാം. പക്ഷേ, പലപ്പോഴും അവ കരുതിക്കൂട്ടിയുള്ള ദ്രോഹബുദ്ധിയുടെ ഫലമാണ്. പരിണതപ്രജ്ഞരായ ചരിത്രകാരന്മാർ പോലും ഇസ്‌ലാമിനോടുള്ള വിരോധം മനസ്സിൽ വെച്ചാണ് ചരിത്രരചന നടത്തുന്നത് പക്ഷേ, അജ്ഞത കൊണ്ടോ അഹങ്കാരം കൊണ്ടോ തിരുനബി(സ)യുടെ യഥാർഥ അനുയായി എന്ന് അവകാശപ്പെടുന്ന ഒരാളുടെ രചനകളിൽ നിന്നാണ് ഇത്തരം വികല്പങ്ങൾ പുറപ്പെടുന്നതെങ്കിൽ അതാണല്ലോ ഏറ്റവും വേദനാജനകമായത്. പ്രാകൃതനെപ്പോലെ ഖഡ്ഗ പാണിയായി വാളിന്റെ ബലത്താൽ ഇസ്‌ലാമിലേക്ക് ആളെ ചേർക്കുകയും വെട്ടിപ്പിടിക്കുകയും ചെയ്ത മനുഷ്യൻ എന്ന നിലക്കാണ് അദ്ദേഹം ഇസ്‌ലാമിന്റെ ഹൃദയാലുവായ പ്രവാചകനെ അവതരിപ്പിക്കുന്നത്.

***മനുഷ്യഹൃദയങ്ങളെ കവർന്നെടുക്കുന്ന ഇസ്‌ലാമിന്റെ ആത്മീയ ലാവണ്യവും ഇസ്‌ലാ***

*മിൽ അന്തർഹിതമായ ആത്മീയ പ്രഭാവവും എന്താണെന്ന് മൗലാനാ മൗദൂദിക്കറിയില്ല. ഭൂതകാലത്തിലും വർത്തമാനകാലത്തിലും അതിന്റെ ആത്മീയ ശക്തികൊണ്ടു മാത്രം ഹൃദയങ്ങളെകീഴടക്കാൻ കഴിയുമെന്ന വസ്തുത അദ്ദേഹത്തിന് ബോധ്യം വന്നിട്ടില്ല. അദ്ദേഹം എഴുതുകയാണ്:*

*മനുഷ്യ ബന്ധങ്ങളും കൂട്ടായ്മകളും അന്യോന്യം ഉദ്ഗ്രഥിതമാണ്. അതുകൊണ്ട് ഒരു രാഷ്ട്രത്തിന്റെ അയൽ രാഷ്ട്രങ്ങളും തങ്ങളുടെ അതേ ആദർശം സ്വീകരിക്കുന്നത് വരെ ആ രാഷ്ട്രത്തിന് അതിന്റെ സിദ്ധാന്തമനുസരിച്ച് പ്രവർത്തിക്കാൻ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കില്ല. അതുകൊണ്ട് മുസ്ലിം ഗ്രൂപ്പുകൾ ഒരു ഇസ്ലാമിക രാഷ്ട്രം അവരുടെ ഭൂപരിധിയിൽ സ്ഥാപിച്ചുകൊണ്ട് അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല. അവരുടെ വിഭവങ്ങൾക്കനുസരിച്ച് രാഷ്ട്രത്തെ നാലുഭാഗത്തേക്കും വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മുസ്ലിംകൾ ഒരുഭാഗത്ത് അവരുടെ ആശയ പ്രചാരണം നടത്തുകയും മറുഭാഗത്ത് ജനങ്ങളെ തങ്ങളുടെ ആദർശം സ്വീകരിക്കാൻ ക്ഷണിക്കുകയും വേണം. കാരണം മോക്ഷം നിലകൊള്ളുന്നത് അതിൽ മാത്രമാണ്. അവരുടെ ഇസ്ലാമിക രാഷ്ട്രത്തിന് ശക്തിയും വിഭവവുമുണ്ടെങ്കിൽ മറ്റു അനിസ്ലാമിക രാഷ്ട്രങ്ങളെ യുദ്ധം ചെയ്ത് നശിപ്പിക്കേണ്ടതും അവിടെ ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കേണ്ടതുമാണ്.*

പ്രവാചകനെയും ഇസ്ലാമിനെയും കുറിച്ച് വില്യം മുയിറിന്റെ വികല വീക്ഷണങ്ങളെയാണ് മൗലാനാ മൗദൂദി ഇവിടെ പിന്തുണക്കുന്നത്. ഇസ്ലാമിന്റെ പ്രവാചകൻ വ്യാജനാണെന്ന് വരുത്തിത്തീർക്കാൻ ഡോ. ഫാന്തറുടെ അഭ്യർഥന പ്രകാരം വില്യം മുയിർ രചിച്ച പ്രവാചകന്റെ ജീവചരിത്രത്തിൽ അദ്ദേഹം എഴുതുകയാണ്:

*'മുഹമ്മദിന്റെ വാളും ഖുർആനും മനുഷ്യനാഗരികതക്കും സ്വാതന്ത്ര്യത്തിനും സത്യത്തിനുമെതിരെ ഇന്നോളം അറിയപ്പെട്ടിട്ടുള്ള ഏറ്റവും കൊടിയ ശത്രുക്കളാണ്.'*

ഇസ്ലാമിനെക്കുറിച്ചുള്ള ഇത്തരമൊരു വികല ചിത്രത്തിന്റെ സ്വാധീന വലയത്തിലായിരിക്കണം, ഗാന്ധിജി തന്റെ ആദ്യനാളുകളിൽ ഇങ്ങനെ പറഞ്ഞത്.

'ഇസ്ലാം കലാപസാന്ദ്രമായ ഒരു അന്തരീക്ഷത്തിലാണ് ജന്മമെടുത്തത്. ആ കാലത്ത് വാളായിരുന്നു നിർണായക ശക്തി. ഇക്കാലത്ത് പോലും സ്ഥിതി അങ്ങനെ തന്നെയാണ്.'

പക്ഷേ, ഗാന്ധിജി അസാമാന്യമായ അന്തർദൃഷ്ടിയുള്ള ഒരു നിരീക്ഷകനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം സ്വയം തന്നെ ആ അഭിപ്രായം തിരുത്തുകയുണ്ടായി.

ഞാൻ കൂടുതൽ പഠിച്ചു. കൂടുതൽ കണ്ടെത്തുകയും ചെയ്തു. അതായത് ഇസ്ലാമിന്റെ ബലം സ്ഥിതി ചെയ്യുന്നത് ഖഡ്ഗത്തിന്മേലല്ല എന്ന് 'യംഗ് ഇന്ത്യ' യിൽ അദ്ദേഹം എഴുതി. ആര്യസമാജക്കാരനായ പണ്ഡിറ്റ് ജ്ഞാനേന്ദ്ര ദേവ് ശർമ ശാസ്ത്രി വസ്തുനിഷ്ഠമായ പഠനങ്ങൾക്ക് ശേഷം ഗാന്ധിജിയെപോലെ ചില തിരിച്ചറിവുകളിൽ എത്തിച്ചേരുകയുണ്ടായി.

അദ്ദേഹം എഴുതി:

***'ഹിന്ദു മുസ്ലിം കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്നവർ, പക്ഷപാതിത്വമുള്ള ഇസ്ലാമിക വിമർശകർ, ഹദ്റത്ത് മുഹമ്മദിനു മദീനയിൽ വെച്ച് അധികാരം ലഭിച്ചപ്പോൾ കാരുണ്യത്തിന്റെയും ദയയുടെയും കപടഭാവം നിലനിറുത്താൻ കഴിഞ്ഞില്ലെന്ന് പറയുന്നു. അവിടെ അദ്ദേഹം ശക്തിയും ഹിംസയും പ്രയോഗിച്ച്, തന്റെ ചിരകാല ജീവിതാഭിലാഷമായ അധികാരവും സ്ഥാനവും സമ്പത്തും സ്വായത്തമാക്കാൻ പിന്നീട് നരമേധക്കാരനായ പ്രവാചകനായി മാറി, അദ്ദേഹം അതിശീഘ്രം തന്നെ സഹനത്തിന്റെയും മിതത്വത്തിന്റെയും ആദർശങ്ങളിൽ നിന്നു വ്യതിചലിച്ചു എന്നിങ്ങനെ പോവുന്നു അവരുടെ ആക്ഷേപം. നിരീക്ഷകരുടെ വീക്ഷണം മുൻവിധിയോടുകൂടിയതും വിഭാഗീയവുമാണ്. ഇക്കൂട്ടർ സങ്കുചിത മനസ്കരും അജ്ഞതയുടെ മൂടികളാൽ ദൃഷ്ടി മറക്കപ്പെട്ടവരുമാണ്. അവർ പ്രകാശത്തിന് പകരം അഗ്നിജ്വാലയാണ് ദർശിക്കുന്നത്. സൗന്ദര്യത്തിന് പകരം വൈരൂപ്യത്തിലും നന്മക്ക് പകരം തിന്മയിലും അവരുടെ നയനം പതിയുന്നു. മഹിതമായ എല്ലാ ഗുണസൗഷ്ഠവങ്ങളും അധമമായ തിന്മകളായി ഇക്കൂട്ടർ അവതരിപ്പിക്കുന്നു. അത് അവരുടെ തന്നെ അധഃപതനത്തിന്റെ പ്രതിഫലനമാകുന്നു.'***

***''വിമർശകന്മാർ അന്ധരാണ്. മുഹമ്മദ് കയ്യിലേന്തിയ ഒരേയൊരു വാൾ മാത്രം അവർക്ക് കാണുവാൻ സാധിക്കുന്നില്ല. ആ വാൾ കനിവിന്റെയും കാരുണ്യത്തിന്റെയും ഭ്രാതൃത്വത്തിന്റെയും പൊറുമയുടേതുമായിരുന്നു. ആ ആയുധമായിരുന്നു ശത്രുവിനെ ജയിച്ചടക്കിയതും അവരുടെ ഹൃദയങ്ങളെ വിമലമാക്കിയതും. ഉരുക്കുഖഡ്ഗത്തേക്കാൾ മൂർച്ചയേറിയതായിരുന്നു പ്രവാചകൻ സ്വായത്തമാക്കിയ ഈ വാൾ"***

നിങ്ങൾ നോക്കൂ. മഹാത്മാ കൃഷ്ണന്റെ അനുയായിയായ ഒരാളുടെയത്രയെങ്കിലും തിരുപ്രവാചകന്റെ(സ) അനുയായിയായ മൗലാനാ മൗദൂദി പ്രവാചകനോട് നീതി പുലർത്തേണ്ടതായിരുന്നു എന്ന് ആഗ്രഹിച്ചുപോകുന്നു. അമുസ്ലിം സഹോദരന്മാർ ഇസ്ലാമിനെ പറ്റി പഠിക്കുകയും പ്രവാചകൻ മഹാമനസ്ക്കനും ദയാലുവുമാണെന്ന് മനസ്സിലാക്കുകയും മാത്രമല്ല മാനുഷിക മൂല്യങ്ങളുടെ ഉത്കൃഷ്ട പ്രതീകമാണ് അദ്ദേഹമെന്ന് സമർഥിക്കുകയും ചെയ്യുന്നു. 'സദ് ഉപദേശി'ന്റെ എഡിറ്ററായ മറ്റൊരു ഹിന്ദു സഹോദരൻ എഴുതുന്നു:

***''ചിലയാളുകൾ പറയുന്നു, ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണെന്ന്, പക്ഷേ നമുക്കതിനോട് യോജിക്കാൻ വയ്യ, മനുഷ്യരിൽ എന്തൊന്നിനെയാണോ അടിച്ചേൽപ്പിക്കുന്നത് അത് ഉടൻ തന്നെ നിരാകരിക്കപ്പെടും. ബലാൽക്കാരേണയാണ് ഇസ്‌ലാം അടിച്ചേൽപ്പിച്ചതെങ്കിൽ ഇസ്‌ലാം എന്ന മതം ഇപ്പോൾ ഉണ്ടാകുമായിരുന്നില്ല. പ്രവാചകന് ആത്മീയതേജസ്സ് ഉണ്ടായിരുന്നു. മാനവസമൂഹത്തെ അദ്ദേഹം അഗാധമായി സ്നേഹിച്ചു. പരമോന്നതനായ ഏകദൈവം എന്ന പരമതത്വത്താൽ നയിക്കപ്പെടുകയും ചെയ്തു."***

ആര്യ സമാജക്കാരുടെ മുസ്‌ലിം വിരുദ്ധ മനോഭാവം ഏറെ സ്പഷ്ടമാണല്ലോ. അതിന്റെ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി ഇസ്‌ലാമിന്റെയും പ്രവാചകന്റെയും കടുത്ത വിമർശകനായിരുന്നു. എന്നിട്ടും ആര്യസമാജത്തിന്റെ ആഭിമുഖ്യത്തിൽ ലാഹോറിൽ ചേർന്ന ഒരു യോഗത്തിൽ ഒരു ഹിന്ദു സഹോദരൻ നടത്തിയ പരാമർശം ഇങ്ങനെയാണ്. വേദിക് മാഗസിൻ പത്രാധിപരും ഗുരുകുലത്തിലെ ഒരു പ്രൊഫസറുമായിരുന്ന കാൻഗ്രി രാംദേവ് പറയുന്നു:

***''മദീനയിലിരുന്നുകൊണ്ട് മുഹമ്മദ് സാഹിബ് അറബികളെ തന്റെ മാന്ത്രിക വലയത്തിലൊതുക്കിക്കളഞ്ഞു. അദ്ദേഹം അവരിൽ ആത്മീയ ശക്തി നിറച്ചു. മനുഷ്യരിൽ നിന്ന് ദേവന്മാരെ സൃഷ്ടിച്ചെടുത്ത ആ ശക്തി..... ഇസ്‌ലാം വാളിന്റെ ശക്തിയാൽ പ്രചരിച്ച മതമാണെന്ന് പറയുന്നത് ശരിയല്ല. ഇസ്‌ലാംമത പ്രബോധനത്തിന് വേണ്ടി ഒരിക്കലും വാൾ പ്രയോഗിക്കപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയത്രെ. മതം ബലപ്രയോഗം കൊണ്ട് പ്രചരിപ്പിക്കാമെങ്കിൽ ഇക്കാലത്ത് ആരെങ്കിലും അതൊന്ന് പരീക്ഷിച്ചു നോക്കട്ടെ."***[10]

ഈ ഉദ്ധരണിയിലെ അവസാന വാചകം ആരും ഇതുവരെ ഏറ്റെടുക്കാത്ത ഒരു വെല്ലുവിളിയാണ്. മൗലാനാ മൗദൂദിക്ക് പോലും ഈ വെല്ലുവിളി സ്വീകരിക്കാൻ സാധ്യമല്ല. ആയുധധാരികൾക്ക് അവിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്ക് പരിവർത്തിപ്പിക്കാൻ സാധ്യമല്ല. മുഹമ്മദ് നബി(സ)ക്ക് മുമ്പേ പ്രവാചകന്മാരുടെ സുദീർഘമായ ശൃംഖലകൾ ചരിത്രത്തിൽ ദർശിക്കാം. സത്യമതം പ്രബോധനം ചെയ്ത എല്ലാ പ്രവാചകന്മാരേയും ശത്രുക്കൾ വാൾ ബലം കൊണ്ട് നശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നത് ഒരു ചരിത്ര വസ്തുതയാണ്. പക്ഷേ, സത്യമതങ്ങൾ മനുഷ്യഹൃദയങ്ങളെ കീഴടക്കി വാളിനെ അതിജീവിക്കുകയും വാൾ പരാജയപ്പെടുകയുമാണുണ്ടായത്. ലോകത്ത് അവതരിച്ച എല്ലാ പ്രവാചകന്മാരും ഖഡ്ഗ ശക്തിക്കെതിരെ നിലകൊണ്ടുവെങ്കിൽ എന്തുകൊണ്ട് മുഹമ്മദ് നബി(സ) മാത്രം മറ്റൊരു മാർഗം സ്വീകരിക്കുകയും മർദകരുടെ ഉപകരണമായ വാൾ കയ്യിലെടുക്കുകയും ചെയ്തു? ബലപ്രയോഗം കൊണ്ടാണ് തിരുനബി(സ) ജനങ്ങളുടെ വിശ്വാസം മാറ്റിയത് എന്ന ആരോപണം ആത്മീയതേജസ്വിയായ ആ മഹാത്മാവിനെതിരെ ഉന്നയിക്കുന്നത് പൊറുക്കപ്പെടാനാവാത്ത അപരാധമാണെന്നതിൽ സംശയമില്ല. മറ്റൊരു അമുസ്‌ലിം പണ്ഡിതനായ ഡോ. ഡി. ഡബ്ളിയു. ലെയിറ്റ്സ് (Dr.D.W. Leitz ) ഇത്തരം വ്യാജാരോപണങ്ങളോട് വിയോജിച്ചുകൊണ്ട് ഖുർആനെ അടിസ്ഥാനമാക്കിപ്പറയുന്നത് ശ്രദ്ധേയമാണ്:

***ബലപ്രയോഗം മുഖേന ഇസ്‌ലാം പ്രചരിപ്പിക്കലാണ് ജിഹാദിന്റെ ഉദ്ദേശ്യം എന്ന് തെളിയിക്കാൻ മുന്നോട്ടു വെച്ച വാദമുഖങ്ങളെല്ലാം വിശുദ്ധ ഖുർആന് എതിരാണ്. ഖുർആൻ പറയുന്നു: ചർച്ചും സിനഗോഗും മഠങ്ങളും മസ്ജിദും സംരക്ഷിക്കാൻ വേണ്ടി മാത്രമാണ് ജിഹാദ് നടത്തുന്നത്.***

പ്രവാചകന് നേരെ ഉന്നയിക്കപ്പെടുന്ന ദുരാരോപണത്തിന് ഒരു തികഞ്ഞ മറുപടിയാണിത്. തിരുനബി(സ) വാൾ കൈകളിലേന്തിയതായി ചിത്രീകരിക്കുന്ന മുസ്‌ലിംകൾ വിശുദ്ധ ഖുർആന്റെ ഈ ചോദ്യത്തിന് ഉത്തരം നൽകട്ടെ.

***'അവർ ഈ ഖുർആനെ ക്കുറിച്ച് ചിന്തിക്കുന്നില്ലേ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ അടക്കപ്പെട്ടുപോയോ? (47:25)***

---

***ഹിറ്റ്‌ലറെപ്പോലെ അയൽ നാടുകളിലേക്ക് പട നയിച്ച് അധിനിവേശം നടത്തിയ ഒരു കുറ്റവാളിയായിരുന്നു പ്രവാചകനെന്ന്*** (നഊദുബില്ലാഹ്) വരുത്തിക്കൂട്ടുന്ന പരാമർശങ്ങൾ ഒരു മുസ്‌ലിം പണ്ഡിതൻ ഉയർത്തുക എന്നത് അത്ഭുതകരമായിരിക്കുന്നു. പ്രവാചകൻ സമാധാനത്തിന്റെ രാജകുമാരനായിരുന്നു. അദ്ദേഹം ഒരിക്കലും ഒരു പടയോട്ടക്കാരനായിരുന്നില്ല. മൗലാനാ മൗദൂദി അധികാര രാഷ്ട്രീയത്തോട് അഗാധമായി അഭിനിവേശം കാണിച്ച ഒരു പണ്ഡിതനാണ്. അദ്ദേഹത്തിന്റെ അപ്രതിരോധ്യമായ രാഷ്ട്രീയ താൽപര്യം കാരണം ഇസ്‌ലാമിന്റെ ചരിത്ര വ്യാഖ്യാനത്തിന് അദ്ദേഹം രാഷ്ട്രീയത്തിന്റെ നിറം നൽകി. എന്നാൽ ഇസ്‌ലാമിന് നിലനിൽക്കാൻ രാഷ്ട്രീയ സംവിധാനങ്ങളുടെ ആവശ്യമില്ല എന്നതാണ് യാഥാർഥ്യം.

തഫ്ഹീമുൽ ഖുർആൻ എന്നപേരിൽ ഖുർആന് ബൃഹത്തായ വ്യാഖ്യാനമെഴുതിയ മൗലാനാ മൗദൂദിയുടെ ദൃഷ്ടിയിൽ അനേകം തവണ ഈ ഖുർആൻ ആയത്ത് പെട്ടിട്ടുണ്ടാവും പക്ഷേ, രാഷ്ട്രീയ ലക്ഷ്യത്തോടെ ഖുർആൻ വ്യാഖ്യാനിച്ചാൽ അത് വ്യാഖ്യാതാവിനെ വഴികേടിലേക്ക് നയിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടില്ലേ? മൗലാനാ വീണ്ടും എഴുതുന്നു:

*'അറേബ്യയിൽ ആദ്യമായി മുസ്‌ലിം പാർട്ടി രൂപവത്ക്കരിച്ച് പ്രാവർത്തികമാക്കിയ സന്ദർഭത്തിൽ പ്രവാചകനും നേർമാർഗം പ്രാപിച്ച ഖലീഫമാരും കൈകൊണ്ട നിയമമിതായിരുന്നു. ഇതിനുശേഷം പ്രവാചകൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് അയൽ നാടുകളിലേക്കും സന്ദേശമയച്ചു. പക്ഷേ, ഈ സന്ദേശം സ്വീകരിച്ചുവോ അത് തിരസ്കരിച്ചുവോ എന്നറിയാൻ അദ്ദേഹം കാത്തുനിന്നില്ല. ഉടനെ അദ്ദേഹം ശക്തി സംഭരിച്ച് റോമാ സാമ്രാജ്യത്തിനെതിരെ ആഞ്ഞടിച്ചു. പ്രവാചകനു ശേഷം അബൂബക്കറാണ് പാർട്ടിയുടെ നേതാവായത്. അദ്ദേഹം റോമിനെയും പേർഷ്യയെയും ആക്രമിച്ചു. അവസാനം ഉമർ വിജയിക്കുകയും ചെയ്തു.*

വാസ്തവത്തിൽ ഇത് മറ്റെല്ലാ അമുസ്‌ലിം രാഷ്ട്രങ്ങൾക്കുമെതിരെയുള്ള പ്രഖ്യാപനമാണ്. മുസ്‌ലിം രാഷ്ട്രം ബലഹീനമായിരിക്കുമ്പോഴാണ് അമുസ്‌ലിം രാഷ്ട്രങ്ങൾ സുരക്ഷിതരായിരിക്കുക എന്ന ധാരണയാണ് ഇത് ഉളവാക്കുന്നത്. കമ്യൂണിസ്റ്റ് മാർക്സിയൻ ചരിത്രകാരന്റെ അഭിപ്രായമാണതെങ്കിൽ അതേക്കുറിച്ച് വീണ്ടും ചിന്തിക്കാൻ മിനക്കെടുമായിരുന്നില്ല. പക്ഷേ, പ്രമാണികനാണെന്ന് ഗണിക്കപ്പെടുന്ന മൗലാനാ മൗദൂദിയുടെ സുചിന്ത്യങ്ങളായ അഭിപ്രായമാണിത്. തീർച്ചയായും വില്യം മുയിർ, ഡോ. ഫാന്തർ, സ്മിത്ത് എന്നീ ഇസ്‌ലാം വിരോധികളായ ചരിത്രകാരന്മാരുടെ പ്രവാചക വിമർശനത്തേക്കാൾ അപമാനകരമാണ് മൗലാനാ മൗദൂദിയുടേത്. മേൽ ഉദ്ധരണി മൗലാനായുടെ ഉർദുവിലുള്ള രചനകളിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്തതാണ്. 'മുസ്‌ലിം പാർട്ടി' എന്ന പദം മൗലാനാ മൗദൂദി മുസ്‌ലിം ഉമ്മത്തിനെ ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിലേക്ക് തരംതാഴ്ത്താൻ വേണ്ടി ബോധപൂർവം പ്രയോഗിച്ചതാണ്. 'മുസ്‌ലിം ഉമ്മ', 'മുസ്‌ലിം പാർട്ടി' എന്നീ രണ്ട് പദങ്ങളുടെയും അർഥഭേദങ്ങളെപ്പറ്റി മൗലാനാ മൗദൂദിക്ക് വേണ്ടതിലധികം അറിയാം. അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകത്തിൽ പറയുന്നു:

*'പാർട്ടി എന്നതിനു ഖുർആൻ ഉപയോഗിച്ച മറ്റൊരു പദമാണ് 'ഉമ്മ' എന്ന്.*

മുസ്‌ലിംകളെ ഒരു രാഷ്ട്രീയ പാർട്ടിയായി പരിവർത്തനം ചെയ്യാൻ മൗലാനാ മൗദൂദി ഉപബോധമനസ്സിന്റെ പ്രേരണകൊണ്ടോ അല്ലെങ്കിൽ കരുതിക്കൂട്ടിയോ തിരുനബി(സ)യെ ഒരു രാഷ്ട്രീയ നേതാവായി ചിത്രീകരിക്കുകയാണ്. രാഷ്ട്രീയക്കാരന്റെ രാഷ്ട്രീയ നീതിയാണ് അദ്ദേഹം പ്രവാചകനിൽ ആരോപിക്കുന്നത്. മൗലാനക്കല്ലാതെ ഇങ്ങനെയൊരു വാചകം തിരുമേനി(സ)യെ ക്കുറിച്ച് മറ്റാർക്കാണ് എഴുതാൻ കഴിയുക?

*'ഇതിന് ശേഷം പ്രവാചകൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് എല്ലാ അയൽ നാടുകളിലേക്കും സന്ദേശമയച്ചു. പക്ഷേ, ഈ സന്ദേശം സ്വീകരിച്ചുവോ അത് തിരസ്ക്കരിച്ചുവോ എന്നറിയാൻ അദ്ദേഹം കാത്തുനിന്നില്ല. ഉടനെ അദ്ദേഹം ശക്തി സംഭരിച്ച് റോമാ സാമ്രാജ്യത്തിനെതിരെ ആഞ്ഞടിച്ചു."*

*ഹിറ്റ്ലറെപ്പോലെ അയൽ നാടുകളിലേക്ക് പട നയിച്ച് അധിനിവേശം നടത്തിയ ഒരു കുറ്റവാളിയായിരുന്നു പ്രവാചകനെന്ന്* (നഊദുബില്ലാഹ്) വരുത്തിക്കൂട്ടുന്ന പരാമർശങ്ങൾ ഒരു മുസ്‌ലിം പണ്ഡിതൻ ഉയർത്തുക എന്നത് അത്ഭുതകരമായിരിക്കുന്നു. പ്രവാചകൻ സമാധാനത്തിന്റെ രാജകുമാരനായിരുന്നു. അദ്ദേഹം ഒരിക്കലും ഒരു പടയോട്ടക്കാരനായിരുന്നില്ല. മൗലാനാ മൗദൂദി അധികാര രാഷ്ട്രീയത്തോട് അഗാധമായി അഭിനിവേശം കാണിച്ച ഒരു പണ്ഡിതനാണ്. അദ്ദേഹത്തിന്റെ അപ്രതിരോധ്യമായ രാഷ്ട്രീയ താൽപര്യം കാരണം ഇസ്‌ലാമിന്റെ ചരിത്ര വ്യാഖ്യാനത്തിന് അദ്ദേഹം രാഷ്ട്രീയത്തിന്റെ നിറം നൽകി. എന്നാൽ ഇസ്‌ലാമിന് നിലനിൽക്കാൻ രാഷ്ട്രീയ സംവിധാനങ്ങളുടെ ആവശ്യമില്ല എന്നതാണ് യാഥാർഥ്യം.

ബംഗ്ലാദേശ് എന്നറിയപ്പെന്ന വംഗനാടിന്റെ ചരിത്രം നോക്കൂ. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് മുഗളന്മാരിൽ നിന്ന് ബ്രിട്ടീഷുകാർ ബംഗാളിന്റെ ഭരണം കൈയേൽക്കുന്നത്. അക്കാലത്ത് അവിടെ മുസ്‌ലിംകൾ അംഗുലീ പരിമിതമായ ന്യൂനപക്ഷമായിരുന്നു. 1947ൽ ബംഗാൾ സ്വതന്ത്രമായപ്പോൾ അവിടുത്തെ ജനസംഖ്യ മുസ്‌ലിം ഭൂരിപക്ഷമായി മാറുകയുണ്ടായി. ഈ പ്രദേശങ്ങൾ ഒരിക്കലും മുസ്‌ലിംകളുടെ രാഷ്ട്രീയ നിയന്ത്രണത്തിനു കീഴിൽ വന്നിട്ടില്ലായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് വടക്കേ ഇന്ത്യയിൽ നിന്ന് ബംഗാളിലേക്ക് കുടിയേറ്റമുണ്ടാവുകയും ചെയ്തിട്ടില്ല.

ഇസ്‌ലാമിലേക്ക് ശാന്തമായ ഈ പരിവർത്തനത്തിനു കാരണം വംഗഭൂമിയിലൂടെ നടന്നു നീങ്ങിയ മുസ്‌ലിം പരിവ്രാജക(സൂഫികളുടെ) രുടെ ആത്മീയ പ്രഭാവമായിരുന്നു. കൂടാതെ ബംഗാളിലെ വിദൂരമായ കുഗ്രാമങ്ങളിൽ ഇസ്‌ലാമിക സന്ദേശവുമായി അലഞ്ഞു നടന്ന നിസ്വാർഥരായ മതപ്രബോധകരും ഗ്രാമങ്ങളിൽ സേവനമനുഷ്ഠിച്ച ഇമാമുകളുമാണ് ഈ പരിവർത്തനത്തെ ത്വരിതപ്പെടുത്തിയത്.

ഈ വിഷയത്തിൽ സർ തോമസ് ആൾനോഡിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. അദ്ദേഹം

എഴുതി:

***'ഇസ്‌ലാം ഏറ്റവും മഹനീയവും ചിരസ്ഥായിയുമായ പ്രബോധനം നടത്തിയത്, അതിന്റെ രാഷ്ട്രീയ ബലം ഏറ്റവും ദുർബലമായ കാലഘട്ടത്തിലും ദേശങ്ങളിലുമാണ്.'***

വംഗനാട്ടിലും മലേഷ്യയിലും ഇന്തോനേഷ്യയിലും ഇസ്‌ലാം പ്രചരിച്ചതിന്റെ ചരിത്രം മൗലാനാ മൗദൂദി പഠിച്ചിട്ടില്ല. തുർക്കി-അഫ്ഘാനികളുടേയും, മുഗളരുടേയും പടയോട്ട ചരിത്രങ്ങളിൽ സംത്രാസം കൊണ്ട അദ്ദേഹത്തിന് ലോകത്തിലെ ഏറ്റവും വലിയ മുസ്‌ലിം രാജ്യമായ ഇന്തോനേഷ്യയിലേക്ക് സുന്ദരമായ ഒരു മന്ദമാരുതനെപ്പോലെ ഇസ്‌ലാം കടന്നുവന്നതിനെ പറ്റി പഠിക്കാൻ നേരം ലഭിച്ചിട്ടുണ്ടാവില്ല. ഇന്തോനേഷ്യയിലേക്ക് ഒരു മുസ്‌ലിം പടയോട്ടക്കാരനും കടന്നുവന്നില്ല. അവിടെ ഒരിക്കലും സംഘട്ടനമോ കലാപമോ ഇസ്‌ലാമിന്റെ പേരിൽ ഉണ്ടായിട്ടില്ല. ഇത് തന്നെയാണ് മലേഷ്യയുടെ ചരിത്രവും.

നിഷ്കളങ്കതയുടെ നിരുപമ വ്യക്തിത്വമായിരുന്നു നബി തിരുമേനി (സ). പീഡനത്തിന്റെ അറ്റം കണ്ട പ്രവാചക പുംഗവൻ (സ) മനുഷ്യസാധ്യമായ സഹനീയതയുടെ അത്യുന്നത ദൃഷ്ടാന്തമായിരുന്നു. പൊറുമയുടെ എല്ലാ അതിരുകളും അവസാനിച്ചപ്പോൾ കാരുണ്യനിധിയായ പ്രവാചകൻ സ്വയം പ്രതിരോധത്തിന് വേണ്ടി മാത്രമാണ് വാളെടുത്തത്. ഈ വിഷയകമായി ഒരു സിഖുകാരൻ നടത്തിയ വസ്തുനിഷ്ഠമായ നിരീക്ഷണം ശ്രദ്ധിക്കുക.

***'തുടക്കം മുതൽ തന്നെ പ്രവാചകനെയും അനുചരന്മാരുടെയും ജീവിതം ശത്രുക്കൾ ദുസ്സഹമാക്കി മാറ്റി. പ്രവാചകൻ തന്റെ സഹചരരോട് സ്വഗേഹം വിട്ടിറങ്ങി മദീനയിലേക്ക് പലായനം ചെയ്യാൻ അരുളുകയുണ്ടായി. പോരിനേക്കാൾ പലായനമായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്. മർദനം സഹനീയതയുടെ എല്ലാ അതിരുകളും ഭേദിച്ചപ്പോൾ മാത്രമാണ് അദ്ദേഹം സ്വയം പ്രതിരോധിക്കാനായി വാൾ കൈയിലെടുത്തത്. മതം പ്രചരിപ്പിക്കാൻ വാൾ ഉപയോഗിച്ചുവെന്ന് കരുതുന്നത് ശുദ്ധ വിഡ്ഢികളാണ്. അവർക്ക് മതത്തിന്റെ വഴിയുമറിയില്ല ലോകത്തിന്റെ വഴിയുമറിയില്ല. സത്യത്തിൽ നിന്നും സഹസ്രകാതം അകലെ കിടന്ന അവർ തങ്ങളുടെ മൂഢവിശ്വാസത്തിൽ അഹങ്കരിക്കുകയും ചെയ്തു'***

ഇപ്പോൾ ആർക്കാണ് ഇസ്‌ലാമിനെപറ്റി കൂടുതൽ ജ്ഞാനം.? ഈ സിഖു പത്രപ്രവർത്തകനോ അതല്ല മിസാജെ ശഹനാസെ നുബുവ്വത്ത് എന്ന് സ്വയം കരുതുന്ന പണ്ഡിതനോ?

***('മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഗ്രന്ഥത്തിൽ നിന്ന്)***

കവിത

# തീരാനൊമ്പരം

## സി കെ

അപകടവാർത്ത കേട്ടു അഹ്മദി മാനസങ്ങൾ
അപ്പാടെനൊന്തുകരഞ്ഞു
അൻസാറിൻ അഖിലേന്ത്യാ ഉപനായകൻ പിപി നാസിമുദ്ദീൻ
വിട്ട് പിരിഞ്ഞു.
അറിയുന്നോരേവർക്കും കൂട്ടുകുടുംബംപോൽ വാത്സല്യമേറെ
ചൊരിഞ്ഞു
അന്തർദേശീയ തലത്തിൽ സമുന്നത വ്യക്തി മുദ്ര പതിഞ്ഞു.

അല്ലാഹുവിൽ അടിയാറുകൾക്കാരാധിക്കുവാൻ
പള്ളിപണിയുവാനായ്
അക്ഷരജ്ഞാനമേകും പള്ളികൂടത്തിൽ നല്ല നിലവാരത്തിന്നായ്
ആരാധിക്കാൻ പള്ളിഅഭിമാനത്താൽ പാഠശാല നടത്തിപ്പിന്നായ്
അകമഴിഞ്ഞേറെപ്രയത്നിചെല്ലാറ്റിന്നും
സമ്പത്തൊരുക്കുവാനായ്

അല്ലലായ് വേദനപ്പെട്ടുകഴിയുന്നോർക്കാശ്വാസമേകുവാനായ്
അലിവിൽ മനസ്സാലാ പാവങ്ങളേവർക്കും ദാനമേകും പതിവായി
അന്തസ്സാലുള്ള പെരുമാറ്റം ലാളിത്യം വിനയം മുഖമുദ്രയായ്
അകതാരിൽ ഓർക്കും പുഞ്ചിരിമായാത്ത മുഖം
തീരാനൊമ്പരമായ്

അല്ലാവിൻ മാർഗത്തിൽ ജീവിതമേകിയോർക്കില്ല മരണമില്ലാ
അതിനാൽ ശുഹദാവിൽ സ്ഥാനം നാസിമുദ്ദീനേകിടണേ നീ
അല്ലാഹ്
അകമുരുകി തേടുന്നു മഗ്ഫിറത്തും ജന്നത്തേകിടണേ നീ
അല്ലാഹ്
അഹ്ലുകാർക്കും കൂട്ടുകാരേവർക്കും ശാന്തി ഏകിടണേ നീ
അല്ലാഹ്.

# പവിത്ര ജീവിതം

ദൈവനിയുക്തരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്.

**മുഹമ്മദ് ഉമർ കോഴിക്കോട്**

പഞ്ചാബിലെ ഖാദിയാൻ എന്ന ഒരു കുഗ്രാമത്തിൽ വെച്ച് 131 വർഷങ്ങൾക്ക് മുമ്പ് ഒരാൾ ദൈവം തനിക്ക് ഇപ്രകാരം ദിവ്യ വെളിപാട് അറിയിച്ചിരിക്കുന്നുവെന്ന് വാദിക്കുകയുണ്ടായി

അതായത് നീ പ്രഖ്യാപിക്കുക ഞാൻ നിയുക്തനാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമനായിരിക്കും. വിശ്വാസം കൊള്ളുന്നു എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് നബി(സ) തിരുമേനിയിൽ നിന്നുള്ളതാണ്. പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗൃഹീതരാകുന്നു

തുടർന്ന് അവിടുന്ന് ഇപ്രകാരം വാദിച്ചു

എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യവെളിപാട് മുഖേന ഞാൻ അവന്റെ ഭാഗത്ത് നിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവുമായ വിശ്വാസവൈരുദ്ധ്യങ്ങളെ നീതിയോടു കൂടി തീർപ്പ് കൽപ്പിക്കുന്നവനും ആണെന്നുള്ള വിവരം ലഭിച്ചിരിക്കുന്നു. (അർബയീൻ വാ1 പേജ് 40)

പിന്നീട് തന്റെ വാദങ്ങളെ കുറിച്ച് അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു പറയുന്നു:

ഏതൊരുവന്റെ കൈയ്യിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് പറയുന്നു ഹദ്റത്ത് റസൂൽ കരീം (സ) സഹീയായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച്, ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഈ പ്രവചനം സഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും ഇതര സഹീഹുകളിലുമുണ്ട്. (മൽഫൂസാത്ത്. വാ 1 പേ. 213)

വീണ്ടും അരുൾ ചെയ്യുന്നു:

ഞാൻ വാഗ്ദത്തം ചെയ്യപെട്ട മസീഹാണ്. ഏതൊരാളുടെ പേര് ഹദ്റത്ത്റസൂൽ തിരുമേനി (സ) നബിയുല്ലാഹ് എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്. (നുസൂലുൽ മസീഹ്. പേജ് 46)

തനിക്ക് ലഭ്യമായ ഈ ആത്മീയ സ്ഥാനത്തിന്റെ യാഥാർഥ്യം വിവരിച്ചു കൊണ്ട് അദ്ദേഹം എഴുതുന്നു

ഞാൻ നബി (സ) തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായി പുണ്യകർമങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുര ഭാഷണത്താൽ ഞാൻ അനുഗൃഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദിയ്യാ നുബുവ്വത്ത് അല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടു കൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി ഇനി വരാവുന്നതാണ്. പക്ഷേ ആ നബി ഒന്നാമതായി തിരുനബി(സ) യുടെ ഉമ്മത്തിയായിരിക്കേണ്ടതാണ്. (തജല്ലിയാത്തെ ഇലാഹിയ്യ, ഭാ 24, 25)

മേൽ വിവരിച്ച യഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ വാഗ്ദത്ത മഹ്ദി വാദത്തെക്കുറിച്ച് അവലോകനം നടത്തുന്നതിന് മുമ്പായി ഒരു ദൈവനിയുക്തവാദിയുടെ വാദത്തോട് നാം എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിലെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത് ഖുർആൻ പറയുന്നു:

**പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഈ വാദി അല്ലാഹുവിൽ നിന്നാകുകയും എന്നിട്ട് നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദൂരമായ ഭിന്നതയിൽ ഉള്ളവനേക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ്. ഈ വാദി സത്യവാനാണെന്ന്**

കാരണം നിങ്ങൾ എനിക്ക് **'സിദ്ദീക്ക്'** എന്നും **'അമീൻ'** എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബല്യകാലവും യൗവ്വനവും പിന്നിട്ടു നാൽപ്പതാമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പിൽ നിറഞ്ഞു നിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച് നിങ്ങൾ **' മാ ജർ റബനാ അലൈക്ക സിദ്ക്ക്'** (നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നും തന്നെ കാണുവാൻ സാധിച്ചിട്ടില്ല) എന്ന് ഐകകണ്ഠ്യേന നിങ്ങൾ സാക്ഷ്യം വഹിച്ചില്ലേ? എന്നിരിക്കെ ഞാൻ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഒരു പെരും കള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത് ? അതും സർവലോക നിയന്താവും സർവജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി കള്ള വാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ സാധിക്കും? ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ അന്നും ഇന്നും ആർക്കും സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന് സത്യ സാക്ഷ്യമായി ലോകത്തിന് മുമ്പിൽ വെച്ച മാനദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിതമായിരുന്നു. അതേ പ്രകാരം വഗ്ദത്ത മഹ്ദിയും തന്റെ സത്യത്തിന് നിദാനമായി എടുത്ത് കാണിക്കുന്നത് തന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതമാണ്. അദ്ദേഹം അരുൾ ചെയ്യുന്നു:

*' വാദത്തിന് മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്ന് നിങ്ങൾ കളവ്, വഞ്ചന, കറ്റുകെട്ട് മുതലായ ഒരു ന്യൂനതയും ദോഷവും എടുത്തു കാണിക്കുവാൻ സാധിക്കുന്നതല്ല. പണ്ടുമുതലെ കളവും വഞ്ചനയും കൈമുതലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങനെ ഒരു വാദം പുറപ്പെടുവിക്കുന്നതാണല്ലോ സംശയകരമായിരിക്കുക. എന്റെ ജീവിതത്തിൽ എന്തെങ്കിലും ഒരു ദൂഷ്യം എടുത്ത് കാണിക്കുവാൻ സാധിക്കുമോ?*

യോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) കൊടുത്ത മറുപടി **'ആമന്ത്തു ബില്ലാഹി വ റസൂലിഹി'** ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന് ശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തിന് സാക്ഷ്യമായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്ന് നോക്കുക. അതിനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സത്യത്തിന് നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗദർശനം മാർഗദീപമായി കാണേണ്ടതാണ്.

ഒരു ദൈവനിയുക്തവാദിയുടെ സത്യസാക്ഷ്യത്തിനായി അദ്ദേഹത്തിന്റെ വാദത്തിന് മുമ്പുള്ള ജീവിതം പവിത്രവും നിഷ്ക്കളങ്കവും കുറ്റമറ്റതുമായിരിക്കണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ) മക്കയിലെ അവിശ്വാസികളെ ഇപ്രകാരം ഉൽബോധിപ്പിക്കുകയുണ്ടായി.

**ഇതിന് മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ മുമ്പിൽ ജീവിച്ചിരുന്നുവല്ലോ. എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ? (10:17)** ഹദ്റത്ത് റസൂൽ കരീം(സ) തന്റെ സത്യതയെ തെളിയിക്കുന്നതിനായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യസാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തിന് മുമ്പ് നിങ്ങൾക്കിടയിൽ നാൽപ്പത് വർഷക്കാലം ജീവിച്ചിരുന്നുവല്ലോ എന്റെ ജീവിതത്തിൽ എന്തെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം

**അവർക്ക് സ്പഷ്ടമായി മനസ്സിലാക്കുവാൻ നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ്മണ്ഡലങ്ങളിലും അവരുടെ നഫ്സുകളിൽ തന്നെയും നാം വേഗം അവർക്ക് കാണിച്ചു കൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിനും സാക്ഷിയാണെന്ന് (അവർക്ക് മതിയായ തല്ലേ? (41: 53-54)**

വീണ്ടും മറ്റൊരു സ്ഥലത്ത് പറയുന്നു:

**നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാനിറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പനാകരുത്(2:42)**

പ്രസ്തുത രണ്ട് തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെക്കുറിച്ചും അതിന് നിദാനവും സാക്ഷ്യവുമായ വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്ന തെളിവുകളെക്കുറിച്ചും കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകി കൊണ്ട് കുഫ്ർ ഫത്‌വ പുറപ്പെടുവിക്കുകയും ചെയ്യുന്നത് **'നിഷേധിക്കുന്നവരിൽ മുമ്പനാകരുത്'** എന്ന ഖുർആനികാദ്ധ്യാപനത്തിനെതിരാണ്. ഇതിനുള്ള ഉത്തമ മാതൃക ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. അതായത് ഹദ്റത്ത് റസൂൽ കരിം (സ) ന്റെ അടുക്കൽ ഒരു വ്യാജ നുബുവ്വത്ത് വാദവുമായി ഇബ്നു സയാദ് എന്നയാൾ വന്നു **'അശ്ഹദു ഇന്നീ റസുലുല്ലാഹി'** ഞാൻ ഒരു ദൈവപ്രവാചകനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുന്നുവോ? എന്നുചോദിച്ചു. അതിനുള്ള പ്രതികരണമെന്നോണം തിരുനബി (സ) അയാളെ എതിർക്കുകയോ ഞാൻ നബിയായിരിക്കെ നിങ്ങൾക്ക് ഇപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട് എന്ന് പാറയുകയോ നീ കള്ള വാദിയാണെന്നു പറഞ്ഞു ഖണ്ഡിക്കുക

*ആരംഭത്തിൽ തന്നെ എന്റെ ജീവിതം ഭയഭക്തിയിലും തഖ്‌വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച മഹാ ഭാഗ്യമാണ്. ചിന്തിക്കുന്നവർക്ക് ഇതും ഒരടയാളമാണ്. (തദ്ക്കിറത്തുശ്ശഹാദതൈൻ, പേ. 62)*

*അക്രമികളായ എതിരാളികളുടെ വായടക്കുവാൻ അല്ലാഹു ഇൽഹാം മുഖേന എന്നെ ഇപ്രകാരം അറിയിച്ചിരിക്കുന്നു. ഇവരോടു ചോദിക്കുക. എന്റെ നാൽപ്പത് വർഷക്കാലത്തെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിതത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്! ഏതെങ്കിലും ഒരു കളവ്, ചതി എന്റെ ജീവിതത്തിൽ നിന്ന് നിങ്ങൾക്ക് എടുത്തുകാണിക്കുവാൻ സാധിക്കുമോ? (തിരിയാക്കുൽ ഖുലൂബ്)*

അദ്ദേഹം വീണ്ടും പറയുന്നു:

എനിക്കിപ്പോൾ അറുപ്പത്തഞ്ചു വയസ്സായി. എന്റെ അടുത്തോ അകലത്തോ താമസിക്കുന്ന ആർക്കും തന്നെ എന്റെ ഇതപര്യന്തമുള്ള ജീവിതത്തിൽ നിന്ന് ഒരു പോരായ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിന് മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെ കൊണ്ടു തന്നെ പറയിപ്പിച്ചിരിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് തന്റെ ഇശാഅത്തു സുന്ന എന്ന മാസികയിൽ ഈയുള്ളവനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുന്നത് പോലെ മറ്റാർക്കും അറിയില്ലെന്ന് വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട ഫത്‌വകളുടെ കാരണക്കാരായ ഒരു ശത്രുവിനെക്കൊണ്ട് തന്നെ അല്ലാഹുവിന്റെ പരിശുദ്ധതയെ കുറിച്ച് ഫഖദ്‌ലബിസ്ത്തു ഫീക്കും എന്ന സത്യസാക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു. (നുസൂലുൽ മസീഹ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിനുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിന് മുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നു വരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ഹദ്റത്ത് വാഗ്ദത്ത മസീഹ് സൂചിപ്പിച്ച മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്റെ പവിത്ര ജീവിതത്തെ പറ്റി ഇപ്രകാരം ഏറ്റുപറയുന്നു:

*ബറാഹീനെ അഹ്മദിയ്യായുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയും കുറിച്ച് നാം അറിയുന്നത് പോലെ നമ്മുടെ സമകാലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കയില്ല. അദ്ദേഹം എന്റെ സ്വന്തം നാട്ടുകാരനും ആദ്യകാല സഹപാഠിയുമായിരുന്നു. (ഇശാഅത്തുസുന്ന: വോ 7. പേ 176)*

*ബറാഹീനെ അഹ്മദിയ്യ ആ ഗ്രന്ഥ കർത്താവ് അനുകൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളുടെ സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്നവനാണ്) ശരീഅത്തെ മുഹമ്മദിയ്യായിൽ അധിഷ്ഠിതവും പരിശുദ്ധവാനും സത്യാത്മാവും ആണ്. (ഇശാ അത്തുസുന്ന: വോ, 7,പേ,384)*

*ധനം കൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്‌ലാമിന്‌വേണ്ടി ഈ ഗ്രന്ഥകർത്താവിനെ പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവിക മുസ്‌ലിംകളിൽ പോലും വളരെ വിരളമായേ കാണപ്പെടുന്നുള്ളു. (ഇശാഅത്തുസുന്ന: വോ, 6 പേ, 169,100)*

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലാനാ സഫർ അലി ഖാൻ തന്റെ സമീന്ദാർ എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ ക്കുറിച്ചുള്ള ചരമക്കുറിപ്പിൽ എഴുതുന്നു

*'യൗവന ദശയിൽ പോലും അദ്ദേഹം വളരെയധികം സാത്വികനും മുത്തഖിയും ആയ ഒരു മാന്യദേഹമായിരുന്നുവെന്ന് ഒരു ദൃക്സാക്ഷിയെന്നോണം ഞാൻ സാക്ഷ്യം വഹിക്കുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ വാദഗതികളോട് പൂർണമായി യോജിക്കുവാൻ സാധിക്കുകയില്ലെങ്കിൽ കൂടി അദ്ദേഹം യഥാർഥ മുസൽമാനാണെന്ന് ഞങ്ങൾക്ക് പറയുവാൻ സാധിക്കുന്നതാണ്.' (സമീന്ദാർ)*

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാ അമൃത്സരി തന്റെ 'താരീഖെ മിർസാ' എന്ന പുസ്തകത്തിലെഴുതുന്നു:

*എപ്രകാരം മിർസാ സാഹിബിന്റെ ജീവിതത്തിനു രണ്ട് ഭാഗങ്ങളുണ്ടോ അതേ പ്രകാരം മിർസാ സാഹിബുമായുള്ള എന്റെ ബന്ധത്തിനും രണ്ട് ഭാഗങ്ങളുണ്ട്. ബറാഹീനെ അഹ്മദിയ്യാ വരെയും അതിന് ശേഷവും. ബറാഹീൻ വരെ ഞാൻ മിർസാ സാഹിബിനോട് സദ്ഭാവന വെച്ച് പുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽനിന്നും ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു. (താരീഖെ മിർസാ, പേ. 53)*

ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദ് (അ)ന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതം നിർണായകമായൊരു സത്യ സാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചു തന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിനുള്ള അനിഷേധ്യമായ ഒരു തെളിവാണ്.

# ദൈവീക ജ്ഞാനത്തിന്റെ ഹൃദയബന്ധം

പാപവിമുക്തിയുടെ അതിസൂക്ഷ്മമായ വശങ്ങളിലേക്ക് വെളിച്ചം വീശുന്ന ലേഖനം. വിവ: നജീബ് ഖാൻ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

**ദൈവീക** ജ്ഞാനം എന്നതിന്റെ അടിസ്ഥാന യാഥാർഥ്യം വാക്കുകളിൽ വിശദീകരിക്കുവാൻ സാധിക്കുന്ന കാര്യമല്ല. അങ്ങനെയായിരുന്നുവെങ്കിൽ എല്ലാവർക്കും അത് ഓർത്തിരിക്കാനും മനസ്സിലാക്കാനും കഴിയുമായിരുന്നു. എന്നാൽ അങ്ങനെ സാധ്യമല്ല. നബി(സ) യെക്കാളും മനുഷ്യരോട് സ്നേഹവും അനുകമ്പയും പ്രകടിപ്പിക്കാൻ ആർക്കെങ്കിലും സാധ്യമാണോ? നബി(സ)യെ കുറിച്ച് അല്ലാഹു പറയുന്നു. എല്ലാവരും എന്തുകൊണ്ട് വിശ്വാസികളായി ത്തീരുന്നില്ലെന്ന് കരുതി നീ നിന്നെത്തന്നെ നശിപ്പിച്ചുകളയുമോ?

നീ അവർക്കു വേണ്ടി നിന്നെത്തന്നെ നശിപ്പിച്ചു കളയുമോ എന്ന് അല്ലാഹു നബി (സ)യോടു ചോദിക്കത്തക്ക വിധത്തിൽ നബി(സ) ജനങ്ങളുടെ ഗുണകാംക്ഷിയായിരുന്നു. ദൈവീകജ്ഞാനത്തെ വാക്കുകളിൽ വിവരിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ നബി (സ) വിവരിക്കുമായിരുന്നു. എന്നാൽ നബി(സ) അങ്ങനെ വിവരിച്ചിട്ടില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് ദൈവീകജ്ഞാനം (മഅ്രിഫത്തെ ഇലാഹി) വാക്കുകളിൽ വിവരിക്കുവാൻ കഴിയുന്ന കാര്യമല്ലെന്നാണ്. ഇതിന്റെ ബന്ധം ഹൃദയവുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇർഫാനെ ഇലാഹി എന്നാൽ ദൈവത്തെ പ്രാപിക്കുന്നതിനാണ് പറയുന്നതെന്ന് ഞാൻ പറഞ്ഞു. ഇതിന്റെ യഥാർഥ്യം വാക്കുകളിൽ പ്രകടിപ്പിക്കുക സാധ്യമല്ല. അങ്ങനെ കഴിയുമായിരുന്നുവെങ്കിൽ നബി (സ)യും മസീഹ് മൗഊദ് (അ)ഉം എല്ലാവരെയും ജ്ഞാനികൾ ആക്കിത്തീർക്കുമായിരുന്നു. ഞാനും ഇതിന്റെ യാഥാർഥ്യം വിവരിക്കുകയല്ല. അതിന് സാധിക്കുകയുമില്ല. എന്നാൽ ഇത് കരസ്ഥമാക്കാനായി പറയപ്പെട്ടിട്ടുള്ള മാർഗങ്ങൾ വിശദീകരിക്കുകയാണ് ഞാൻ ചെയ്യുന്നത്.

ശിഷ്യന്റെ അവസ്ഥ ഗുരുവിന് അറിയാൻ കഴിയില്ലെന്ന് പറയാറുണ്ട്. അതുപോലെ ഗുരുവിന്റെ അവസ്ഥ ശിഷ്യനും അറിയാൻ കഴിയില്ല. അവരവരുടെ ഹൃദയത്തിൽ ഉണ്ടാവുന്ന അവസ്ഥാ വിശേഷങ്ങൾ പരസ്പരം അറിയാൻ കഴിയില്ല എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാളുടെ ഹൃദയാവസ്ഥ മറ്റൊരാൾക്ക് അറിയാൻ കഴിയില്ല. യഥാർഥത്തിൽ ഇത് വാക്കുകളിൽ പ്രകടിപ്പിക്കാൻ കഴിയാത്ത വൈജ്ഞാനിക കഴിവാണ്. കരസ്ഥമാക്കുന്നവർക്ക് പോലും ഇത് വിവരിക്കുക അസാധ്യമാണ്. എന്നാൽ ഇത് പ്രാപ്യമാക്കാൻ സാധിക്കുന്ന മാർഗങ്ങൾ വിശദീകരിക്കാൻ സാധിക്കും. അത് വിശദീകരിക്കുന്നതാണ്. ഇവ പ്രാവർത്തികമാക്കിയതിന് ശേഷം സംജാതമാകുന്ന അവസ്ഥാ വിശേഷത്തെ കുറിച്ച് ഇന്ന് വരെ ആരും വിശദീകരിച്ചിട്ടില്ല. എനിക്കും വിശദീകരിക്കാൻ സാധ്യമല്ല. പഞ്ചസാര ഉണ്ടാക്കുന്നത് എങ്ങനെയാണ് എന്ന് പറയാൻ കഴിയും, എന്നാൽ അത് കഴിക്കുന്നത് വരെ അതിന്റെ രുചി പറഞ്ഞുകൊടുക്കുക സാധ്യമല്ല. അതുപോലെ ഇർഫാനെ ഇലാഹി എന്താണെന്ന് പറഞ്ഞു കൊടുക്കാം. എന്നാൽ അതിന്റെ അവസ്ഥ എന്താണെന്ന് വിവരിക്കുക അസാധ്യമാണ്. എന്നാൽ ആരെങ്കിലും അത് കരസ്ഥമാക്കിയാൽ അതിന്റെ അവസ്ഥ അയാൾക്ക് സ്വയംമനസ്സിലാകുന്നതാണ്.

### ദൈവത്തെ തിരിച്ചറിയാനുള്ള മാർഗങ്ങൾ

ഇനി ഞാൻ ഇർഫാനെ ഇലാഹി കരസ്ഥമാക്കേണ്ട ശരിയായ മാർഗങ്ങളും രീതികളും എന്തൊക്കെയാണെന്ന് വിവരിക്കുകയാണ്. വിശുദ്ധ ഖുർആൻ വിവരിക്കുന്ന ഗുണനാമങ്ങളുടെ

അടിസ്ഥാനത്തിൽ ആ സത്തയെ അന്വേഷിക്കുകയാണ് ഇർഫാനെ ഇലാഹിയുടെ അർഥമെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഇനി അതിനെ അന്വേഷിക്കേണ്ട മാർഗ ങ്ങൾ എന്തൊക്കെയാണെന്നാണ് നോക്കേണ്ടത്. മറ്റു വസ്തുക്കളെ പോലെ മനുഷ്യൻ ദൈവത്തെ തന്റെ മുമ്പിൽ കാണുകയും തന്റെ അവയവം കൊണ്ട് സ്പർശി ക്കുകയും ചെയ്യുകയെന്നാണ് അന്വേഷിക്കുകയെന്നത് കൊണ്ട് അർത്ഥമാക്കുമ്പോൾ ദൈവത്തി ലുള്ള എല്ലാ കാര്യങ്ങളും മനുഷ്യ രിലും ഉണ്ടായിരിക്കേണ്ടതാണ്. കാരണം നമ്മുടെ അവയവങ്ങൾ സ്പർശിക്കുന്ന വസ്തുക്കൾ എല്ലാം പദാർഥരൂപത്തിൽ തന്നെ യുള്ളവയാണെന്ന് നമുക്ക് കാണാ വുന്നതാണ്. പദാർഥത്തിന്റെ അംശം എത്രകണ്ട് വസ്തുക്കളിൽ കുറഞ്ഞ് വരുമോ അത്രകണ്ട് നേർത്ത രീതിയിലാണ് വസ്തുക്കളെ അനുഭ വിച്ചറിയാൻ കഴിയുക. വസ്തു ക്കളിൽ ഏതുവരെ സാദൃശ്യം ഉണ്ടാകുന്നില്ലയോ അതുവരെ അതിൽ പരസ്പരബന്ധം ഉടലെടു ക്കുകയില്ലെന്നതാണ് അതിനു കാരണം. ഉദാഹരണത്തിന് പോത്തി ന്റെയും അറിവിന്റെയും ഇടയിൽ ഒരു തരത്തിലുമുള്ള സാദൃശ്യവും ഇല്ലാത്തതിനാൽ പോത്തിന്റെ മുന്നിൽ എത്ര നല്ല തത്ത്വങ്ങൾ വിശദീകരിച്ചാലും അതിന് ഒരിക്കലും മനസ്സിലാവുകയില്ല. അതുപോലെ തത്തയിൽ നാവിന്റെ കാര്യത്തിൽ സാദൃശ്യമുണ്ടെങ്കിലും ബുദ്ധിപരമായ കാര്യത്തിൽ സാദൃശ്യം ഇല്ലാത്തതുകൊണ്ട് അത് ശബ്ദത്തെ അനുകരിക്കുമെങ്കിലും ഒരു കാര്യവും അത് മനസ്സിലാ ക്കുന്നില്ല. ആയതിനാൽ ഇർഫാനെ ഇലാഹിക്ക് സാദൃശ്യം ഉണ്ടായിരി ക്കേണ്ടതാണ്. ദൈവവുമായി സാദൃശ്യം ഉണ്ടായിത്തീരുമ്പോഴും ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യ നിൽ ഉത്ഭൂതമാകുമ്പോഴാണ് അവന് ഇർഫാൻ കരസ്ഥമാകു ന്നത്. നമ്മുടെ അസ്തിത്വം ദൈവ ത്തെ പോലെ ആയിത്തീരുന്നതു വരെ ഇർഫാനെ ഇലാഹി കരസ്ഥ മാവുകയില്ലെന്ന് ഞാൻ പറയുക യില്ല. എന്നാൽ അതായത്, ദൈവ ത്തിന്റെ സ്വഭാവം തനിക്ക് ഉണ്ടാക്കിയെടുക്കുകയെന്നത് നബി(സ) പറഞ്ഞത് ഞാൻ ആവർത്തിക്കുകയാണ്. നിങ്ങളിലും ദൈവത്തിലും ഒരു സാദൃശ്യം ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾ ദൈവത്തെ കാണുന്നതാ ണ്. നബി(സ) പറഞ്ഞത് അതുകൊ ണ്ടാണ്. നിങ്ങൾ ദൈവത്തെപോലെ ആയിത്തീരുമെന്നല്ല പറഞ്ഞത് മറിച്ച് നിങ്ങളുടെ സ്വഭാവം ദൈവ ത്തിന്റെ സ്വഭാവം പോലെ ആക്കിത്തീർക്കുകയെന്നാണ് പറഞ്ഞിട്ടുള്ളത്. ആർക്കും തന്നെ ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ച് മനസ്സിലാക്കാൻ കഴിയാ ത്തതിനാൽ അവന്റെ സാദൃശ്യം സ്വായത്തമാക്കാനും കഴിയില്ല എന്നതാണ് വാസ്തവം. മറ്റു വസ്തുക്കളെ പോലെ അല്ലാഹു വിന്റെ അസ്തിത്വത്തെ മനുഷ്യന് കാണാൻ സാധ്യമല്ല. എന്നാൽ അവന് മനസ്സിലാക്കാൻ കഴിയുന്ന ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ സന്നിവേശിപ്പിച്ചുകൊണ്ട് ദൈവ ത്തെ കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ടാണ് ദൈവത്തിന്റെ സ്വഭാവം തന്നിൽ രൂപപ്പെടുത്തിയെ ടുക്കുന്നതിലേക്ക് നബി(സ) ശ്രദ്ധ ചെലുത്തിയത്. അല്ലാഹുവിന്റെ സ്വഭാവം എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത് അല്ലാഹുവിന്റെ ഗുണവി ശേഷങ്ങളാണ്.

എന്റെ നാവിൽ നിന്ന് 'സിഫാത്ത്' അഥവാ ഗുണങ്ങൾ എന്ന പദം ഉയർന്നപ്പോൾ തന്നെ ഒരു സുഹൃത്തിന്റെ സ്വപ്നം ഞാൻ ഓർത്തു പോയി. വാർഷിക സമ്മേളനത്തിന് ദൈവീക നാമ ങ്ങളെ കുറിച്ച് ഞാൻ പ്രസംഗിക്കു ന്നതായി അദ്ദേഹം സ്വപ്നം കണ്ടു. അതുകൊണ്ട് ദൈവീക നാമങ്ങളെ കുറിച്ച് പ്രസംഗിക്കാൻ അദ്ദേഹം എന്നോട് പറയുകയുണ്ടായി. ഈ സ്വപ്നം എന്നോട് പറഞ്ഞ സന്ദർഭ ത്തിൽ വാർഷിക സമ്മേളനത്തി നായി മറ്റൊരു വിഷയം ഞാൻ തയ്യാറാക്കിയിരുന്നു. ഇപ്പോൾ 'സിഫാത്ത്' എന്ന പദം ഉച്ചരിച്ച പ്പോൾ അദ്ദേഹത്തിന്റെ സ്വപ്നം ഞാൻ സാന്ദർഭികമായി ഓർത്തു പോയതാണ്.

മഅ്രിഫത്തെ ഇലാഹി കരസ്ഥമാക്കുന്നതിന് വേണ്ടി ദൈവത്തിന്റെ സവിശേഷ ഗുണ ങ്ങൾ തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കി യെടുക്കേണ്ടതുണ്ട്. കാരണം മനുഷ്യൻ ഏതുവരെ റബ്ബും റഹ്മാനും റഹീമും മുഹൈമിനും സത്താറും ഗഫ്ഫാറും ആയിത്തീ രുന്നില്ലയോ അതുവരെ അല്ലാഹു വിന്റെ പ്രതിബിംബം ആയിത്തീരാൻ സാധ്യമല്ല. ദൈവീക ഗുണങ്ങളുടെ ഛായ എത്രകണ്ട് മനുഷ്യനിൽ ഉണ്ടായിക്കൊണ്ടിരിക്കുമോ അത്ര കണ്ട് അവൻ ദൈവീക ഗുണങ്ങളെ ദർശിച്ചുകൊണ്ടിരിക്കും. എന്നാൽ ദാസനുമായി ബന്ധമുള്ള എല്ലാ ഗു ണങ്ങളും തന്നിൽ വാർത്തെടുക്കു മ്പോഴാണ് അയാൾ പരിപൂർണ മനുഷ്യനും ജ്ഞാനിയും ആയി ത്തീരുന്നത്. അതിനുശേഷം അയാൾക്ക് ദൈവസായൂജ്യം എളുപ്പമായിത്തീരുന്നു. അവനും ദൈവവുമായി ഒരു ബന്ധം ഉണ്ടായി ത്തീരുന്നു.

ദൈവീക ഗുണങ്ങൾ തന്നിൽ എന്തിന് വേണ്ടിയാണ് വളർത്തി യെടുക്കേണ്ടത് എന്ന ചോദ്യം ഉന്നയിക്കാറുണ്ട്. ആരോ പറഞ്ഞത് പോലെ അതായത് ***"ചന്ദനം തലവേദനക്ക് നല്ലതാണെന്ന് പറയും എന്നാൽ ചന്ദനം ഉരച്ച് പുരട്ടുകയെന്നതും ഒരു തലവേദന തന്നെയല്ലേ"***

### ദൈവീക ഗുണങ്ങൾ സ്വായത്തമാക്കേണ്ട രീതികൾ

ഇർഫാനെ ഇലാഹി കര സ്ഥമാക്കുന്നതിനായി ദൈവീക ഗുണങ്ങൾ സ്വായത്തമാക്കേണ്ടതാ ണെന്ന കാര്യം മനസ്സിലായി കഴിഞ്ഞു. എന്നാൽ ദൈവീക ഗുണങ്ങൾ സ്വായത്തമാവേണ്ടത് എങ്ങനെയാണ് എന്ന കാര്യവും

മനസ്സിലാക്കേണ്ടതുണ്ട്. അധിക മാളുകളും മറ്റുള്ളവരോട് കരുണ കാണിക്കണമെന്നും കാഠിന്യം കാണിക്കരുതെന്നും ആഗ്രഹിക്കുന്നവരാണെങ്കിലും അവരുടെ ഹൃദയത്തിന്റെ കാഠിന്യം അങ്ങനെ പ്രവർത്തിക്കാൻ അവരെ അനുവദിക്കുന്നില്ല. അതുപോലെ മറ്റുള്ളവരുടെ ന്യൂനതകൾ മറച്ച് വെക്കണമെന്ന് പല ആളുകളും ആഗ്രഹിക്കാറുണ്ട്. എന്നാൽ സന്ദർഭം വരുമ്പോൾ അവരുടെ വായിൽ നിന്ന് അത് പുറത്താവുന്നു. ഇതുപോലെ മാപ്പാക്കുന്ന ശീലം വളർത്തിയെടുക്കാൻ പലരും ശ്രമിക്കാറുണ്ട്.എന്നാൽ അവർക്ക് അത് സാധ്യമാകുകയില്ല. പരിശ്രമവും പ്രയ്തനവും ഉണ്ടായിട്ടും ഈ ഗുണങ്ങൾ ജനങ്ങൾക്ക് ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ അല്ലാഹുവിന്റെ ഗുണങ്ങൾ അവരിൽ നിന്ന് പ്രകടമാകും വിധം എങ്ങനെ മനുഷ്യന്റ കർമങ്ങൾ ആയിത്തീരും എന്ന ചോദ്യം അവശേഷിക്കുന്നു. .

## ദൈവീക ഗുണങ്ങളെക്കുറിച്ചുള്ള അറിവ്

മനുഷ്യൻ അല്ലാഹുവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കണമെന്നതാണ് ഒന്നാമത്തെ അനിവാര്യമായ കാര്യം. ആർക്കാണ് ഇതിനെക്കുറിച്ച് അറിവില്ലാത്തത് ഇത് വളരെ നിസ്സാരമായ കാര്യമല്ലേ എന്നൊന്നും ധരിക്കരുത്. കാരണം അധികം ആളുകൾക്കും ദൈവീകഗുണനാമങ്ങൾ മന:പാഠമാകാറില്ല. ഇനി മന:പാഠമായാൽ തന്നെ അവയുടെ അർഥം അറിയുകയില്ല. ദൈവീക നാമങ്ങൾ മന:പാഠമാക്കുന്ന സമ്പ്രദായം പൊതുവായി മുസ്ലീംകളിൽ കാണാമെങ്കിലും അതിന്റെ അർഥം അവർക്ക് അറിയുകയില്ല. അർഥം അറിയാതെ വാക്കുകൾ കൊണ്ട് മാത്രം ഒരു പ്രഭാവവും ഉണ്ടാവുകയോ അവയിലൂടെ കർമപരമായ ഒരു പരിവർത്തനം സംജാതമാവുകയോ ഇല്ല. അധികം ആളുകൾക്കും അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഓർമയില്ല എന്നുളളതാണ് ഒന്നാമത്തെ കാര്യം. ഓർമയുള്ളവർക്കാകട്ടെ അതിന്റെ അർഥം അറിയുകയുമില്ല. ഇനി അർഥം അറിയുന്നവർക്കാണെങ്കിൽ അവനെ കുറിച്ച് ഒരു തരത്തിലുള്ള ബന്ധവും അവരുടെ ബുദ്ധിയിൽ സംജാതമാകുന്നില്ല. ബന്ധം ഉണ്ടാകാത്തതുവരെ വാക്കുകൾ ഒരു ഗുണവും ചെയ്യുകയില്ല. ഉദാഹരണത്തിന് 'ശാത്തുൻ' എന്ന പദം ആടിനെയാണ് സൂചിപ്പിക്കുന്നത്. ആട് എന്താണെന്ന് അറിയാത്തവനോട് 'ശാത്തുൻ' എന്ന പദം ആടിനെയാണ് സൂചിപ്പിക്കുന്നത് എന്ന് പറഞ്ഞാൽ അവന് ഒന്നും തന്നെ മനസ്സിലാവുകയില്ല. മനുഷ്യന്റെ ബുദ്ധിയിൽ ഒരുവസ്തുവിന്റെ ശരിയായ രൂപം നൽകാൻ കഴിയാത്ത ഒരു അർഥം അവന് അറിയുന്നതും അറിയാത്തതും ഒരുപോലെയാണ്. അതിനാൽ അർഥം അറിഞ്ഞത് കൊണ്ടുമാത്രം കാര്യമില്ല. മറിച്ച് അവയുടെ രൂപപ്രകൃതങ്ങളും ബുദ്ധിയിൽ വരേണ്ടത് അനിവാര്യമാണ്. എന്നാൽ അധികം ആളുകളും അവരുടെ അവസ്ഥയെ സംബന്ധിച്ച് തികച്ചും അജ്ഞരാണ്. ഉദാഹരണമായി, ആരോടെങ്കിലും റബ്ബിന്റെ അർഥം ചോദിച്ചാൽ 'പരിപാലകൻ' എന്ന് പറയും. എന്നാൽ അവന്റെ ഹൃദയത്തിൽ പരിപാലകന്റെ അവസ്ഥയോ അർഥമോ രൂപമോ ഉണ്ടാവുകയി ല്ല. അല്ലാഹുവിന്റെ ഗുണനാമങ്ങൾ (സിഫാത്ത്) അറിയുകയെന്നതിന്റെ ഉദ്ദേശ്യം നാമങ്ങളോ അർഥങ്ങളോ ഓർത്തിരിക്കുക എന്നല്ല. അല്ലാഹുവിന്റെ നാമങ്ങൾ നാവിൽ വരുമ്പോൾ അല്ലെങ്കിൽ കാതിൽ കേൾക്കുമ്പോൾ തന്നെ അതിന്റെ അവസ്ഥാവിശേഷങ്ങളും ഹൃദയത്തിൽ ഉൽഭൂതമാകണം. ഉദാഹരണത്തിന്, റഹ്മാൻ എന്നതിന്റെ അർഥം 'ആവശ്യപ്പെടാതെ നൽകുന്നവൻ' എന്നാണ്. ഈ വാക്ക് നാവിൽ വരുമ്പോൾ തന്നെ ഹൃദയത്തിൽ 'ചോദിക്കാതെ നല്കുന്നവൻ' എന്ന യാഥാർഥ ആശയം അതായത് അല്ലാഹു

---

അല്ലാഹുവിന്റെ ഗുണനാമങ്ങൾ തന്നിൽ സന്നിവേശിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ ഈ ഗുണനാമങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് അറിഞ്ഞു കഴിയുമ്പോൾ മാത്രമാണ് അതിന്റെ യഥാർഥ അറിവ് കരസ്ഥമാകുന്നത്. ദൈവീക ഗുണങ്ങളുടെ യഥാർഥ അറിവ് കരസ്ഥമായി കഴിഞ്ഞാൽ പിന്നെ നന്മയുടെയും തിന്മയുടെയും അറിവ് സ്വയം സംജാതമാകുന്നതാണെന്ന് നല്ലവണ്ണം ഓർക്കുക. കാരണം ഈ ഗുണനാമങ്ങളെ അവലംബമാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ പേരാണ് നന്മയെന്നത്. ഇതിനെ ഉപേക്ഷിച്ചുകൊണ്ട് ഇതിനെതിരിൽ പ്രവർത്തിക്കുന്നതിന്റെ പേരാണ് തിന്മ. അല്ലാഹുവിന്റെ ഗുണനാമങ്ങൾക്കനു സൃതമായി തങ്ങളുടെ കർമങ്ങളെ മാറ്റുകയും അതിന് വിപരീതമായി വരുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുക എന്നതാണ് വിശുദ്ധ ഖുർആനിൽ അടിസ്ഥാനപരമായി പറഞ്ഞിട്ടുള്ളത്.

നമ്മുടെ അദ്ധ്വാനം കൂടാതെ നമുക്ക് തന്നനുഗ്രഹിച്ചിട്ടുള്ള ഔദാര്യങ്ങൾ വൈദ്യുതി പ്രവാഹം പോലെ നമ്മുടെ മുന്നിലൂടെ അല്ലെങ്കിൽ നമ്മുടെ ഹൃദയത്തിലൂടെ കടന്നു പോകണം. അല്ലാഹുവിന്റെ ഈ ഗുണം ചിത്രഭാഷയിലൂടെ നമ്മുടെ മുന്നിൽ പ്രകടമാകണം. ഈ കഴിവ് കരസ്ഥമായിട്ടില്ലാത്തവർ അല്ലാഹുവിന്റെ പൂർണമായ അവസ്ഥാരൂപം ഹൃദയത്തിൽ സംജാതമാകുന്നതിനായി സ്വയം ചിന്തിച്ച് ഈ വിശദീകരണങ്ങൾ സ്വന്തം ഹൃദയത്തിൽ കൊണ്ടു വരിക. അല്ലാഹുവിന്റെ ഏതെങ്കിലും ഗുണത്തിന്റെ അർഥം ചോദിക്കുമ്പോൾ പറയുമെങ്കിലും അതിന്റെ ആശയം ചോദിച്ചാൽ നിശ്ശബ്ദരാകുന്നവരാണ് അധികം ആളുകളും. അവരുടെ അവസ്ഥ ഈ പദ്യശകലം ബാഹ്യാർഥത്തിൽ ധരിച്ചവനെ പോലെയാണ്, അതായത്

***ഹം ഹുവേ തും ഹുവേ കെ മീർ ഹുവേ***

***ഉസ്കി സുൽഫോം കെ സബ് അസീർ ഹുവേ***

ഞങ്ങളെയും നിങ്ങളെയും മീർ സാഹിബിനെയും അവളുടെ മുടിയിൽ കെട്ടി ജയിലിൽ കൊണ്ടു പോയി.*

(മേൽ കവിതാ ശകലത്തിന്റെ യഥാർഥ അർഥം മീർ സാഹിബടക്കം നമ്മളെല്ലാവരും അവളുടെ മുടിയുടെ അഴകിൽ ആകൃഷ്ടരായി പോയി എന്നാണ്.)

ചുരുക്കത്തിൽ വാക്കുകളോടൊപ്പം അതുമായി ബന്ധപ്പെട്ടു കിടക്കുന്ന ശരിയായ അവസ്ഥയും സംജാതമാകുന്നതുവരെ, വാക്കുകളുടെ അർഥം മാത്രം അറിഞ്ഞതുകൊണ്ട് കാര്യമായില്ല. അതുകൊണ്ട് ദൈവത്തിന്റെ ഓരോ ഗുണത്തിന്റെയും അർഥം അറിയുകയെന്നത് മനുഷ്യന് അനിവാര്യമാണ്. ആ ഗുണത്തിന്റെ സകലമാന അവസ്ഥയും അവന്റെ ഹൃദയത്തിൽ ഇറക്കുന്നതിനായി അത് വിശദീകരിക്കുകയും വേണ്ടതാണ്. ഉദാഹരണത്തിന്, റബ്ബ് എന്ന പദത്തിന്റെ അർഥം സൃഷ്ടിക്കുന്നവൻ ജനിപ്പിച്ച് അഭിവൃദ്ധി നല്കുന്നവൻ എന്നാണ്. അഭിവൃദ്ധി നൽകുക എന്നതിന്റെ അർഥം എന്താണ്? എങ്ങനെയാണ് ഏതെല്ലാം തരത്തിലാണ് പുരോഗതി നൽകുന്നത് എന്നീ കാര്യങ്ങൾ വിശദീകരിച്ച് മനസ്സിലാക്കുക. ഈ ഗുണനാമത്തിന്റെ പൂർണമായ ആശയവും അവസ്ഥയും ഹൃദയത്തിൽ ഉൽഭൂതമാകുന്നതുവരെ അതിനെ വിശദീകരിച്ചുക്കൊണ്ടിരിക്കുക.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ ഗുണനാമങ്ങൾ തന്നിൽ സന്നിവേശിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ ഈ ഗുണനാമങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് അറിഞ്ഞു കഴിയുമ്പോൾ മാത്രമാണ് അതിന്റെ യഥാർഥ അറിവ് കരസ്ഥമാകുന്നത്. ദൈവീക ഗുണങ്ങളുടെ യഥാർഥ അറിവ് കരസ്ഥമായി കഴിഞ്ഞാൽ പിന്നെ നന്മയുടെയും തിന്മയുടെയും അറിവ് സ്വയം സംജാതമാകുന്നതാണെന്ന് നല്ലവണ്ണം ഓർക്കുക. കാരണം ഈ ഗുണനാമങ്ങളെ അവലംബമാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ പേരാണ് നന്മയെന്നത്. ഇതിനെ ഉപേക്ഷിച്ചുകൊണ്ട് ഇതിനെതിരിൽ പ്രവർത്തിക്കുന്നതിന്റെ പേരാണ് തിന്മ. അല്ലാഹുവിന്റെ ഗുണനാമങ്ങൾക്കനുസൃതമായി തങ്ങളുടെ കർമങ്ങളെ മാറ്റുകയും അതിന് വിപരീതമായി വരുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുക എന്നതാണ് വിശുദ്ധ ഖുർആനിൽ അടിസ്ഥാനപരമായി പറഞ്ഞിട്ടുള്ളത്. നന്മയുടെയും തിന്മയുടെയും എത്ര കണ്ട് വിവരണങ്ങൾ ഉണ്ടോ അതൊക്കെയും ഇതിന്റെ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ആണ്. അധികം ആളുകൾക്കും നന്മ തിന്മകൾ എന്താണെന്ന് അറിയാത്തതിനാൽ പലപ്പോഴും തിന്മയെ നന്മയായും നന്മയെ തിന്മയായും തെറ്റിദ്ധരിക്കുന്നു. അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഏതു കാര്യത്തെയാണ് ഉദ്ദേശിക്കുന്നതെന്ന് അവർക്കറിയില്ലയെന്നതാണ് അതിന് കാരണം.

## നന്മതിന്മകളുടെ വ്യതിരിക്തത

എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവ് നേടിയിട്ടുള്ളവരും ഒരു പരിധിവരെ ഹിതവും അഹിതവുമായ കാര്യങ്ങളുടെ വിശദീകരണം അറിയുന്നവരും ലോകത്ത് ഉണ്ടായിരുന്നിട്ടും അതനുസരിച്ച് പ്രവർത്തിക്കാൻ അവർക്ക് സാധിക്കുന്നില്ല. ഇതിനു പരിഹാരമെന്താണ്? അവർക്ക് ദൈവീകജ്ഞാനവും ആത്മശുദ്ധിയും കരഗതമാവുന്നതിന്, അവരുടെ ആഗ്രഹമനുസരിച്ച് അല്ലാഹു അനുവദിച്ചു തന്ന കർമങ്ങൾ പ്രകാരം പ്രവർത്തിക്കാനും അവരെ തടഞ്ഞ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ കഴിവുകിട്ടുന്നതിനുമായി അവർ എന്തു മാർഗമാണ് സ്വീകരിക്കേണ്ടത്?

ദൈവീകജ്ഞാനം കരസ്ഥമാക്കാനായി ഒട്ടും പരിശ്രമിക്കാത്തവർക്ക് ദൈവത്തിന്റെ ഗുണങ്ങളെക്കുറിച്ച് ഒരു തരത്തിലുള്ള അറിവും ഉണ്ടാവുകയില്ല. അത്തരക്കാർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള അറിവ് നല്കുക എന്നതാണ് പരമപ്രധാനമായ കാര്യം. എന്നാൽ ദൈവത്തെ അഗീകരിക്കുന്നവരും ഇസ്‌ലാമിനെ അനുധാവനം ചെയ്യുന്നവരും ദൈവസാമീപ്യവും ജ്ഞാനവും കരസ്ഥമാക്കണമെന്ന് ആഗ്രഹിക്കുന്നവരുമാണ് ഇന്നത്തെ എന്റെ അഭിസംബോധകർ. അതിനാൽ നമുക്ക് ആദ്യം ഇവരുടെ പ്രശ്നത്തെപ്പറ്റി തന്നെ ചിന്തിക്കാം, അവരുടെ മാർഗത്തിൽ എന്തൊക്കെ തടസങ്ങളാണ് ഉള്ളതെന്നും അവയെ എങ്ങനെ ദൂരീകരിക്കാമെന്നും നോക്കാം.

***(ഇർഫാനെ ഇലാഹി (ദൈവജ്ഞാന ലബ്ധിക്കുള്ള മാർഗങ്ങൾ) എന്ന പുസ്തകത്തിൽ നിന്ന് )***

ഭാഗം – 8

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### സുറാഖായുടെ ശകുനവും കിസ്റായുടെ സ്വർണവളകളും

നട്ടുച്ച നേരത്തെ മരുഭൂമിയിലെ തിളച്ചുമറിയുന്ന ചൂടോ, ഇടയ്ക്കിടയ്ക്ക് പൊടിക്കാറ്റുയർത്തുന്ന ഭീഷണിയോ എല്ലാം തന്നെ അബൂബക്കറിനെ സംബന്ധിച്ചിടത്തോളം പതിവ് കാര്യങ്ങൾ മാത്രം. പ്രശ്നം ഒന്നേയുള്ളു അല്ലാഹുവിന്റെ റസൂലിന്റെ സുരക്ഷിതത്വം. അതുകൊണ്ട് ഗമനം മുന്നോട്ടാണെങ്കിലും അബൂബക്കറിന്റെ ദൃഷ്ടി പിറകോട്ട് തന്നെ. അല്ലാഹുവിന്റെ റസൂൽ ഇതൊന്നും ശ്രദ്ധിക്കുന്നേ ഇല്ല. ഖുർആൻ പാരായണത്തിൽ മുഴുകിയിട്ടാണുള്ളത്.

പെട്ടെന്നാണ് അബൂബക്കർ അത് കണ്ടത്. ഒരാൾ കുതിരപ്പുറത്തേറി മിന്നൽ വേഗതയിൽ തങ്ങളെ ലക്ഷ്യമാക്കി കുതിച്ചു പാഞ്ഞു വരുന്നു. അബൂബക്കർ അൽപം പരിഭ്രമത്തോടെ പറഞ്ഞു, "യാ റസൂലുല്ലാഹ്, നമ്മെ ആരോ പിൻതുടരുന്നുണ്ട്." അല്ലാഹുവിന്റെ റസൂൽ യാതൊരു ഭാവഭേദവും കൂടാതെ അരുളി, "പേടിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്."

ഖുറൈശികളുടെ സമ്മാനത്തിൽ പ്രലോഭിതനായി മുഹമ്മദി (സ)നെ ജീവനോടെയോ അല്ലാതെയോ പിടികൂടാൻ വേണ്ടി പുറപ്പെട്ട ബനൂ മദ്ലജ് ഗോത്രക്കാരനായ സുറാഖാ ബിൻ മാലിക്ക് ബിൻ ജഅ്ശം ആയിരുന്നു ആ അശ്വാരൂഢൻ. പിൽകാലത്ത് ഇസ്ലാം സ്വീകരിച്ചുകൊണ്ട് റസൂലിന്റെ ശിഷ്യരിൽ ഒരാളായി മാറിയ അദ്ദേഹം ഈ സംഭവം വളരെ ആവേശത്തോടെ ഹൃദയസ്പൃക്കായ രീതിയിൽ മറ്റ് മുസ്ലിം സഹോദരന്മാരെ കേൾപ്പിക്കാറുണ്ടായിരുന്നു. വരൂ, നമുക്കും കേൾക്കാം, സുറാഖായുടെ വാക്കുകളിൽ കോരിത്തരിപ്പിക്കുന്ന ആ കഥ.

സുറാഖ വിവരിക്കുകയാണ്. മുഹമ്മദി (സ) ന്റെ തിരോധാനത്തിന് 3,4 ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. അതുണ്ടാക്കിയ കോലാഹലങ്ങളും അന്വേഷണങ്ങളും തെല്ലൊന്ന് കെട്ടടങ്ങിയിട്ടുണ്ട്. ആ ദിവസങ്ങളിലൊന്നിൽ ഞാൻ എന്റെ ഗോത്രസഭയിലിരിക്കുന്ന അവസരത്തിൽ ഖുറൈശികളിൽ പെട്ട ഒരാൾ വന്ന്, സമുദ്രതീരത്തിലൂടെ ഒട്ടകപ്പുറത്ത് രണ്ടു പേർ പോകുന്നതായി ദൂരെ നിന്ന് കണ്ടുവെന്നും, അത് മുഹമ്മദും കൂട്ടുകാരൻ അബൂബക്കറുമാണെന്ന് തന്നെയാണ് അയാൾ അനുമാനിക്കുന്നതെന്നും എന്നോട് പറയുകയുണ്ടായി. സാഹചര്യതെളിവുകൾ കൊണ്ട് അതവർ തന്നെയാണെന്ന് ഞാനും ഉറപ്പിച്ചു. അതോടൊപ്പം തന്നെ മുഹമ്മദി (സ)നെ പിടിക്കുന്നതിലൂടെ കൈവരാൻ പോകുന്ന ഭീമമായ പാരിതോഷികവും അതിലൂടെ ലഭിക്കുന്ന പേരും പ്രശസ്തിയും എന്റെ ഹൃദയത്തിലൂടെ ഒരു മിന്നൽ പിണർ പോലെ കടന്ന് പോയി.

ആ ദുരാഗ്രഹത്തിൽ എനിക്ക് വിവരം തന്ന ഖുറൈശിയെ ഒഴിവാക്കാനായി യാതൊരു ഗൗരവവും പുറത്ത് കാണിക്കാതെ വളരെ ലാഘവത്തോടെ, ആ പോയത് നമ്മുടെ ഇന്ന രണ്ട് പേരാണെന്നും അവർ അൽപം മുമ്പ് നമ്മുടെ മുന്നിലൂടെ പോയതേ ഉള്ളുവെന്നും ഞാൻ കള്ളം പറഞ്ഞു. എന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ ഞാൻ അവിടെ തന്നെ ഇരുന്നു. പിന്നീട് അൽപസമയത്തിനു ശേഷം പതുക്കെ അവിടെ നിന്നെഴുന്നേറ്റ് ആരോടും ഒന്നും പറയാതെ വീട്ടിൽ വന്ന്, കുതിരയെ വീടിന്റെ പുറകിൽ അൽപം അകലെയായി ഒരുക്കി നിർത്തുവാൻ വേലക്കാരിയോട് ഞാൻ ആവശ്യപ്പെട്ടു. ശേഷം അമ്പ്, വില്ല്, കുന്തം മുതലായ സാമഗ്രികളും ഭക്ഷണ സാധനങ്ങളും എടുത്ത് കുതിരപ്പുറത്തേറി ഞാൻ പുറപ്പെട്ടു. മുഹമ്മദും(സ) സംഘവും ഒട്ടകപ്പുറത്തും ഞാൻ കുതിരപ്പുറത്തും. അവർ എത്ര വേഗത്തിൽ ഓടിയാലും എനിക്കവരെ അനായാസം കണ്ടെത്താനാകുമെന്നെനിക്ക് ഉറപ്പുണ്ട്. ഞാൻ കുതിരയുടെ വേഗത കൂട്ടി. കുറേ ദൂരം ഓടിയ ശേഷം യസ്റബിന്റെ വഴിയിൽ അങ്ങ് ദൂരെ ഞാനവരെ കണ്ടു. രണ്ട് ഒട്ടകപ്പുറത്ത് നാലുപേർ. ഞാൻ കുതിരയെ കുളമ്പടിച്ച് ഒന്നു കൂടി വേഗത കൂട്ടി.

നിർഭാഗ്യമെന്ന് പറയട്ടെ, ഞാൻ ഏറെക്കുറെ അവരുടെ അടുത്തെത്തിയപ്പോൾ എന്റെ

കുതിരയുടെ കാലുകൾ മരുഭൂമിയിലെ മണലിൽ താണുപോയി. കുതിര വീണു. ഞാനും. ഭാഗ്യത്തിന് ഒന്നും പറ്റിയില്ല. ഞാൻ വേഗംഎഴുന്നേറ്റു. കുതിരയെ തട്ടിതടവി എഴുന്നേൽപ്പിച്ചു. ശേഷം നാട്ടുനടപ്പനുസരിച്ച് ശകുനം നോക്കാനായി ഞാൻ അമ്പും വില്ലുമെടുത്തു. എന്നാൽ ശകുനം എനിക്കെതിരാണെന്ന് മനസ്സിലായി. പക്ഷേ ഞാനത് കാര്യമാക്കിയില്ല. കാരണം ഏതൊരു കാര്യത്തിന് വേണ്ടിയാണോ നൂറ് ചുവന്ന ഒട്ടകം പാരിതോഷികമായി ലഭിക്കാനുള്ളത് അതിതാ എന്റെ തൊട്ടുമുന്നിൽ നിൽക്കുന്നു. ഞാൻ ആ ആർത്തിയിലും ദുരാഗ്രഹത്തിലും വീണ്ടും പുറപ്പെട്ടു. ഞാൻ കുതിരയുടെ വേഗത വീണ്ടും കൂട്ടി. ഞാനവരുടെ വളരെ അടുത്തെത്തി. ആ അവസരത്തിൽ മുഹമ്മദ്(സ.അ) ഒരു പ്രാവശ്യം പോലും തിരിഞ്ഞു നോക്കിയിരുന്നില്ല. എന്നാൽ അബൂബക്കർ അല്ലാഹുവിന്റെ റസൂലിന്റെ സുരക്ഷ ഉറപ്പാക്കാനായി പുറകിലേക്ക് നോക്കികൊണ്ടേഇരുന്നു. മുഹമ്മദ്(സ) ഖുർആൻ പാരായണത്തിൽ മുഴുകിയിട്ടാണുള്ളത്. ഖുർആൻ പാരായണം എനിക്ക് നന്നായി കേൾക്കാവുന്നത്ര അടുത്ത് ഞാൻ എത്തി. എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ, എന്റെ കുതിരയുടെ മുൻകാലുകൾ അതിന്റെ വയറ് വരെ മണ്ണിൽ ആണ്ട് പോയി. കുതിര മലന്നടിച്ചു വീണു. കുതിരപ്പുറത്തിരിക്കുന്ന ഞാൻ അൽപം അകലേക്ക് എടുത്തെറിയപ്പെട്ടു. ഞാൻ വീണ്ടും എഴുന്നേറ്റ് കുതിരയെ തട്ടിത്തടവി. അതിന്റെ കാലുകൾ പുറത്തെടുക്കാൻ സഹായിച്ചു. കുതിര മണ്ണിൽ പൂണ്ടുപോയ അതിന്റെ കാലുകൾ പുറത്തെടുക്കാനായി മുഴുവൻ ശക്തിയും പ്രയോഗിച്ചപ്പോൾ ആ പരിസരം മൊത്തം മണ്ണും പൊടിയും കൊണ്ട് നിറഞ്ഞു. ഞാനും മണ്ണിലും പൊടിയിലും കുളിച്ചു. ഇപ്രാവശ്യം കുതിരക്കും നല്ല വേദന പറ്റിയിട്ടുണ്ട്.

ഞാൻ വീണ്ടും അമ്പും വില്ലുമെടുത്ത് ശകുനം നോക്കി. ഇപ്രാവശ്യവും ശകുനം എനിക്കെതിരായിരുന്നു. ദുശ്ശ:കുനമാണെന്നെനിക്ക് മനസ്സിലായി. അങ്ങനെ ഞാൻ ഈ ഉദ്യമം ഉപേക്ഷിക്കുവാൻ തന്നെ തീരുമാനിച്ചു. എന്റെ കുതിരക്ക് പറ്റിയ അസാധാരണമായ ഈ അപകടത്തിൽ നിന്ന് എനിക്കൊരു കാര്യം മനസ്സിലായി. മുഹമ്മദി(സ)നെ പിടിക്കുക എന്നത് അസാധ്യമാണ്. എന്റെ ശകുന പരീക്ഷണത്തിലും അത് തന്നെയാണല്ലോ കണ്ടത്. മാത്രവുമല്ല ഇദ്ദേഹത്തിന്റെ ഭാഗ്യനക്ഷത്രം അങ്ങ് വളരെ ഉന്നതിയിലാണ്. ഒരു കാലത്ത് ഇയാൾ വിജയശ്രീലാളിതനാകുമെന്നും ഞാൻ മനസ്സിലാക്കി. ഞാൻ വീണ്ടും കുതിരപ്പുറത്തേറി മുന്നോട്ട് ഓടിക്കൊണ്ട് അവരെ വിളിച്ചു. അവരോടൊന്ന് നിൽക്കാൻ ഞാനപേക്ഷിച്ചു. അവർ നിന്നു. ഞാനവരുടെ അടുക്കൽ ചെന്നു.

ഞാനദ്ദേഹത്തോട് പറഞ്ഞു, താങ്കളുടെ നാട്ടുകാർ താങ്കളെ വധിക്കുവാനോ ജീവനോടെ പിടിക്കുവാനോ ഉള്ള ശ്രമത്തിലാണ്. അതിനായി ഭീമമായ സമ്മാനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടാണുള്ളത്. ഞാനും ഇതേ ഉദ്ദേശത്തിലും ദുരാഗ്രഹത്തിലുമാണ് താങ്കളെ പിൻതുടർന്നത്. എന്നാൽ ഞാൻ ആ ശ്രമം ഉപേക്ഷിച്ചു കൊണ്ട് തിരിച്ചു പോവുകയാണ്. അതിന് ശേഷം യാത്രയിൽ ഉപയോഗിക്കാനായി എന്റെ കയ്യിലുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ഞാൻ അവർക്ക് നൽകി. എന്നാൽ മുഹമ്മദ്(സ) അത് സ്വീകരിച്ചില്ല. എന്നോട് യാതൊന്നും ചോദിച്ചില്ല. ഞങ്ങളെ കണ്ടുമുട്ടിയ കാര്യം ആരോടും പറയേണ്ട എന്ന് മാത്രം എന്നോട് പറഞ്ഞു. ഇദ്ദേഹം സത്യപ്രവാചകനാണെന്നും ഇദ്ദേഹം വിജയിക്കുക തന്നെ ചെയ്യുമെന്നും ഞാൻ ഉറച്ചു വിശ്വസിച്ചു. ഞാൻ തിരിച്ചു പുറപ്പെടാൻ നേരത്ത് ഭാവിയിൽ സർവാധിപതിയായി കഴിഞ്ഞാൽ എനിക്ക് രക്ഷയും അഭയവും ലഭിക്കുമെന്ന് എഴുതി തരാൻ ഞാൻ ആവശ്യപ്പെട്ടു. അത്പ്രകാരം എഴുതി തരാൻ ആമിർ ബിൻ ഫുഹൈറയോട് നിർദേശിച്ചതനുസരിച്ച് ആമിർ എനിക്ക് ഒരു തോൽ കഷ്ണത്തിൽ അത് എഴുതി തന്നു.

സുറാഖാ ബിൻ മാലിക്ക് ആ രക്ഷാപത്രികയുമായി പുറപ്പെട്ടു. അല്ലാഹുവിന്റെ റസൂൽ സുറാഖയെ വിളിച്ച് നിൽക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് ചോദിച്ചു, സുറാഖാ,

കിസ്റായുടെ സ്വർണവളകൾ നിന്റെ കയ്യിൽ അണിയിക്കുമ്പോൾ നിന്റെ മനോവികാരം എന്തായിരിക്കും? സുറാഖ അങ്ങേയറ്റം ആശ്ചര്യത്തോടെ ചോദിച്ചു, ഏത് കിസ്റ?

തിരുനബി (സ) അരുളി, ഇറാൻ ചക്രവർത്തി.

സുറാഖക്ക് അത് വിശ്വസിക്കാൻ പ്രയാസമായിരുന്നു. സുറാഖ വീണ്ടും ചോദിച്ചു,

ഇറാൻ ചക്രവർത്തിയായ കിസ്റാ ബിൻ ഹുർമുസ്?

റസൂൽ തിരുമേനി(സ) അതേ എന്ന് മറുപടി പറഞ്ഞു കൊണ്ട് മുന്നോട്ട് നീങ്ങി.

സുറാഖ കണ്ണും മിഴിച്ച് ആശ്ചര്യപരതന്ത്രനായി അത്ഭുതത്തോടെ തിരുമേനിയേയും സംഘത്തേയും നോക്കിനിന്നു. അയാൾ ആലോചിക്കുകയാവാം. മരുഭൂമിയിൽ കഴിയുന്ന സുറാഖാ ബിൻ മാലിക്ക് ബിൻ ജഅ്ശം എന്ന ബദു എവിടെ കിടക്കുന്നു, പേർഷ്യൻ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി വിലസുന്ന ഹുർമുസിന്റെ മകൻ കിസ്റ എവിടെ കിടക്കുന്നു.**

## ഇയാൾ എന്റെ വഴികാട്ടി

യസ്റബിലേക്കുള്ള യാത്രയിൽ വഴിയിൽ പരിചിതരായ ധാരാളം പേരെ കണ്ടുമുട്ടി. കച്ചവടാവശ്യാർഥം കൂടുതലായി യാത്ര

ചെയ്യാറുള്ള അബൂബക്കറിനെ എല്ലാവർക്കും നന്നായി അറിയാം. കൂടെയുള്ള അല്ലാഹുവിന്റെ റസൂലിനെ ആർക്കും പരിചയമില്ല. മുമ്പ് കണ്ടിട്ടുമില്ല. പലരും, കൂടെയുള്ളതാരാണെന്ന് അബൂബക്കറിനോട് തിരക്കി. ''ഹാദാ യഹ്ദീനിയസ്സബീൽ'' എന്ന് അബൂബക്കർ മറുപടി നൽകിക്കൊണ്ടിരുന്നു. ഇതെനിക്ക് നേർമാർഗം കാണിച്ചുതരുന്ന ആളാണെന്നാണ് അബൂബക്കർ പറഞ്ഞത്. പക്ഷേ ഇയാൾ എന്റെ വഴികാട്ടി(ഗൈഡ്) യാണെന്നാണ് അബൂബക്കർ പറഞ്ഞത് എന്നാണ് കേൾക്കുന്നവർ മനസ്സിലാക്കിയത്. അബൂബക്കർ അത് തിരുത്താനോ വിശദീകരിക്കാനോ പോയില്ല.

## യസ്റബിൽ ഉൽസവ പ്രതീതി

അല്ലാഹുവിന്റെ റസൂൽ മക്കയിൽ നിന്ന് പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിഞ്ഞതു മുതൽ ഞങ്ങൾ ഉത്കണ്ഠയോടെ കാത്തിരിക്കുകയും സുരക്ഷിതമായി എത്തിച്ചേരുവാനായി ഞങ്ങൾ ദുആയിൽ വ്യാപൃതരാവുകയും ചെയ്തു. സ്ത്രീകളും കുട്ടികളും അടങ്ങുന്ന വലിയ സംഘം അല്ലാഹുവിന്റെ റസൂലിനെ സ്വീകരിക്കുവാനായി യസ്റബിന് വെളിയിൽ ദിവസവും കാത്തിരിക്കാൻ തുടങ്ങി. എല്ലാ ദിവസവും വെയിലിന് ശക്തി കൂടുന്നത് വരെ കാത്ത് നിന്ന ശേഷം നിരാശരായി തിരിച്ച് പോകും. അന്നും വളരെ നേരം കാത്ത് നിന്ന ശേഷം തിരിച്ച് അവരവരുടെ വീടുകളിൽ എത്തിയതേ ഉള്ളൂ. പെട്ടെന്നാണ് അല്ലാഹുവിന്റെ റസൂൽ യസ്റബിൽ എത്തിക്കൊണ്ടിരിക്കുന്ന വിവരം അറിഞ്ഞത്.

നിമിഷനേരം കൊണ്ട് വിവരം യസ്റബിൽ പരന്നു. തക്ബീർ ധ്വനികളാൽ അന്തരീക്ഷം ശബ്ദ മുഖരിതമായി. കേട്ടവർ കേട്ടവർ അല്ലാഹുവിന്റെ റസൂലിനെ സ്വീകരിക്കുവാനായി, റസൂൽ വന്നു കൊണ്ടിരിക്കുന്ന വഴി ലക്ഷ്യമാക്കി അങ്ങേയറ്റത്തെ ഉത്സാഹത്തോടെ, ആവേശത്തോടെ ഓടി അടുത്തു. ശത്രുക്കളുടെ എല്ലാ ഗൂഢപദ്ധതികളിൽ നിന്നും രക്ഷപ്പെട്ട് കൊണ്ട് സുരക്ഷിതരായി റസൂൽ ഇവിടെ എത്തിയതിൽ എല്ലാവരും ആഹ്ളാദഭരിതരായി അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. അവർ അല്ലാഹുവിന്റെ റസൂലിനെ കണ്ടു. കെട്ടിപ്പുണർന്നു. അൻസാർ സഹോദരങ്ങളുടെ മുഖം സന്തോഷാധിക്യത്താൽ തിളങ്ങി. ഇഹത്തിലേയും പരത്തിലേയും എല്ലാ അനുഗ്രഹങ്ങളും തങ്ങൾക്ക് ലഭിച്ചതായി അവർ മനസ്സിലാക്കി. ഇതിലും വലിയൊരു സന്തോഷം ഇതിലും വലിയൊരു അനുഗ്രഹം ഇനി തങ്ങൾക്ക് ലഭിക്കാനില്ല എന്നവർ പറഞ്ഞു.

## അല്ലാഹുവിന്റെ റസൂൽ 'ഖുബ'യിൽ

സ്വീകരിക്കാൻ വന്നവരുമായുള്ള കൂടികാഴ്ചക്ക് ശേഷം അല്ലാഹുവിന്റെ റസൂൽ യസ്റബിന്റെ പ്രധാന ഭാഗത്തേക്ക് പ്രവേശിക്കുന്നതിന് പകരം യസ്റബിന്റെ തൊട്ടടുത്ത് രണ്ട് രണ്ടര നാഴിക അകലെ സ്ഥിതി ചെയ്യുന്ന 'ഖുബ' എന്ന ചെറു പട്ടണത്തിലേക്ക് തിരിഞ്ഞു. ആ സമയം മക്കയിൽ നിന്ന് പലായനം ചെയ്ത് വന്ന എന്നെ പോലുള്ള ധാരാളം മുഹാജിരീങ്ങൾ ഖുബയിലായിരുന്നു താമസിച്ചിരുന്നത്. ഖുബയിൽ അൻസാറുകൾ റസൂലിന് ഉജ്ജ്വല വരവേൽപ്പ് നൽകി. റസൂലിന് ഖുബയിലെ പ്രധാനിയായ കുൽസും ബിൻ ഹുദമിന്റെ വീട്ടിൽ താമസം ഒരുക്കി.

ഖുബയിൽ എത്തിയ ശേഷം ഒട്ടും തന്നെ വൈകാതെ ഒരു ചെറിയ പള്ളിക്ക് അല്ലാഹുവിന്റെ റസൂൽ തറക്കല്ലിട്ടു. പിന്നീട് ഞങ്ങൾ എല്ലാവരുടേയും പരിശ്രമ ഫലമായി ഏതാനും ദിവസം കൊണ്ട് ഒരു പള്ളി തയ്യാറായി. അല്ലാഹുവിന്റെ റസൂലിന് ഈ പള്ളിയുമായി അവസാന നാൾ വരെ ചെറുതല്ലാത്ത ഹൃദയബന്ധമുണ്ടായിരുന്നു. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഇവിടെ നമസ്കരിക്കാൻ വരുന്നത് പതിവായിരുന്നു.

അല്ലാഹുവിന്റെ റസൂൽ ഖുബയിൽ എത്തി മൂന്നോ നാലോ ദിവസമേ ആയിട്ടുണ്ടാവുകയുള്ളൂ. മക്കയിൽ തന്റെ വിരിപ്പിൽ ഉറക്കിക്കിടത്തി വന്ന അലി ബിൻ അബീ ത്വാലിബ്, അമാനത്തുകൾ എല്ലാം തന്നെ അല്ലാഹുവിന്റെ റസൂൽ പറഞ്ഞതുപോലെ മുശ്രിക്കീങ്ങളെ തിരികെ ഏൽപിച്ച ശേഷം സസുഖം ഖുബയിലെത്തി. എന്നാൽ റസൂലിന്റേയും അബൂബക്കറിന്റേയും കുടുംബാംഗങ്ങൾ മക്കയിൽ തന്നെയാണുള്ളത് എന്നത് എല്ലാവരേയും ഉത്കണ്ഠാകുലരാക്കി.

## ആദ്യ ജുമുഅ നമസ്കാരം

റസൂൽ(സ) ഖുബയിൽ പത്ത് പതിനഞ്ച് ദിവസം മാത്രമേ താമസിച്ചുള്ളൂ. പിന്നീട് തന്റെ യഥാർഥ ലക്ഷ്യസ്ഥാനമായ യസ്റബിന്റെ പ്രധാന ഭാഗത്തേക്ക് പുറപ്പെട്ടു. അന്നൊരു വെള്ളിയാഴ്ച ദിവസമായിരുന്നു. മക്കയിൽ നിന്ന് പലായനം ചെയ്ത് വന്ന ഞങ്ങൾ മുഹാജിരീങ്ങളും യസ്റബ് നിവാസികളായ അൻസാറുകളും അടങ്ങിയ വലിയൊരു ജനക്കൂട്ടം അല്ലാഹുവിന്റെ റസൂലിനോടൊപ്പമുണ്ട്. റസൂൽ ഒരു പെൺഒട്ടകപ്പുറത്താണുള്ളത്. തൊട്ട് പുറകിൽ അബൂബക്കർ മെല്ലെ നടന്നു നീങ്ങുന്നുണ്ട്. സംഘം പതുക്കെയാണ് മുന്നോട്ട് ഗമിക്കുന്നത്. വഴിയിൽ ജുമുഅ നമസ്കാരത്തിനുള്ള സമയമായി. അങ്ങനെ ബനൂ സാലിം ബിൻ ഔഫിന്റെ തെരുവിൽ എല്ലാവരും നമസ്കാരത്തിനായി ഒത്തു ചേർന്നു. അല്ലാഹുവിന്റെ റസൂൽ ഖുത്തുബ നിർവഹിക്കുകയും നമസ്കരിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ ഇത് ആദ്യ ജുമുഅ ആയിരുന്നു. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ജുമുഅ നമസ്കാരം

വളരെ പ്രധാനപ്പെട്ടതാണ്. നോമ്പിന്റെ പെരുന്നാൾ ഈദുൽ ഫിതർ പോലെ, ഹജ്ജിന്റെ പെരുന്നാൾ ഈദുൽ അസ്ഹാ പോലെ, ഒരാഴ്ചയിലെ നമസ്കാരങ്ങളുടെ പെരുന്നാളാണ് ജുമുഅ.

## യസ്റബ് എന്ന പുതിയ താവളവും ജനങ്ങളുടെ അമിതാവേശവും

ജുമുഅ നമസ്കാരശേഷം മുഴുവൻ ജനങ്ങളും റസൂലിനോടൊപ്പം വീണ്ടുംപുറപ്പെട്ടു. സംഘം കടന്ന് പോകുന്ന വഴിയുടെ ഇരുവശങ്ങളിലുമുള്ള വീടുകളുടെ മുകളിൽ സ്ത്രീകളും പെൺകുട്ടികളും കയറി നിന്ന് കൊണ്ട് അത്യാവേശത്തോടെ തങ്ങളുടെ സന്തോഷവും ആനന്ദവും പ്രകടിപ്പിക്കുമാറ് പാട്ട് പാടികൊണ്ടിരുന്നു.

തലഅൽ ബദറു അലൈനാ മിൻ സനിയാത്തിൽ വിദായി

വജബ ശ്ശുക്ക്റു അലൈനാ മാദആ ലില്ലാഹി ദാ ഈ

അയ്യുഹൽ മബ്ഊസു ഫീനാ ജിഅ്ത ബിൽ അംറിൽ മുതാഈ

പതിനാലാം രാവിലെ ചന്ദ്രൻ ഇതാ നമ്മുടെ മേൽ വിദാഅ് കുന്നിൻ മുകളിലൂടെ ഉദിച്ചുയർന്നിരിക്കുകയാണ്. അല്ലാഹുവിലേക്ക് നമ്മെ വിളിക്കുന്ന ആൾ നമ്മിൽ ഉള്ളേടത്തോളം അല്ലാഹുവിന് നന്ദി പറയാൻ നാം ബാദ്ധ്യസ്ഥരാകുന്നു. അല്ലയോ, ഞങ്ങളിൽ നിയോഗിതരായവരെ, അങ്ങയോട് ഞങ്ങളിതാ പരിപൂർണ കീഴ്വണക്കം സമർപ്പിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ജനങ്ങളുടെ ഇടയിലൂടെ മുന്നോട്ട് നീങ്ങുമ്പോൾ നബിയുടെ ആതിഥേയത്വം സ്വീകരിക്കുക എന്ന ബഹുമതിക്കായി ഓരോ ആളും അതിയായി ആഗ്രഹിച്ചു. അവർ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ വീടിതാ, ഞങ്ങളുടെ സ്വത്തും ജീവനുമിതാ. അങ്ങ് സ്വീകരിച്ചാലും. ചിലർ തങ്ങളുടെ വീട്ടു വാതിക്കൽ വെച്ച് റസൂലിന്റെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് വെച്ച് വീട്ടിൽ പ്രവേശിക്കാൻ അങ്ങേയറ്റം വിനയത്തോടെ അപേക്ഷിച്ചു. അവരോടെല്ലാം തന്നെ, എന്റെ ഒട്ടകത്തെ വിട്ടേക്കൂ, ഇന്ന് ഇത് അല്ലാഹു ഉദ്ദേശിക്കുന്നിടത്ത് തനിയെ നിന്നുകൊള്ളും എന്ന് പറയുകയുണ്ടായി.

അല്ലാഹുവിന്റെ റസൂൽ പിന്നേയും മുന്നോട്ടു നീങ്ങി. ബനൂ നജ്ജാറിന്റെ തെരുവിൽ എത്തിയപ്പോൾ അവിടുത്തെ ആളുകൾ അല്ലാഹുവിന്റെ റസൂലിനെ സ്വീകരിക്കുവാനായി പരമ്പരാഗത രീതിയിൽ ആയുധങ്ങൾ അണിഞ്ഞുകൊണ്ട് വരിവരിയായി നിൽക്കുന്നുണ്ടായിരുന്നു. അവിടുത്തെ പെൺകുട്ടികൾ സ്വാഗതമാലപിച്ചുകൊണ്ടിരുന്നു. അവർ പാടുകയാണ്,

നഹ്നു ജവാരിൻ മിൻ ബനീ നജ്ജാറിൻ യാ ഹബ്ബസാ മുഹമ്മദൻ മിൻ ജാറിൻ

ഞങ്ങൾ ബനൂ നജ്ജാർ ഗോത്രത്തിലെ പെൺകുട്ടികളാണ്. ഇന്ന് ഞങ്ങളുടെ മഹല്ലയിൽ താമസിക്കാനായി അല്ലാഹുവിന്റെ റസൂൽ എത്തിരിക്കുന്നു. ഞങ്ങൾ എത്ര ഭാഗ്യവാന്മാർ, ഭാഗ്യവതികൾ.

അവസാനം ഒട്ടകം കുറച്ചു കൂടി മുന്നോട്ടു പോയി. തുറസ്സായ ഒരു സ്ഥലത്ത് എത്തി. അവിടെ ഇരുന്നു. പിന്നീട് ഉടനെ തന്നെ എഴുന്നേറ്റ് മുന്നോട്ടു നടന്നു. ഏതാനും കാലടികൾ മുന്നോട്ടു വെച്ച ശേഷം ഒട്ടകം വീണ്ടും തിരിച്ച് ആദ്യം ഇരുന്ന സ്ഥലത്ത് തന്നെ വന്നിരുന്നു. അല്ലാഹുവിന്റെ റസൂൽ ദുആ ചെയ്തു കൊണ്ട് ഒട്ടകപ്പുറത്ത് നിന്നിറങ്ങി. എന്നിട്ട് പറഞ്ഞു,

'ഹാദാ ഇൻശാഅല്ലാഹ് അൽ മൻസിലു.' 'ദൈവഹിതം നാം ഇവിടെ തങ്ങണം എന്നാണെന്ന് തോന്നുന്നു.'

ബനൂ നജ്ജാർ ഗോത്രത്തിലെ രണ്ട് അനാഥ ബാലന്മാരുടെ ഭൂമിയായിരുന്നു അത്. അവരത് സൗജന്യമായി അല്ലാഹുവിന്റെ റസൂലിന്റെ ഉപയോഗത്തിനായി കൊടുക്കാൻ തയ്യാറായിരുന്നു. വില വാങ്ങാതെ താനത് സ്വീകരിക്കില്ല എന്ന് റസൂൽ പറഞ്ഞപ്പോൾ അതിന് വില നിശ്ചയിക്കുകയും വില നൽകുകയും ചെയ്തു.

ഈ സ്ഥലത്തിന് ഏറ്റവും അടുത്ത് അബൂഅയ്യൂബുൽ അൻസാരിയുടെ വീടായത് കൊണ്ട് റസൂൽ കരീം(സ)ന്റെ ആഗ്രഹപ്രകാരം റസൂലുല്ലായുടെ താമസം ആ വീട്ടിൽ നിശ്ചയിക്കപ്പെട്ടു. അതൊരു ഇരുനില കെട്ടിടമായിരുന്നു. മുകളിലത്തെ നില അല്ലാഹുവിന്റെ റസൂലിനായി ഒരുങ്ങി. താഴെ അദ്ദേഹവും കുടുംബവും. റസൂലിന്റെ ഭക്ഷണത്തിനുള്ള ഏർപ്പാടുകളും അദ്ദേഹത്തിന് തന്നെ ചെയ്യാനുള്ള മഹാഭാഗ്യം ലഭിച്ചു. എന്നാൽ കുറച്ചു ദിവസങ്ങൾക്ക് ശേഷം ഞങ്ങൾക്കും അല്ലാഹുവിന്റെ റസൂലിനെ സൽക്കരിക്കാനുള്ള അവസരം നൽകണമെന്ന് എല്ലാവരും വിനയപൂർവം ആവശ്യപ്പെട്ടത് കൊണ്ട് റസൂൽ തിരുമേനി അത് അംഗീകരിച്ചു. ഓരോ ആളും തങ്ങളുടെ ഊഴമനുസരിച്ച് അല്ലാഹുവിന്റെ റസൂലിന് ഭക്ഷണം എത്തിച്ചുകൊണ്ടിരുന്നു.

## യസ്റബ് എന്ന 'മദീനത്തുർറസൂൽ'

അല്ലാഹുവിന്റെ റസൂൽ യസ്റബിൽ എത്തിയ ശേഷം ജനങ്ങൾ യസ്റബിനെ 'റസൂലിന്റെ പട്ടണം' അല്ലെങ്കിൽ 'റസൂലുള്ള പട്ടണം' എന്ന അർഥത്തിൽ 'മദീനത്തുർറസൂൽ' എന്ന് വിളിക്കാൻ തുടങ്ങി. വളരെ പെട്ടെന്ന് തന്നെ ആ പേരിന് പ്രചാരം ലഭിക്കുകയും എല്ലാവരും അങ്ങനെ വിളിക്കുവാനും തുടങ്ങി. കാലക്രമേണ മദീനത്തുർറസൂൽ എന്നത് വിളിക്കുവാനുള്ള സൗകര്യത്തിന്നായി ചെറുതാക്കി 'മദീന' എന്ന്

മാത്രം വിളിക്കാനും പറയാനും തുടങ്ങി. പിന്നീട് ആ പേര് തന്നെ സ്ഥിരീകരിക്കപ്പെട്ടു. ഒരു കാലത്ത് ഈ പട്ടണം യസ്‌റബ് എന്ന പേരിൽ വിളിക്കപ്പെട്ടിരുന്നു എന്ന കാര്യം പോലും ജനങ്ങൾ പിന്നീട് മറന്നു പോയി. അത്ര കണ്ട് അവരുടെ ഹൃദയത്തിലും രക്തത്തിലും ആ പേര് അലിഞ്ഞു ചേർന്നു.

അല്ലാഹുവിന്റെ റസൂൽ മദീനയിൽ എത്തി കുറച്ചു കഴിഞ്ഞപ്പോൾ തന്നെ തന്റെ ഭാര്യാമക്കളെ കൊണ്ടു വരുന്നതിനായി സൈദ് ബിൻ ഹാരിസിനെ മക്കയിലേക്കയച്ചു. അദ്ദേഹം സുരക്ഷിതമായി അവരെയെല്ലാം മദീനയിൽ കൂട്ടികൊണ്ടു വന്നു. കൂടെ അബൂബക്കറിന്റെ മകൻ അബ്ദുല്ലായും മറ്റ് കുടുംബാംഗങ്ങളും ഉണ്ടായിരുന്നു.

## മദീനയിൽ പുതിയ പള്ളി

മദീനയിൽ എത്തിയ ശേഷം അല്ലാഹുവിന്റെ റസൂലിന്റെ പ്രഥമവും പ്രധാനവുമായ ജോലിയും ശ്രദ്ധയും ലക്ഷ്യവും തന്റെ ഒട്ടകം ഇരുന്നിടത്ത് ഒരു പള്ളിയും അതിനോട് ചേർന്ന് തനിക്കും കുടുംബത്തിനും അതുപോലെ എന്നെ പോലുള്ള മുഹജിരീങ്ങളിൽ കുറച്ചു പേർക്കെങ്കിലും താമസസ്ഥലം ഉണ്ടാക്കണം എന്നതായിരുന്നു. അതിനായി സ്വന്തം കൈകളാൽ തറക്കല്ലിട്ടു. ദുആ ചെയ്തു. ശേഷം ഞങ്ങൾ എല്ലാവരും നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ചില അവസരങ്ങളിൽ അല്ലാഹുവിന്റെ റസൂലും ഞങ്ങളോടൊപ്പം പങ്ക് ചേർന്നിരുന്നു. ഏഴ് മാസം കൊണ്ട് പള്ളിയും അതിനോട് ചേർന്ന് അല്ലാഹുവിന്റെ റസൂലിനും കുടുംബത്തിനും താമസ സൗകര്യവും ഒരുങ്ങി. അധികം ദൂരെയല്ലാതെ ഞങ്ങൾ മുഹാജിരീങ്ങളിൽ ചിലർക്കും താമസിക്കാനുള്ള മുറികൾ തയ്യാറായി. ചില മുഹാജിരീങ്ങൾക്ക്, അൻസാർ സഹോദരന്മാർ നേരത്തെ പണി കഴിപ്പിച്ച വീടുകൾ നൽകി. ഈന്തപ്പന തടിയും അതിന്റെ ഓലയും കൊണ്ടുള്ളതായിരുന്നു വീടും പള്ളിയും. അത് കാരണം മഴ പെയ്യുമ്പോൾ ചോർന്നൊലിക്കാറുണ്ടായിരുന്നു.

## മവാഖാത്ത് എന്ന നവീന സാഹോദര്യ ബന്ധം

മദീനയിൽ എത്തിയ ശേഷം അല്ലാഹുവിന്റെ റസൂൽ നിർവഹിച്ച പ്രധാനപ്പെട്ടതും മഹനീയവുമായ ഒരു കർത്തവ്യം പള്ളിയുടെ നിർമാണമാണെന്ന് ഞാൻ പറഞ്ഞുവല്ലോ. അതുപോലുള്ള മറ്റൊരു കാര്യം കൂടി അല്ലാഹുവിന്റെ റസൂൽ നിർവഹിക്കുകയുണ്ടായി. എന്നെപോലുള്ള ദരിദ്രരും പാവപ്പെട്ടവരുമായ മുഹാജിരീങ്ങൾ മക്കയിലായിരുന്നപ്പോഴും ജീവിതം വളരെ ബുദ്ധിമുട്ടിലായിരുന്നു തള്ളിനീക്കിയിരുന്നത്. ഒരു വശത്ത് ദാരിദ്ര്യവും മറുവശത്ത് ശത്രുക്കളുടെ പീഡനവും. എന്നിരുന്നാലും മക്ക സ്വന്തം നാടാണെന്ന ഒരു സമാധാനം മനസ്സിനുണ്ടായിരുന്നു. ആ ചിന്ത മനസ്സിന് ആശ്വാസം പകർന്നിരുന്നു. ആ എല്ലാ സാഹചര്യങ്ങളും ഉപേക്ഷിച്ച് കൊണ്ടാണ് മദീനയിൽ, പുതിയ നാട്ടിൽ പുതിയ ചുറ്റുപാടിൽ ഞങ്ങൾ എത്തിയിരിക്കുന്നത്. ഞങ്ങളിൽപ്പെട്ട സാമ്പത്തിക ശേഷിയുള്ളവരും ഇവിടെ എത്തിയപ്പോഴേക്കും അവരും തികച്ചും പാവങ്ങളും അഗതികളുമായി മാറി. അവർ ഇസ്‌ലാമിന്റെ സംരക്ഷണത്തിന്നും നിലനിൽപിനുമായി ഉള്ളതെല്ലാം മക്കയിൽ ഉപേക്ഷിച്ചുകൊണ്ടാണ് മദീനയിൽ എത്തിയിരിക്കുന്നത്. ഇവിടെ മദീനയിലെ മുസ്ലിം സഹോദരങ്ങളുടെ ഔദാര്യത്തിലാണ് ഞങ്ങൾ എല്ലാവരുംകഴിഞ്ഞു കൂടുന്നത്. അഭിമാനികളും മറ്റുള്ളവരുടെ ഔദാര്യം ആഗ്രഹിക്കാത്തവരുമായ ചിലർക്കെങ്കിലും ഇത് ഒരു മാനസിക പ്രശ്നമായിട്ടുണ്ട്. യഥാർഥത്തിൽ വിശാലമനസ്കരായ ഇവിടുത്തെ സഹോദരങ്ങൾ ഞങ്ങളുടെ ആവശ്യം അറിഞ്ഞ് എല്ലാം ഞങ്ങൾക്ക് തന്നു. അവർ ഞങ്ങൾക്ക് പാർക്കാൻ ഇടം നൽകി. ആഹാരവും വസ്ത്രവും തന്നു.

ഈ ബന്ധം ഒന്നുകൂടി ഊട്ടി ഉറപ്പിക്കുന്നതിനും മക്കയിൽ നിന്നും കുടിയേറി പാർത്തവർക്ക് ഒരു തരത്തിലുമുള്ള അഭിമാനപ്രശ്നം ഇല്ലാതിരിക്കാനുമായി ഞങ്ങൾ മുഹാജിരീങ്ങൾക്കും മദീനനിവാസികളായ അൻസാർ സഹോദരന്മാർക്കുമിടയിൽ അല്ലാഹുവിന്റെ റസൂൽ ഒരു നവീന സഹോദര്യ ബന്ധം കെട്ടിപ്പടുത്തു. ഇതിനെ പൊതുവിൽ മവാഖാത്ത് എന്നാണ് വിളിക്കുന്നത്. അസാധാരണവും സമാനതകളില്ലാത്തതുമായ ഒരു പരസ്പര സാഹോദര്യ ബന്ധം. അതിനായി ഒരു ദിവസം മുഹാജിരീങ്ങളെയും അൻസാറുകളേയും അല്ലാഹുവിന്റെ റസൂൽ അനസ് ബിൻ മാലിക്കിന്റെ വീട്ടിൽ ഒരുമിച്ചു കൂട്ടി.

എന്നിട്ട് ഒരു പുതിയ സാഹോദര്യ ബന്ധത്തെ കുറിച്ച് സംസാരിക്കുകയും ഓരോരുത്തരുടെയും സാഹചര്യങ്ങളേയും ചുറ്റുപാടുകളേയും മുൻനിർത്തി കൊണ്ട് മുഹാജിറിലും അൻസാറിലും പെട്ട ഓരോരുത്തരെ പുതിയ സാഹോദര്യ ബന്ധത്തിൽ കോർക്കുകയും ചെയ്തു. അങ്ങനെ ഒരു മുഹാജിർ ഒരു മദീന നിവാസിയുടെ സഹോദരനായി മാറി. പിന്നീടുള്ള ഞങ്ങളുടെ പരസ്പര പൊരുത്തം, ഞങ്ങളുടെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ബന്ധം, ഞങ്ങൾ കെട്ടിപ്പടുത്ത ആത്മാർഥതയുടേയും കൂറിന്റേയും നിലവാരം ഒരു ഉമ്മയിൽ നിന്നുണ്ടായ യഥാർഥ സഹോദരങ്ങളെ പോലും നാണിപ്പിക്കുന്നതും മോഹിപ്പിക്കുന്നതുമായിരുന്നു. അത്തരത്തിൽ അന്ന് തൊണ്ണൂറ് പേരെ അല്ലാഹുവിന്റെ റസൂൽ പുതിയ സാഹോദര്യ ബന്ധത്തിന്റെ മാലയിലെ കണ്ണികളാക്കി.

ഇതിലൂടെ മക്കയിൽ നിന്നും വന്നിട്ടുള്ളവരുടെ ഹൃദയത്തിൽ ഉണ്ടായേക്കാവുന്ന പരിഭ്രമത്തിനും അസമാധാനത്തിനും ഒരളവോളം

അറുതിയായി. ബന്ധുക്കളേയും പ്രിയപ്പെട്ടവരേയും ഉപേക്ഷിച്ച് പോന്ന ഞങ്ങളിൽ ചിലർക്കെങ്കിലും ഉണ്ടായേക്കാവുന്ന മാനസിക വൈഷമ്യത്തിനും ക്ലേശത്തിനും ഈ ആത്മീയ ബാന്ധവം പകരമായി എന്നല്ല, സ്വന്തം ബന്ധുക്കളേക്കാൾ കൂടുതൽ സ്നേഹിക്കുന്ന വരെ ഞങ്ങൾക്ക് ലഭിച്ചു. മാത്രവുമല്ല അൻസാറുകളുടേയും മുഹാജിറുകളുടേയും ഇടയിൽ മതപരവും രാഷ്ട്രീയവും സാംസ്കാരികവുമായ സ്നേഹവും ഐക്യവും ഊട്ടി ഉറപ്പിക്കാൻ ഈ ബന്ധത്തിന് സാധിച്ചു. ഇതൊക്കെ തന്നെ അല്ലാഹുവിന്റെ റസൂൽ ദീർഘദൃഷ്ടിയിലൂടെ കണ്ട കാര്യങ്ങളാണ്.

ഈ ബന്ധത്തിലൂടെ എനിക്ക് ഒരു പുതിയ സഹോദരനെ ലഭിച്ചു. അബൂ റുവേഹ അൽ ഖശ്അമി എന്നാണ് അദ്ദേഹത്തിന്റെ പേര്. ഞങ്ങൾ രണ്ട് പേരും അവസാന നാൾ വരെ യഥാർഥ സഹോദരങ്ങളേക്കാൾ കൂടുതൽ സ്നേഹത്തോടെ കഴിഞ്ഞു. ഞങ്ങൾ ഓരോ ആളും മറ്റെ ആൾക്ക് നന്മ ചെയ്യുവാൻ മത്സരിച്ചു. ഇത്തരം അവസരങ്ങളിൽ ഞാൻ എന്നെ കുറിച്ചോർക്കുമ്പോഴെല്ലാം എന്റെ കണ്ണുകൾ നിറയാറുണ്ട്. മക്കയിലെ ആർക്കും വേണ്ടാത്ത ഒരു വില കുറഞ്ഞ അടിമയായിരുന്നു ഞാൻ. ആരും തന്നെ തങ്ങളുടെ അടുക്കൽ ഇരുത്താൻ കൂടി ഇഷ്ടപ്പെടാത്ത കറുത്തവൻ. ഇന്ന് ഇസ്‌ലാമിന്റെ അനുഗ്രഹത്താൽ എന്നെ ജീവന് തുല്യം സ്നേഹിക്കുന്ന ഒരു സഹോദരനെ ലഭിച്ചിരിക്കുകയാണ്. ഒന്നല്ല അനേകം സഹോദരന്മാരെ ലഭിച്ചിരിക്കുന്നു. മവാഖാത്തിലൂടെ എല്ലാവർക്കും പുതിയ സഹോദരന്മാരെ ലഭിച്ചു. അബൂബക്കറിന് ഖാരിജ ബിൻ സൈദ് അൽ അൻസാരിയേയും, ഉമറിബ്നു ഖത്ത്വാബിന് ഖുത്തുബ ബിൻ മാലിക്ക് അൻസാരിയേയും, ഉസ്മാൻ ബിൻ അഫ്ഫാന് ഔസ് ബിൻ സാബിത്തിനേയും സഹോദരന്മാരായി ലഭിച്ചു. അലി ബിൻ അബീത്വാലിബിനെ അല്ലാഹുവിന്റെ റസൂൽ തന്റെ സഹോദരനും കൂട്ടുകാരനുമായി പ്രഖ്യാപിച്ച് കൊണ്ട് ''നീ ഈ ലോകത്തും പരലോകത്തും എന്റെ സഹോദരനായിരിക്കുമെന്ന്'' പറയുകയുണ്ടായി. ഹംസാ ബിൻ അബ്ദുൽ മുത്തലിബിന് സൈദ് ബിൻ ഹാരിസിനേയും, അബ്ദുർറഹ്മാൻ ബിൻ ഔഫിന് സഅദ് ബിൻ റബീഅ് അൻസാരിയേയും, സൽമാനുൽ ഫാർസിക്ക് അബൂ ദർദാ അൽ അൻസാരിയേയും സഹോദരന്മാരായി ലഭിച്ചു.

കർഷകരും തോട്ടങ്ങളുടെ ഉടമകളുമായ മദീന അൻസാർ സഹോദരന്മാർ തങ്ങളുടെ സ്വത്തുക്കളും സ്വന്തമായ വസ്തുക്കളും അല്ലാഹുവിന്റെ റസൂലിന് മുന്നിൽ സമർപ്പിച്ചു കൊണ്ട്, തങ്ങളുടെ സ്വത്തിന് തങ്ങളുടെ പുതിയ സഹോദരന്മാർ അവകാശികളാണെന്ന് ശഠിക്കുകയും അല്ലാഹുവിന്റെ റസൂലിനോട് സ്വത്തുക്കൾ അവർക്കിടയിൽ പങ്കിടാൻ അപേക്ഷിക്കുകയും ചെയ്തു. അതായത് മദീനയിലെ സഹോദരന്മാർ ഞങ്ങളെ എല്ലാ അർഥത്തിലും രീതിയിലും യഥാർഥ സഹോദരന്മാരായിട്ട് തന്നെയാണ് കാണുന്നത് എന്നാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. എന്നാൽ അഭിമാനികളായ മുഹാജിരീങ്ങൾ ഇതൊന്നും തന്നെ സ്വീകരിച്ചില്ല. മുഹാജിരീങ്ങളിൽ പലരും തങ്ങൾക്കറിയാവുന്ന കച്ചവടം ആരംഭിച്ചു. അല്ലാഹു അവർക്കതിൽ അളവറ്റ അനുഗ്രഹം നൽകുകയുണ്ടായി. കുറച്ച് കാലം കൊണ്ട് തന്നെ പലരും സമ്പന്നരായി തീർന്നു. (തുടരും)

**കടപ്പാട് & അവലംബം**

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സ മീഅ് ഖാൻ സാഹിബ്. റബ്വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി
9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5
10. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി
11. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്വ

കുറിപ്പ് : ** ഇത് അതിമഹത്തായ ഒരു പ്രവചനമാണ്. ആ അവസരത്തിൽ അല്ലാഹു തന്റെ റസൂലിന് അറിയിച്ചു കൊടുത്തതായിരിക്കും തീർച്ച. പത്ത് പതിനേഴ് വർഷങ്ങൾക്ക് ശേഷം ഈ പ്രവചനം അക്ഷരം പ്രതി പൂർത്തിയായി. സുറാഖാ ബിൻ മാലിക്ക് ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് മദീനയിലേക്ക് പോയി. തിരുമേനിയുടെ ചരമത്തിന് ശേഷം ആദ്യം അബൂബക്കറും പിന്നീട് ഉമറിബ്നു ഖത്ത്വാബും ഖലീഫമാരായി. രണ്ടാം ഖിലാഫത്ത് കാലത്ത് ഇസ്‌ലാമിന്റെ വർധിച്ചു വരുന്ന പുരോഗതിയിൽ അസൂയാലുക്കളായ ഇറാൻ, മുസ്ലിമീങ്ങളെ ആക്രമിച്ചു. പക്ഷേ മുസ്‌ലിമീങ്ങളാൽ അവർ കീഴ്പ്പെടുത്തപ്പെടുകയും കിസ്റാ ചക്രവർത്തിയുടെ മുഴുവൻ സമ്പത്തും ഖജനാവും മുസ്‌ലിമീങ്ങളുടെ കയ്യിൽ വന്നെത്തുകയും ചെയ്തു. ആ യുദ്ധമുതൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉമറിബ്നു ഖത്ത്വാബ്(റ)ന്റെ മുന്നിൽ കൊണ്ടുവന്നപ്പോൾ കിസ്റാ ചക്രവർത്തി പ്രത്യേക സന്ദർഭങ്ങളിൽ അണിഞ്ഞിരുന്ന അമൂല്യരത്നങ്ങളും പവിഴങ്ങളും പതിച്ച സ്വർണവളകളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. അത് കണ്ടപ്പോൾ തിരുമേനി സുറാഖാ ബിൻ മാലിക്കിനോട് പറഞ്ഞ വാക്കുകൾ അദ്ദേഹത്തിന് ഓർമ വരികയും മറ്റ് മുസ്‌ലിം സഹോദരന്മാരെ സാക്ഷിയാക്കിക്കൊണ്ട് സുറാഖായുടെ കൈകളിൽ അണിയിക്കുക യും, ആ മഹത്തായ പ്രവചനം അക്ഷരാർഥത്തിൽ തന്നെ പൂർത്തിയാക്കുകയും ചെയ്തു.

# ദൈവത്തിന്റെ അസ്തിത്വം: അന്തിമ തെളിവ് അനുഭവ ജ്ഞാനം

മതത്തിൽ കൃത്രിമമായി ചേർക്കപ്പെട്ട വൈകല്യങ്ങളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടിയാണ് ആളുകൾ നാസ്തികവാദത്തിലേക്ക് തിരിയുന്നത്. ദൈവാസ്തിത്വത്തെ സംബന്ധിച്ച് ദൃഢബോദ്ധ്യം അനുഭവജ്ഞാനത്തിലൂടെ മാത്രമേ ലഭിക്കൂ.

റഫി അഹ്മദ്, അമേരിക്ക

### വിടവുകളുടെ ദൈവം

മതവിശ്വാസികൾ വിടവുകളുടെ ദൈവം എന്ന സങ്കൽപ്പത്തിൽ അഭയം തേടുന്നതായി നാസ്തികർ ആരോപിക്കുന്നു. ശാസ്ത്ര വിജ്ഞാനത്തിന്റെ പഴുതുകളിലേക്ക് ദൈവത്തെ തിരുകികയറ്റുന്നു എന്നവർ ആക്ഷേപിക്കുന്നു. സമകാലീന ശാസ്ത്രത്തിൽ എന്തെങ്കിലും വിടവുകൾ കണ്ടാൽ അത് ദൈവത്തിന്റെ പേരിൽ നികത്തുന്നു. ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് ഈ വിടവുകൾ ഇല്ലാതായി വരുന്നു. ദൈവത്തിന് ഒളിക്കാൻ ഇടമില്ലാതെ വരികയും ചെയ്യുന്നു.

എന്നാൽ ഈ ആക്ഷേപം യഥാർഥത്തിൽ സത്യസന്ധമാണോ? സമീപ ഭൂതകാലത്തിലുണ്ടായ ഒരു ഉദാഹരണമെടുക്കാം. ഏണസ്റ്റ് ഹയേക്കർ പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ പ്രഗല്ഭനായ ഒരു ജീവ ശാസ്ത്രജ്ഞനായിരുന്നു. ഒരു കോശത്തിനകം ജീവദ്രവ്യങ്ങളുടെ (പ്രോട്ടോപ്ലാസം) കൂമ്പാരമാണെന്ന് തന്റെ സമകാലീനരായ ശാസ്ത്രജ്ഞാരെപോലെ അദ്ദേഹവും കരുതി. ജീവൻ സ്വയംകൃത പ്രജനനം നടത്തുന്നു എന്നദ്ദേഹം വാദിച്ചു. കഴിഞ്ഞ അമ്പത് വർഷക്കാലം തന്മാത്രാ ജീവ ശാസ്ത്രം വമ്പിച്ച പുരോഗതി പ്രാപിക്കുകയുണ്ടായി. ഇന്ന് നമുക്ക് ഒരു കോശത്തിനകത്തെ അതി സങ്കീർണമായ ഘടനയെക്കുറിച്ചറിയാം. മനുഷ്യ ബുദ്ധിയുണ്ടാക്കിയ ഏതൊരു നിർമിതിയെക്കാളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയാണ് അവയെന്നറിയാം. കോശങ്ങൾ സ്വയംഭൂവാണെന്ന വാദം ഇപ്പോൾ അംഗീകരിക്കാൻ പറ്റില്ല.

കോശത്തെ സംബന്ധിച്ച് ശാസ്ത്ര രംഗത്തുണ്ടായ ഈ കണ്ടുപിടുത്തങ്ങളൊന്നും തന്നെ ദൈവത്തെ എവിടെ നിന്നും മാറ്റി നിർത്തിയിട്ടില്ല. മറിച്ച് ഇരുപതാം നൂറ്റാണ്ടിലെ മഹത്തായ ഈ കണ്ടുപിടുത്തങ്ങളെല്ലാം ബുദ്ധിപരമായ സംവാദങ്ങളിൽ ദൈവത്തിന്റെ സ്ഥാനം കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്തത്.

### ദൈവ നിഷേധത്തിന്റെ കാരണങ്ങൾ

നിരവധി നാസ്തികർ പ്രതിഭാശാലികളാണ്. ചിന്തകരും ശാസ്ത്രകാരന്മാരുമാണ്. ഈ ഒരു വസ്തുത നിരന്തരം ഒരു ചോദ്യമുയർത്തുന്നു. അതായത് കാര്യങ്ങൾ നന്നായറിയുന്ന ഈ വിഭാഗങ്ങൾക്കിടയിൽ എത് കൊണ്ട് അവിശ്വാസവും ദൈവനിഷേധവും ഉണ്ടാവുന്നു? എന്റെ നിരീക്ഷണത്തിൽ ശാസ്ത്രജ്ഞന്മാരുടെ ദൈവനിഷേധവും അവരുടെ ശാസ്ത്ര ബോധവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നാണ്. അതേസമയം ശാസ്ത്ര സംരംഭങ്ങളെല്ലാം അടിസ്ഥാനപരമായി ദൈവം ഉണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലാ യിരിക്കാം എന്ന ആജ്ഞേയ (Agnostic) വാദത്തിലാണ് നിലകൊള്ളുന്നത്.

ജനങ്ങൾ ദൈവത്തെ നിഷേധിക്കാനുള്ള കാരണം താഴെ പറയുന്ന വിഷയങ്ങളിൽ നിന്ന് ഉയർന്ന് വരുന്നതാണ്. അവ മനുഷ്യാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. സർവജ്ഞനായ ദൈവത്തിന് കീഴിൽ മനുഷ്യന് എങ്ങനെ സ്വതന്ത്ര ഇച്ഛാശക്തിയുണ്ടാകുന്നു? നന്മ സൃഷ്ടിക്കുന്ന ദൈവം എന്തിന് തിന്മ സൃഷ്ടിക്കുന്നു? ശാശ്വതമായ നരകം എന്തുകൊണ്ട്? കരുണാ വാരിധിയായ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ എന്തുകൊണ്ട് കഷ്ടപ്പെടുന്നു? മുതലായവയാണ് നാസ്തികതയിലേക്ക് നയിക്കുന്ന മനുഷ്യാവസ്ഥകൾ. ഒരു പക്ഷേ ദൈവത്തെയും മതത്തേയും നിഷേധിക്കാനുള്ള പ്രധാന കാരണം മതങ്ങൾ തന്നെയാണ്. നാസ്തികരായ ശാസ്ത്രജ്ഞന്മാർ മതപരമയ

ഗ്രന്ഥങ്ങളും സിദ്ധാന്തങ്ങളും വളരെ അവജ്ഞയോടെയാണ് കാണുന്നത്. പ്രപഞ്ചത്തിൽ നിന്ന് അവൻ പഠിച്ചറിഞ്ഞ മഹത്തായ സത്യങ്ങൾ മേൽ പറഞ്ഞ മതങ്ങളും മതഗ്രന്ഥങ്ങളും പരിജയപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്നില്ലെന്ന വസ്തുതയാണ് അവരുടെ ഈ അവജ്ഞാ മനോഭാവത്തിന് കാരണമായി ന്യായീകരണമായി പറയപ്പെടുന്നത്.

അന്ധവിശ്വാസ ജഡിലമായ നാടോടിക്കഥകൾ, നിഗൂഢാത്മകമായ വേദ ശാസ്ത്രം, അന്തസ്സാര ശൂന്യമായ ആചാരങ്ങൾ, പരിവർജനത്തിന്റെ തത്ത്വശാസ്ത്രം, സ്തീകൾക്കെതിരെയുള്ള അവഗണന, അസഹിഷ്ണുതയുടെ മതസിദ്ധാന്തങ്ങൾ, അയുക്തികത മുതലായ പോരായ്കകൾ ബൃഹത്തും മഹത്തരവുമായ ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിൽ ആരോപിക്കുമ്പോൾ നാസ്തിക വാദം ശാസ്ത്ര ചിന്തയുടെ സ്വാഭാവിക പരിണിതിയായി വരുന്നു. മതത്തിന്റെ പേരിൽ ഭീകരകൃത്യങ്ങൾ ധാരാളമായുണ്ടാകുക എന്ന വസ്തുതയെ ഉദാഹരിച്ചു കൊണ്ട് സ്റ്റീവൻ വെയിൻ ബർഗ് ഈ പ്രശ്നം സംക്ഷിപ്തമായി ഇങ്ങനെ അവതരിപ്പിക്കുന്നു.

നല്ലയാളുകൾ നല്ല പ്രവൃത്തി ചെയ്യുന്നു. ചീത്തയാളുകൾ ചീത്ത പ്രവൃത്തി ചെയ്യുന്നു. എന്നാൽ നല്ലയാളുകൾ നല്ല പ്രവൃത്തി ചെയ്യുമ്പോൾ അത് മതം ഏറ്റെടുക്കുന്നു.

## ദൈവാനുഭവം

ഒരു പക്ഷേ ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അന്തിമവും ആത്യന്തികവുമായ തെളിവ് ദൈവത്തെ സംബന്ധിച്ച് ദിവ്യ ദൃഷ്ടാന്തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളാണ്. വഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

ദൈവികാന്വേഷണം കഠിനമായ ഒരു പ്രവർത്തനമാകുന്നു. ആകാശ ഭൂമികളെ നിരീക്ഷിക്കുകയും പ്രപഞ്ചത്തിന്റെ അവികലമായ ക്രമവിന്യാസത്തെ സംബന്ധിച്ച് ഗാഢമായി മനനം ചെയ്യുകയും ചെയ്താലും പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്ന നിഗമനത്തിലേക്ക് മാത്രമേ അത് നമ്മെ നയിക്കൂ. എങ്കിലും അത് അത്തരം ഒരു സ്രഷ്ടാവ് നിലനിൽക്കുന്നു എന്നതിന് തെളിവാകുന്നില്ല. ആയിരിക്കാം എന്നതിനും ആകുന്നു എന്നതിനും വ്യത്യാസമുണ്ട്.

ദൈവത്തെ സംബന്ധിച്ച് ദൃഢജ്ഞാനം നേടുക എന്നതാണ് ഒരു മനുഷ്യന്റെ പ്രഥമ കർത്തവ്യം. പിന്നീട് ഈ സുനിശ്ചിത ജ്ഞാനം പ്രാപിക്കാൻ ഏതെങ്കിലും ഒരു മതത്തെ പ്രാപിക്കുക എന്നതാണ്. പക്ഷേ എങ്ങനെ ഈ ദൃഢജ്ഞാനം കരഗതമാക്കാം.? അത് വെറും കഥകളിലൂടെ പ്രാപിക്കാൻ സാദ്ധ്യമല്ലെങ്കിൽ കേവലം വാദമുഖങ്ങളവതരിപ്പിച്ചു നേടാനും സാദ്ധ്യമല്ല. അവനോട് തുടർച്ചയായ സംഭാഷണം മുഖേനയോ അല്ലെങ്കിൽ അവന്റെ അനിതര സാധാരണമായ അടയാളങ്ങൾക്ക് സാക്ഷിയാകുന്നത് മുഖേനയോ അല്ലാതെ ദൃഢജ്ഞാനത്തിന്റെ അനുഭവം പ്രാപിക്കാൻ സാദ്ധ്യമല്ല.

## ഉപസംഹാരം

മേൽ കൊടുത്ത ചർച്ച ദൈവാസ്തിത്വത്തെ സംബന്ധിച്ച് യുക്തിപരമായ തെളിവുകൾ നൽകാനുള്ള ഒരു ശ്രമമാണ്. ആദർശങ്ങൾ, മതസിദ്ധാന്തങ്ങൾ കണ്ടുപിടുത്തങ്ങൾ, വാദമുഖങ്ങൾ, യുക്തിബോധം, യുക്തി സമർഥനങ്ങൾ മുതലായ എല്ലാ പ്രവർത്തനങ്ങളും മതത്തിന്റെ ബാഹ്യ ജ്ഞാനങ്ങളാണ്. ഇതെല്ലാം തന്നെ ദൈവവും മനുഷ്യനുമായി ഒരു ബന്ധം സ്ഥാപിക്കാനുള്ള ഉപാധികൾ മാത്രമാണ്. അനുഭവജ്ഞാനത്തിന്റെ ഔന്നത്യത്തിൽ വ്യക്തിക്കുണ്ടാകുന്ന യഥാർഥ ജ്ഞാനമാണ് അന്തിമവും ആന്ത്യന്തികവും അഗാധവുമായ ദൈവികാനുഭവം. അതാണ് ദൈവത്തിന്റെ അസ്തിത്വത്തെ ദൃഢമായി സ്ഥാപിക്കുന്നത്.

വാഗ്ദത്ത മസീഹ് പറയുന്നു:

ദൈവികാനുഭവത്തിന്റെ ദൃഢജ്ഞാനം ആർജിക്കാനുള്ള ഒരേയൊരു മാർഗം ദൈവവുമായുള്ള നിരന്തര സംഭാഷണമാണ്. അല്ലെങ്കിൽ അവന്റെ അസാധരണമായ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാവുക എന്നതാണ്.

ശാസ്ത്രത്തിന്റെ പുരോഗതി പ്രപഞ്ചത്തിന്റെ സങ്കീർണത വെളിപ്പെടുത്തുന്നു. പ്രപഞ്ചത്തിന്റെ ദൈവികാസൂത്രണത്വത്തിന്റെ മഹിത പ്രതാപം വിളിച്ചറിയിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ നിർമിതിയിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് നിരവധി അടയാളങ്ങൾ അത് നൽകുന്നു. ഇതാണ് നമ്മുടെ അഗാധ ബോധത്തിൽ അവിഭാജ്യമായി നിൽക്കുന്ന ലളിത സത്യം. വി. ഖുർആൻ പറയുന്നു:

***അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ട നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു (59:25)***

INTERNATIONAL
mta.tv
alislam.org

# മാംസഭക്ഷണ നിയന്ത്രണം

മുസാഫിർ



ജനങ്ങളുടെ ഭക്ഷണശീലത്തേയും ജീവിതത്തേയും സാരമായി ബാധിക്കുന്ന കേന്ദ്ര സർക്കാറിന്റെ കശാപ്പ് നിരോധന ഉത്തരവ് രാജ്യത്താകെ വലിയ ചർച്ചകൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയം മെയ് 25-ാം തീയതി മൃഗങ്ങൾക്കെതിരായ ക്രൂരത തടയാനുള്ള നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് കന്നുകാലി ചന്തകളിൽ നടക്കുന്ന കാലികളുടെ വിൽക്കൽ വാങ്ങൽ കാർഷികാവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും, ഭക്ഷണാവശ്യത്തിന് കശാപ്പ് ചെയ്യുന്നത് നിരോധിക്കുകയും ചെയ്യുന്ന ഉത്തരവിറക്കിയിരിക്കുന്നത്. ഇന്ത്യ ഒരു കാർഷിക രാജ്യവും രാജ്യത്തെ ഭൂരിപക്ഷം വരുന്ന ജനത മാംസം കഴിക്കുന്നവരുമായിരിക്കേ ഇന്ത്യയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഈ ഉത്തരവിനെതിരെ വ്യാപകമായ പ്രതിഷേധം ഉയരുകയാണ്. ഒട്ടകങ്ങളടക്കം എല്ലാവിധ കന്നുകാലികളും നിരോധന ഉത്തരവിൽ പ്പെടും. നമ്മുടെ ഭരണഘടനയിൽ മൃഗസംരക്ഷണം സംസ്ഥാനങ്ങളുടെ അധികാരമാണ്. സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന വിഷയങ്ങളിൽ കേന്ദ്രത്തിനോ കേന്ദ്രത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്കോ നിയമ നിർമാണം നടത്താൻ കഴിയില്ല. ഈ രണ്ട് ഭരണകൂടങ്ങൾക്കും ഒരുപോലെ നിയമ നിർമാണം നടത്താൻ കഴിയുന്ന മേഖലകളുമുണ്ട്. ഇതിൽ മൃഗ സംരക്ഷണം സംസ്ഥാനങ്ങളുടെ പരിധിയിൽപ്പെട്ട കാര്യമാണ്. എന്നാൽ മൃഗങ്ങളോടുള്ള ക്രൂരതയും മൃഗക്ഷേമം എന്നിവ കേന്ദ്രവിഷയമാണ്. ഈ നിയമമുപയോഗിച്ചാണ് കേന്ദ്രം കശാപ്പ് നിരോധന നിയമത്തിൽ ചട്ടം നിർമിച്ച് ഉത്തരവ് കൊണ്ടുവന്നിട്ടുള്ളത്. കേന്ദ്രസർക്കാറിന് ഇങ്ങനെയൊരു നിയമം നിർമിക്കാനാവകാശമുണ്ടോ എന്ന് തുടങ്ങി നിരോധനത്തിന്റെ നാനാവശങ്ങളെ പറ്റിയുള്ള ചർച്ചകളാണ് നടക്കുന്നത്. ഇപ്പോഴത്തെ ചട്ടപ്രകാരം കാർഷികാവശ്യങ്ങൾക്കുള്ള വിൽപ്പനക്കാണ് ചന്തയിൽ മൃഗത്തിനെ കൊണ്ടുവന്നിട്ടുള്ളതെന്നും വിൽക്കുന്നതും വാങ്ങുന്നതും കർഷകൻ തന്നെയാണെന്നും ഉറപ്പ് വരുത്തണം. ഉറപ്പ് വരുത്താൻ കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ നിർബന്ധമായും പ്രാദേശിക റവന്യൂ ഓഫീസുകളിലും പ്രദേശത്തെ വെറ്റിനറി ഡോക്ടുടെ പക്കലും പുതുതായി രൂപീകരിക്കുന്ന ജില്ലാ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായുള്ള ജില്ലാ മൃഗവ്യാപാര നിരീക്ഷണ സമിതിക്ക് മുമ്പാകെയും സമർപ്പിക്കണം. ഈ കമ്മിറ്റിയാണ് മൃഗ വ്യാപാരത്തെ നിയന്ത്രിക്കുക. ഈ നിയമ പ്രകാരം കന്നുകാലിക്കടത്ത് തടയാൻ അന്താരാഷ്ട്ര അതിർത്തിയിൽ നിന്ന് 50 കി.മീ ചുറ്റളവിലും സംസ്ഥാന അതിർത്തിയുടെ 25 കിലോമീറ്റർ ചുറ്റളവിലും കന്നുകാലി ചന്ത നടത്താൻ പാടുള്ളതല്ല. ഹാജരാക്കുന്ന രേഖകൾ അതാത് ഓഫീസുകളിൽ ആറുമാസം വരെ സൂക്ഷിക്കുകയും വേണം. ഇങ്ങനെ നിരവധി ചട്ടങ്ങൾ കന്നുകാലി ചന്തയിൽ പങ്കെടുക്കുന്നവർ പാലിക്കണം.

സാമ്പ്രദായികമായി ആയിര

ക്കണക്കിന് വർഷങ്ങളായി കാർഷിക വൃത്തിയും മാംസ വിപണിയും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. കർഷകനെ സംബന്ധിച്ചിടത്തോളം കാലികൾ അവന്റെ ഏറ്റവും ഉപകാരപ്രദമായ ഒരു ജംഗമ സമ്പത്താണ്. കർഷകൻ കൃഷിയിറക്കിയാൽ അതിന്റെ വിളവിൽ നിന്നുള്ള വരുമാനവും നിശ്ചിത കാലം കഴിയാതെ ലഭ്യമല്ല. അത് പലപ്പോഴും അനിശ്ചിതത്വം നിറഞ്ഞതുമാണ്. എന്നാൽ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന കാലികൾ കർഷകന് യഥേഷ്ടം വിറ്റ് പണമാക്കി അവന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ സാധിക്കുന്ന അവന്റെ അധീനതയിലുള്ള ഒരു ജംഗമ സ്വത്താണ്. ഇന്ത്യയിൽ ദരിദ്രരും ദളിതരുമായ കർഷക ജനകോടികൾക്ക് ഈ ഉത്തരവ് വൻ തിരിച്ചടിയായി മാറുമെന്നകാര്യത്തിൽ സംശയമില്ല. മാത്രമല്ല കറവ് വറ്റിയതോ കാർഷിക വൃത്തിക്ക് ശേഷിയില്ലാത്തതോ ആയ ഉരുവിനെ മാംസത്തിനായി വിൽക്കാൻ സാധിച്ചില്ലെങ്കിൽ ഉരുവിനെ തീറ്റിപോറ്റാൻ പാവം കർഷകൻ ദിനം പ്രതി 150 മുതൽ 300 രൂപ വരെ ചെലവാക്കുകയും വേണം. പാലുൽപ്പാദനത്തെയും ഈ തീരുമാനം സാരമായി ബാധിക്കുമെന്നും പറയപ്പെടുന്നു. 2012 ലെ ഇന്ത്യയിലെ ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം ഇന്ത്യയിൽ 19 കോടി കന്നുകാലികളുണ്ട്. അതിനെ പോറ്റിവളർത്തുന്ന കർഷകകോടികൾ നമ്മുടെ ജനസംഖ്യയുടെ വലിയ ഭാഗം വരുന്നവരാണ്. പരമ ദരിദ്രരും അവശരുമായ ഈ അടിസ്ഥാനവർഗത്തിന്റെ സാമ്പത്തിക സ്രോതസ്സാണ് ഇല്ലാതാവുന്നത്. മാത്രമല്ല ദാരിദ്ര്യ രേഖക്ക് താഴെ നിൽക്കുന്ന ജനകോടികൾക്ക് പോഷകാംശമടങ്ങിയ ആഹാരം മാംസത്തിൽ നിന്നാണ് ലഭിക്കുക. അവർക്ക് വാങ്ങാൻ കഴിയുന്ന വിലകുറഞ്ഞ പോഷകാഹാരവും മാംസം തന്നെയാണ്. ഇന്ത്യൻ ജനതയുടെ വലിയൊരു വിഭാഗം മാംസാഹാരം കഴിക്കുന്നവരാണ്. ദരിദ്രരും അവശരുമായ അവർക്ക് കുറഞ്ഞ വിലക്ക് കിട്ടുന്ന പോഷകാംശമടങ്ങിയ ഭക്ഷണമാണ് മാംസാഹാരം.

ഇന്ത്യൻ ഭരണ ഘടനയുടെ 21–ാം അനുച്ഛേദം പൗരന്റെ ഭക്ഷണ സ്വാതന്ത്ര്യമടക്കം വ്യക്തികളുടെ ജീവനും വ്യക്തിസ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശം എന്നിവ ഉൾപ്പെട്ടതാണ്. അതുകൊണ്ട് പൗരന് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യം അവന്റെ മൗലികാവകാശങ്ങളിൽ പ്പെട്ടതാണ്.

മനുഷ്യനെ സൃഷ്ടിച്ച ദൈവം മാംസം തിന്നാനുള്ള ദന്തനിരകളുമായാണ് അവനെ സൃഷ്ടിച്ചിരിക്കുന്നത് എന്നത് മനുഷ്യൻ പ്രകൃത്യാ മാംസാഹാരിയാണ് എന്നതിന് ഏറ്റവും വ്യക്തമായ തെളിവാണ്. സസ്യാഹാരികളായ ജന്തുക്കൾക്കുള്ള അണപ്പല്ലുകൾക്ക് *(Molar)* പുറമേ മാംസഭുക്കുകളായ ജന്തുക്കളിൽ മാത്രം കാണുന്ന ഉളിപ്പല്ല് *(Incisors)* കോമ്പല്ല് *(Canaines)* എന്നിവ മനുഷ്യനിലും കാണപ്പെടുന്നു. ഇത് സസ്യാഹാരികളായ പശുക്കളിലോ മാനുകളിലോ മറ്റു സസ്യഭുക്കുകളിലോ കാണില്ല. മനുഷ്യനെ മാംസവും സസ്യവും കഴിക്കുന്ന മിശ്രഭുക്കായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്നതിന് ഇതിൽപരം മറ്റൊരു തെളിവിന്റെ ആവശ്യമില്ല.

ഒരു ജീവിക്ക് അവകാശങ്ങൾ നിർണയിക്കുന്നത് അതിന് ദൈവം നൽകിയ ധൈഷണിക ബോധത്തിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യന് നൽകപ്പെട്ട അവന്റെ ഉന്നതമായ ധൈഷണിക ബോധത്തിന്റെ അടിസ്ഥാനത്തിലാണ് അവന് മികച്ച അവകാശങ്ങൾ ലഭ്യമാകുന്നത്. മനുഷ്യനിർമിതമായ എല്ലാ സ്ഥാപനങ്ങളും ഈ അവകാശം അനുവദിക്കുന്നു. ഇന്ത്യയിലെ പൗരന്മാർക്ക് നമ്മുടെ ഭരണഘടന അനുവദിച്ച അവകാശങ്ങൾ കന്നുകാലികൾക്ക് അനുവദിച്ചു നൽകണമെന്ന് പറയുന്നത് യുക്തിസഹമല്ല. മനുഷ്യനിൽ നിന്ന് ഭിന്നമായി താഴ്ന്നജീവികളായ കന്നുകാലികൾക്ക് അതിന്റെ ജീവിതം നിശ്ചയിക്കപ്പെട്ട ചില പരിമിതികളുണ്ട്. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

***'ഒരു ജന്തുവിന് പരമാവധി ചെയ്യുവാൻ കഴിയുന്ന കാര്യം അതു ചെയ്യുകയും അതിൽ കവിഞ്ഞൊന്നും ചെയ്യാൻ കഴിയാതെ അതവിടെ നിന്നുപോകുകയും ചെയ്യുന്നുവെങ്കിൽ ആ അന്തിമ കാര്യമാണ് അതിന്റെ ജീവിതം കൊണ്ടുള്ള പരമ പ്രയോജനം എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി എരുതിനെക്കൊണ്ടുള്ള പരമ പ്രയോജനം നിലം ഉഴുകുകയോ കൃഷി നനക്കുകയോ ഭാരം വലിക്കുകയോ ആകുന്നു ഇതിലുപരി ഒരു ശക്തി അതിനുള്ളതായി തെളിയുന്നില്ല. അതിനാൽ ഇപ്പറഞ്ഞത് തന്നെയാണ് കാളയുടെ ജീവിതം കൊണ്ടുള്ള പരമ പ്രയോജനം.' (ഇസ്‌ലാംമതതത്വജ്ഞാനം)***

ഒരു കാളയുടെ ജീവിതം സാർഥകമാകുന്നത് അത് അതിനേക്കാൾ ഉയർന്ന ജീവിയായ മനുഷ്യന് ഭക്ഷണമായി തീരുമ്പോഴാണ്, അതിനേക്കാളുപരി ഒരു കാളക്കോ പോത്തിനോ ജീവിതം അർഥപൂർണമാകുന്ന മറ്റൊരു വഴിയുമില്ല. അതുകൊണ്ട് മൃഗങ്ങളുടെ ജീവിതം സാർഥകമാവുന്നത് അത് ഉയർന്ന ജീവിയായ മനുഷ്യന് ഭക്ഷണമായി തീരുമ്പോഴാണ്. മതപരമായ കാരണത്താലോ മൃഗസ്നേഹം കൊണ്ടോ അവക്ക് പരിധി വിട്ടുള്ള അവകാശം കൽപ്പിക്കുന്നത് നീതിപൂർവമോ യുക്തിസഹമായതോ ആയ കാഴ്ച്ചപാടല്ല.

ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയാണ് മാംസാഹാരം വലിയ പാപമാണെന്ന സിദ്ധാന്തം ആധുനിക ഭാരതത്തിൽ ഹിന്ദു മതത്തിന്റെ പേരിൽ

ശക്തമായി കൊണ്ടു വന്നത്. ബിംബാരാധന, ബഹുദൈവാരാധന, ശൈശവവിവാഹം, വിധവാ ബ്രഹ്മ ചര്യം എന്നീ അനാചാരങ്ങളെ എതിർത്ത ദയാനന്ദ സരസ്വതി 'ഗോകരുണാനിധി' (പശുവിനോടുള്ള കാരുണ്യം) എന്ന ഒരു ലഘു ലേഖയിൽ ഗോവധം ഹിന്ദുക്കൾക്കെതിരെയുള്ള യുദ്ധമാണെന്ന് ഇന്ത്യയിലുടനീളം പ്രചാരണം നടത്തുകയും ഗോവധ നിരോധന പ്രസ്ഥാനങ്ങൾ രൂപീകരിക്കുകയും ചെയ്തു. 1882-ൽ അദ്ദേഹം 'ഗോരക്ഷിണി സഭ' എന്ന സംഘടന രൂപീകരിക്കുകയുണ്ടായി. സ്വാമീ ദയാനന്ദനാണ് പശുവിനെ ഹിന്ദുമതത്തിന്റെ ഒരു പ്രതീകമാക്കി ഉയർത്തിക്കൊണ്ട് വന്നത്. പുരാതനകാലത്ത് മാംസഭക്ഷണം ഹിന്ദുക്കൾ നിർബാധം കഴിച്ചിരുന്നതായി ഹിന്ദുമത ഗ്രന്ഥങ്ങളിൽ നിരവധി പരാമർശങ്ങളുണ്ട്. വേദാംഗം എന്ന് കരുതപ്പെടുന്ന 'പാരസ്ക്കര ഗൃഹസൂത്ര'ത്തിൽ ഗുണസമ്പന്നനായ പുത്രനുണ്ടാകാൻ ശിശു പ്രായത്തിൽ തന്നെ മാംസാഹാരം നൽകണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. (കാണ്ഡം 1 ഭാ 16) 'ശതപതബ്രാഹ്മണ'ത്തിൽ രാജക്കന്മാരോ ബ്രാഹ്മണരോ അതിഥി തികളായി വരുന്ന പക്ഷം അവർക്കായിട്ട് വലിയ കാളകളേയോ ആടിനേയോ അറുത്ത് പരിചരിക്കേണ്ടതാണെന്ന്. പറയുന്നു. (ഭാ 187) 'പാരസ്ക്കരഗൃഹസൂത്ര' ത്തിൽ തന്നെ മണവാളൻ, രാജാവ്, ബ്രാഹ്മണൻ, പഠനം കഴിഞ്ഞവർ, ഗുരുനാഥൻ, സ്നേഹിതൻ എന്നിവർക്ക് കൊല്ലം തോറും ആതിഥ്യം നൽകേണ്ടതാണ്. പശുവിനെ അറുത്ത മാംസം നൽകിയാലല്ലാതെ ഒരു കർമവും നിറവേറ്റപ്പെടുകയില്ല. (ഭാ.35) മഹാഭാരതത്തിലും 'ബ്രഹ്മ വൈവർത്ത' പുരാണത്തിൽ മഹാത്മാ ശ്രീകൃഷ്ണന്റെ വിവാഹാടിയന്തിരത്തിൽ മാംസം വിതരണം ചെയ്തതായും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നിരവധി പരാമർശങ്ങൾ ഹിന്ദു മതസാഹിത്യങ്ങളിൽ കാണാവുന്നതാണ്.

ഹിന്ദുക്കളുടെ വികാരത്തെ വ്രണപ്പെടുത്തുന്നുവെന്നതിനാൽ ഗോമാംസം മുസ്‌ലിംകൾ ഉപേക്ഷിക്കുകയാണ് വേണ്ടത് എന്നാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത്. ഗോപാലൻ എന്ന അപരനാമമുള്ള ഹദ്റത്ത് ശ്രീകൃഷ്ണൻ അല്ലാഹുവിന്റെ വരിഷ്ഠനായ ഒരു പ്രവാചകനാണെന്നും ഹദ്റത്ത് ശ്രീകൃഷ്ണനെ പ്രവാചകതുല്യം ആദരിക്കേണ്ടത് മുസ്‌ലിംകളുടെ ബാദ്ധ്യതയാണെന്നും പഠിപ്പിച്ച മഹാത്മാവാണ് ഹദ്റത്ത് അഹ്മദ്(അ). ഇഷ്ടമുള്ള ഭക്ഷണം കഴിക്കുക എന്നത് ഭരണഘടന പൗരന് അനുവദിച്ച അവകാശമാണെങ്കിലും സമാധാനത്തിന്റെ മതമായ ഇസ്‌ലാം മതാനുയായികൾക്ക്, ഹിന്ദുക്കളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഗോമാംസം ഉപേക്ഷിക്കുക എന്ന സമീപനമാണ് കരണീയമായിട്ടുള്ളത് എന്ന് ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി. ഹിന്ദുമുസ്ലിം മൈത്രിക്ക് വേണ്ടി അദ്ദേഹം രചിച്ച വിശ്വപ്രശസ്തമായ 'മൈത്രീ സന്ദേശം' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

***'നാം ഹൈന്ദവമിത്രങ്ങളുടേ മേൽ അനുകമ്പ കാണിക്കുകയും അവരോട് സഹതാപത്തോടും സ്നേഹത്തോടും പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനക്ക് കാരണമാവുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധ കടമകളോ അവശ്യ കർമങ്ങളോ അല്ലെന്ന് വരികിൽ അങ്ങനെയുള്ള കാര്യങ്ങളിൽനിന്ന് നമ്മൾ ഒഴിഞ്ഞ് നിൽക്കേണ്ടതുമാണ്. അതിനാൽ ഹിന്ദുക്കൾ ആത്മാർഥമായി നമ്മുടെ നബി തിരുമേനിയെ ഒരു സത്യപ്രവാചകനായി കൈകൊള്ളുകയും തിരുമേനിയിൽ വിശ്വസിക്കുന്ന പക്ഷം ഗോവധം കാരണമായി ഇരു സമുദായങ്ങളും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കിതീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേ കഴിയൂ എന്നു നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാം ഉപയോഗിച്ചിട്ടില്ലാത്തവ വളരെ ഉണ്ടല്ലോ? ഏകദൈവത്തിൽ വിശ്വസിക്കുക എന്നതു പോലെതന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാ ഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന് വേണ്ടി അത്ര ആവശ്യമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമാകയില്ല. ഒരു കാര്യം മതത്തിൽ അനുവദനീയമെന്ന് കരുതുന്നതും അതിനെ ഉപയോഗിക്കുക എന്നതും രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. മതധർമം എന്നാൽ ദൈവം നിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുകയും അവന്റെ അഭീഷ്ടത്തെ തേടി നടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പകാണിക്കുകയും ലോകത്തുവന്ന സർവ പ്രവാചകന്മാരോടും അതതുകാലത്തുള്ള മനുഷ്യരെ നന്നാക്കി തീർക്കുന്നതിന്നു എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യ ദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും ചെയ്യുക എന്നതുമാകുന്നു. ഇതു തന്നെയാണ് ഇസ്‌ലാം മതത്തിന്റെ രത്ന ചുരുക്കം.' (മൈത്രീ സന്ദേശം)***

രാജ്യത്ത് സമാധാനമാണ് വേണ്ടത് നൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ച്. അതുകൊണ്ട് വിട്ടുവീഴ്ച്ചയുടെയും സഹനത്തിന്റേയും മാർഗം അവലംബിച്ച് സമൂഹത്തിൽ സമാധാനം ഉണ്ടാക്കേണ്ട ബാദ്ധ്യത മറ്റാരേക്കാളും മുസ്‌ലിംകൾക്കാണുള്ളത്. തീർച്ചയായും അല്ലാഹു സഹനശീലരുടെ കൂടെയാണ്.

# പി. പി നാസിമുദ്ദീൻ സാഹിബ്: കർമോജ്ജ്വലമായ ധന്യ ജീവിതം

എ. എം. മുഹമ്മദ് സലീം



താൻ വിശ്വസിച്ച സത്യ പ്രസ്ഥാനത്തിന് വേണ്ടി സമർപ്പിത വും നിഷ്കളങ്കവുമായ സേവന ജീവിതത്തിന്റെ കർമകാണ്ഡം പൂർത്തിയാക്കി നാസിമുദ്ദീൻ സാഹിബ് ഓർമയായി. കണ്ടുമുട്ടുന്ന വർക്കെല്ലാം ശാന്തിദൂതിനോടൊപ്പം ഹൃദ്യമായ മന്ദസ്മിതം തൂകിനിന്ന ആ സൗമ്യസാന്നിദ്ധ്യം ഇല്ലാതായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ജമാഅത്തിന്റെ ആഭി മുഖ്യത്തിൽ നടത്തുന്ന ഖുർആൻ എക്സിബിഷനുമായി ബന്ധപ്പെട്ട് മെയ് മൂന്നിന് കണ്ണൂരിൽ ചേർന്ന യോഗത്തിൽ പങ്കെടുത്ത് മടങ്ങു മ്പോൾ പഴയങ്ങാടിയിൽ ഒരു അപകടത്തിലായിരുന്നു അദ്ദേഹ ത്തിന്റെ വേർപാട് സംഭവിച്ചത്. കേരളത്തിൽ അഹ്മദിയ്യാ ജമാഅ ത്ത് കെട്ടിപ്പടുക്കുന്നതിൽ പ്രമുഖ പങ്കു വഹിച്ച കോഴിക്കോട് മാർക്കർ ഹൗസിലെ എം. അഹ്മദ് കുട്ടി സാഹിബിന്റെ മരുമകനാണ് നാസിമുദ്ദീൻ സാഹിബിന്റെ പിതാവ് എം. മഹ്മൂദ് സാഹിബ്. മാതാവ് പഴയങ്ങാടിയിലെ മർഹൂമാ കുഞ്ഞാമിനാ സാഹിബയും. കേരള ത്തിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിയായ പഴയങ്ങാടി പള്ളിയുടെ സ്ഥാപകൻ മർഹൂം എസ്.വി. കുഞ്ഞഹമ്മദ് സാഹിബിന്റെ പൗത്രി യും പഴയങ്ങാടിയിലെ ആദ്യത്തെ അമീർ മർഹൂം സി. കുഞ്ഞബ്ദു ല്ലാഹ് സാഹിബിന്റെ മകളുമായ എസ്.വി. റുഖിയ സാഹിബയാണ് ഭാര്യ. ഖലീഫത്തുൽ മസീഹ് റാബിഅ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ദുബായ് ജമാഅത്തി ന് അമീർ ജമാഅത്തായി അംഗീ കാരം നൽകിയപ്പോൾ നാസിമുദ്ദീൻ സാഹിബായിരുന്നു പ്രഥമ അമീറാ യി നിയോഗിതനായത്. ജമാഅത്തി ന്റെ വയോജന സംഘടനയായ അൻസാറുല്ലാഹ് അഖിലേന്ത്യാ നായിബ് സദറായി പ്രവർത്തിച്ചു വരികയായിരുന്ന അദ്ദേഹം കേരള മജ്ലിസ് അൻസാറുല്ലായുടെ നാസിം ആയും സ്തുത്യർഹമായ സേവനമാണ് നിർവഹിച്ചത്. കണ്ണൂർ ജില്ലാ ഇസ്ലാഹ് വ ഇർശാദ് സെക്രട്ടറി, പഴയങ്ങാടി ജമാഅത്ത് ഉമ്മൂറെ ആമ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയാ യിരുന്നു. അഹ്മദിയ്യാ ജമാഅത്തി ന്റെ കീഴിൽ നല്ലനിലയിൽ നടത്തി വരുന്ന പഴയങ്ങാടിയിലെ ഫസ്ലെ ഉമർ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ചെയർമാനുമായിരുന്നു അദ്ദേഹം. ഇതിഹാസത്തിലെ ഗ്രീക്ക് രാജാവി നെ പോലെ പരിമിതികൾക്കിടയിലും തന്റെ കർമനൈപുണ്യവും കൃത്യ മായ ആസൂത്രണവും കൊണ്ട് കൃതഹസ്തനായ നാസിമുദ്ദീൻ സാഹിബ് തൊട്ടതെല്ലാം മികവുറ്റ താക്കിമാറ്റി.

നാസിമുദ്ദീൻ സാഹിബിന്റെ വഫാത്തിനെ തുടർന്ന് ജമാഅ ത്തിന്റെ സാമൂഹിക മാദ്ധ്യമങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് വന്ന നിരവധി അനുസ്മരണങ്ങളിൽ അദ്ദേഹത്തി ന്റെ ഉദാത്തവും വർണ ശബളിമ യാർന്നതുമായ ബഹുമുഖവ്യക്തി ത്വത്തിന്റെ രേഖാ ചിത്രം ലഭ്യമായി രുന്നു. ശ്രദ്ധേയമായ കാര്യം പഴയങ്ങാടിയിലെ ചരിത്ര പ്രസിദ്ധ മായ മാടായി പള്ളി അറബിയിൽ ഖുതുബ നിർവഹിക്കുന്ന സുന്നിക ളുടെ അധീനതയിലുള്ള പള്ളിയാ ണ്. അവിടെ ജുമാ നമസ്ക്കാര ത്തിന് മുമ്പായി കുറച്ച് നേരം മലയാളത്തിൽ ഖുതുബ നിർവ ഹിക്കാറുണ്ട്. അദ്ദേഹത്തിന്റെ വഫാത്തിനെ തുടർന്നുള്ള വെള്ളിയാഴ്ച്ച അവിടുത്തെ ഖത്തീബ് നിർവഹിച്ച മലയാളം ഖുതുബയിൽ മർഹൂം നാസിമുദ്ദീൻ സാഹിബിനെ വളരെയേറെ പ്രകീർത്തിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ആശയ പരമായി എതിർചേരിയിലുള്ളവർ പോലും അദ്ദേഹത്തെ അത്രകണ്ട് ആദരിച്ചിരുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് മാടായി പള്ളി ഖത്തീബിന്റെ ഈ അനുസ്മരണം. അത് ജനങ്ങൾക്കിടയിലുള്ള അദ്ദേഹത്തിന്റെ അംഗീകാരത്തിനു

ള്ള ഉത്തമ ദൃഷ്ടാന്തം കൂടിയാണ്. ജമാഅത്തിന് വേണ്ടി ധനവും സമയവും നിസ്സ്വാർഥമായി ത്യജിക്കാൻ അദ്ദേഹം എന്നും ആരേക്കാളും മുന്നിലായിയിരുന്നു. ദുബായിയിൽ അദ്ദേഹം താമസിക്കുന്ന വീട് ജമാഅത്തിന്റെ സെന്ററായിട്ടായിരുന്നു പ്രവർത്തിച്ചത്. അവിടെയായിരുന്നു കുറേ കാലം വെള്ളിയാഴ്ച്ച ജുമുഅ നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ താമസസ്ഥലം ജമാഅത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുക മാത്രമല്ല തന്റെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും നമസ്ക്കാരത്തിനായി മിക്കസമയം അദ്ദേഹം അവിടെ എത്തുമായിരുന്നു. പലപ്പോഴും ബാങ്കും ഇമാമത്തും അദ്ദേഹം തന്നെയായിരിക്കും നിർവഹിക്കുക. സെന്ററിൽ ജമാഅത്ത് നമസ്ക്കാരം നടക്കാൻ വേണ്ടി അത്രമാത്രം അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

ദുബായിയിൽ അദ്ദേഹം ബാങ്ക് ഓഫ് ഒമാനിലാ (ഇപ്പോൾ മശ്‌രിക്ക് ബാങ്ക്) യിരുന്നു ജോലി ചെയ്തിരുന്നത്. ദീർഘകാലത്തെ ബാങ്ക് ഉദ്യോഗം കാരണമായിരിക്കാം കാര്യങ്ങൾ അടുക്കും ചിട്ടയോടും കൂടി ചെയ്യാനുള്ള നിശ്ക്കർശ അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തനത്തിലും ഉടനീളം പാലിച്ചിരുന്നു. കേരളത്തിൽ അദ്ദേഹം അൻസാറുല്ലാ നാസിം ആയതിന് ശേഷം അൻസാറുല്ലായുടെ പ്രവർത്തനത്തിൽ മാത്രമല്ല മൊത്തം ജമാഅത്തിലും ഇതിന്റെ സമഗ്രമായ പ്രതിഫലനമുണ്ടായിട്ടുണ്ട്. ജമാഅത്തിന്റെ സാമ്പത്തിക -ഭരണ നിർവഹണ കാര്യങ്ങളിലും നിയമങ്ങളിലും അദ്ദേഹത്തിന് അഗാധമായ അറിവുണ്ടായിരുന്നു. ദുബായ് അമീറായിരിക്കെ ഖലീഫത്തുൽ മസീഹുമായും അവിടുത്തെ ഓഫീസുമായുമുള്ള അടുത്ത പരിചയവും ഇടപെടലുമായിരിക്കാം നാസിമുദ്ദീൻ സാഹിബിന് ഇക്കാര്യത്തിൽ ഇത്രയധികം അവഗാഹം ഉണ്ടാവാൻ കാരണം. ഈ വിഷയത്തെ സംബന്ധിച്ച് അദ്ദേഹം പല തവണ ഡിജിറ്റൽ പ്രസന്റേഷനോട് കൂടിയ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ദുബായിൽ അമീറായി പ്രവർത്തിച്ചത് കാരണം അന്തർ ദേശീയ തലത്തിൽ അഹ്മദികളുമായി അദ്ദേഹത്തിന് വിപുലമായ ഒരു സുഹൃദ് വലയമുണ്ട്. റബ്‌വയിലും ജർമനിയിലും ഇംഗ്ലണ്ടിലും മൗറീഷ്യസിലും അദ്ദേഹത്തിന് നിരവധി അഹ്മദി സുഹൃത്തുക്കൾ ഉണ്ട്.

ദുബായിൽ നിന്ന് നാട്ടിൽ തിരിച്ചു വന്നപ്പോൾ തന്റെ മുഴുസമയവും ജമാഅത്തിനു വേണ്ടിയുള്ള പ്രവർത്തനത്തിൽ നാസിമുദ്ദീൻ സാഹിബ് മുഴുകുകയാണുണ്ടായത്. സംസ്ഥാന നാസിം ആയിരിക്കെ മാതൃകാപരമായ നേതൃത്വഗുണമാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. തന്റെ സഹപ്രവർത്തകരുമായി നിരന്തരം ബന്ധപ്പെടാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ ബന്ധങ്ങൾ വ്യക്തിപരമായ സൗഹൃദങ്ങളാക്കി മാറ്റാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഊർജസ്വലത മുഴുവൻ അൻസാറുല്ലാഹ് സംഘടനയിലേക്കും അതിന്റെ പ്രവർത്തനങ്ങളിലേ

# നാസിമുദ്ദീൻ സാഹിബ്:

## ഖലീഫത്തുൽ മസീഹ് അനുസ്മരിക്കുന്നു

ഇന്ത്യയിലെ കേരള സംസ്ഥാനത്തെ പഴങ്ങാടിയിൽ ബഹുമാനപ്പെട്ട നാസിമുദ്ദീൻ സാഹിബ്, മെയ് 3ന് ട്രെയിനപകടത്തിൽ വഫാത്തായി (ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ) ഖുർആൻ എക്സിബിഷന്റെ ഒരു മീറ്റിങ്ങിൽ പങ്കെടുത്ത് തിരിച്ചു വരികയായിരുന്നപ്പോഴാണ് അപകടം സംഭവിച്ചത്. ദീനിന് ദുനിയാവിനേക്കാൾ പ്രാധാന്യം നൽകിയ ആളായിരുന്നു. ഖാദിയാനിലെ ഇജ്തിമ, ജൽസ സാലാനാ, ശൂറാ എന്നീ പരിപാടികളിൽ കൃത്യമായി പങ്കെടുത്തിരുന്നു. കർമനിരതനായ ഒരു വലിയ വ്യക്തിയായിരുന്നു അദ്ദേഹം. ഇസ്ലാഹ് വ ഇർശാദ് സെക്രട്ടറിയായി സേവനം ചെയ്ത് വരികയായിരുന്നു. മാത്രമല്ല നായിബ് സദർ അൻസാറുല്ലാഹ് ഭാരത് എന്ന ചുമതലകൂടി അദ്ദേഹം നിർവഹിച്ചു വരികയായിരുന്നു. നാസിമുദ്ദീൻ സാഹിബ് ദുബായിൽ ഉണ്ടായിരുന്നു. അവിടെ ആദ്യ ജമാഅത്ത് അമീർ എന്ന നിലയിൽ ദീർഘകാലം സേവനം ചെയ്യാൻ ഇദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു, വളരെ വിശാലമായ ബന്ധങ്ങളായിരുന്നു ഇദ്ദേഹത്തിനുണ്ടായിരുന്നത്. ഈ ബന്ധങ്ങളെല്ലാം ജമാഅത്തിന്റെ ഗുണത്തിന് വേണ്ടി ഉപയോഗിച്ചിരുന്നു. ജമാഅത്തീ സംവിധാനത്തിന്റെ കാര്യത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്ന വ്യക്തിയാണ്. തന്റെ സുഹൃത്തുക്കളെയും ജമാഅത്തീ നിസാമിനെ അനുസരിപ്പിക്കുമായിരുന്നു. ഇബാദത്ത് ചെയ്യുന്ന ആളും ഖുർആൻ തിലാവത്ത് ചെയ്യുന്ന യാളുമായിരുന്നു. പരിശുദ്ധമായ പ്രകൃതമായിരുന്നു. ജനങ്ങൾക്ക് ഉപകാരം ചെയ്യുന്ന വ്യക്തിയായിരുന്നു. മക്കൾക്ക് നല്ല ശിക്ഷണം നൽകി. എല്ലായ്പ്പോഴും സൽക്കർമങ്ങൾ ചെയ്യാൻ ശ്രദ്ധ തിരിച്ചുവിട്ടു. ഖിലാഫത്തുമായുള്ള അവരുടെ ബന്ധം നിലനിർത്താൻ ഉപദേശിച്ചു കൊണ്ടിരുന്നു. മർഹൂം മൂസിയാണ്. ഇദ്ദേഹത്തിന്റെ ഒരു മകൾ ഇവിടെയുണ്ട്. മകൻ ദുബായിലാണ്. മർഹൂമിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിർത്താനും ഖിലാഫത്തുമായുള്ള ബന്ധം നിലനിർത്താനും അല്ലാഹു ആഫിയത്ത് നൽകുമാറാകട്ടെ. (ആമീൻ)



പി.പി. നാസിമുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹിനെ സന്ദർശിച്ചപ്പോൾ, കൂടെ പൗത്രിയും

ക്കും സംക്രമിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അൻസാറുല്ലാഹ് സംഘടനാ സ്ഥാപനത്തിന്റെ ഡയമണ്ട് ജൂബിലിയോടനു ബന്ധിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു, ഏതാണ് അതിന് പറ്റിയ പുസ്തകമെന്ന് അദ്ദേഹം എന്നോട് ഒരിക്കൽ ആരാഞ്ഞു. ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) അഹ്മദിയ്യാ ശതവാർഷികത്തോടനുബന്ധിച്ച് നടത്തിയ ഒരു സുദീർഘമായ പ്രസംഗം പിന്നീട് ഗ്രന്ഥരൂപത്തിലാക്കിയ Islam's Response to Cotemporary Issues എന്ന കാലിക പ്രസക്തിയുള്ള പുസ്തകം വിവർത്തനം ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ അഭിപ്രായം പറഞ്ഞു. അൻസാറുല്ല ബന്ധപ്പെട്ട കമ്മിറ്റിയിൽ ആ തീരുമാനം പാസ്സാക്കിയെങ്കിലും അത് വിവർത്തനം ചെയ്യാൻ ചില സാങ്കേതിക തടസ്സങ്ങളുണ്ടായിരുന്നു. ദ്രുതഗതിയിൽ സടകുടഞ്ഞെഴുന്നേറ്റ നാസിമുദ്ദീൻ സാഹിബ് ഉടൻ തന്നെ ഖാദിയാനിൽ നേരിട്ട് പോയി സർവതടസ്സങ്ങളും നീക്കി. പിന്നീട് വിവർത്തനം ചെയ്യാനുള്ള അനുവാദ പത്രവുമായാണ് വന്നത്. മിന്നൽ വേഗത്തിലാണ് അദ്ദേഹം ഇതെല്ലാം നിർവഹിച്ചത്. 'ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും' എന്ന പേരിൽ 350 പേജിലധികം വരുന്ന ആ പുസ്തകം കുറഞ്ഞ സമയത്തിനുള്ളിൽ ഇറക്കാനായതിന്റെ എല്ലാ ബഹുമതിയും അദ്ദേഹത്തിനുള്ളതാണ്. നാസിമുദ്ദീൻ സാഹിബുമായി കൂടുതൽ അടുക്കാനുള്ള ഒരവസരവും എനിക്ക് അത് വഴി ലഭിച്ചു. തന്റെ നിശ്ചയദാർഢ്യത്തിന്റെ കരുത്ത് കൊണ്ട് ജമാഅത്തീ പ്രവർത്തനങ്ങൾക്ക് മുന്നിൽ ഉണ്ടാവുന്ന സാങ്കേതികവും അല്ലാത്തതുമായ തടസ്സങ്ങൾ അദ്ദേഹത്തെ തളർത്തിയിരുന്നില്ല. എല്ലാ തടസ്സങ്ങളും പരിഹരിച്ചും തട്ടിമാറ്റിയും അദ്ദേഹത്തിന് മുന്നോട്ട് കുതിക്കാൻ കഴിഞ്ഞിരുന്നു. നല്ല സാമ്പത്തിക സ്ഥിതി ഉണ്ടായിട്ടും ലളിതമായ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. അനാവശ്യമായ പ്രദർശനപരതയും ധൂർത്തും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ദുബായിയിൽ 20 വർഷത്തോളം അദ്ദേഹം ഉപയോഗിച്ചത് ഒരു പഴയ മസ്ദ കാറായിരുന്നു. പാവങ്ങളേയും വിഷമിക്കുന്നവരേയും സഹായിക്കാൻ അദ്ദേഹം എന്നും മുന്നിലായിരുന്നു. പാവങ്ങളുടെ പ്രശ്നവുമായി അദ്ദേഹത്തെ സമീപിച്ചവരാരും വെറും കൈയോടെ മടങ്ങിയിട്ടില്ല. ഈ ദീനാനുകമ്പയായിരുന്നു അദ്ദേഹത്തിന്റ മഹദ് വ്യക്തിത്വത്തിന് ധാവള്യം പരത്തിയത്. ഫസ്‌ലെ ഉമർ സ്കൂളിൽ ഈ വർഷം ചേരുന്ന ഇരുപത് വിദ്യാർത്ഥികൾക്ക് ഡൊണേഷൻ ഇല്ലാതെ അഡ്മിഷൻ നൽകാനുള്ള നിർദേശം അദ്ദേഹമായിരുന്നു മുന്നോട്ട് വെച്ചത്. മരണശേഷം അദ്ദേഹത്തിന്റെ സെയ്ഫിൽ കൃത്യം ഒരു ലക്ഷം രൂപ കാണപ്പെട്ടത് ഈ ആവശ്യത്തിന് വേണ്ടിയായിരുന്നിരിക്കാം. അതിനെപ്പറ്റി പ്രത്യേകിച്ച് യാതൊന്നും പറയാൻ നാസിമുദ്ദീൻ സാഹിബിന് സന്ദർഭമുണ്ടായില്ലെങ്കിലും വാക്കിനനുസരിച്ച് യോജിച്ച് പ്രവർത്തിക്കുന്ന നാസിമുദ്ദീൻ സാഹിബിന്റെ സ്വാഭാവികമായ കരുതലായിരിക്കാം ഈ സംഖ്യ എന്ന് ന്യായമായും ഊഹിക്കാം. തലശ്ശേരി ജമാഅത്തിന്റ പള്ളിയുടെ സ്ഥലവും കെട്ടിടവും പൂർണമായും അദ്ദേഹം സ്വന്തമായിട്ടാണ് നിർമിച്ചു നൽകിയത്. ജമാഅത്തിന് സാമ്പത്തിക ത്യാഗം ആവശ്യമുണ്ടായിരുന്ന പല സംരംഭങ്ങളിലും അദ്ദേഹം ഉദാരമായി സംഭാവന ചെയ്തു. പഴയങ്ങാടി നഗരത്തിൽ മെയിൻ റോഡിലാണ് അദ്ദേഹത്തിന്റെ വസതി സ്ഥിതി ചെയ്തിരുന്നത്. ഉഷ്ണകാലത്ത് റോഡിലൂടെ സഞ്ചരിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കാൻ തന്റെ വീട്ടിൽ നിന്ന് പൊതു വഴിയിലേക്ക് അദ്ദേഹം


ഒരു വാട്ടർ ടാപ്പ് ഫിറ്റ് ചെയ്തിരുന്നു. മാതൃകാപരമായിരുന്നു അദ്ദേഹത്തിന്റെ അതിഥി സൽക്കാരം. പഴയങ്ങാടി ജമാഅത്തിൽ അതിഥികളായെത്തുന്നവരിൽ മിക്കവർക്കും അദ്ദേഹമായിരുന്നു ആതിഥ്യമരുളിയിരുന്നത്.

ലണ്ടനിലായിരുന്നു അദ്ദേഹത്തിന്റെ ഒരു പുത്രിയും ജാമാതാവും ജോലി ചെയ്തിരുന്നത്. മകളെ സന്ദർശിക്കാനും ലണ്ടൻ ജൽസയിൽ പങ്കെടുക്കാനും എല്ലാവർഷവും അദ്ദേഹം മുറതെറ്റാതെ പോകുമായിരുന്നു. വർഷത്തിൽ മൂന്ന് നാല് തവണ ഖാദിയാനും അദ്ദേഹം സന്ദർശിക്കുമായിരുന്നു. ഗർഭിണിയായ മകളെ സന്ദർശിക്കാനായി കുടുംബ സമേതം ലണ്ടനിലായിരുന്ന നാസിമുദ്ദീൻ സാഹിബ് പ്രസവത്തിന് കാത്തുനിൽക്കാൻ നിർബന്ധിച്ചിട്ടും ജമാഅത്തിന്റെ ചില പരിപാടിയിൽ സംബന്ധിക്കാൻ നാട്ടിലെത്തുകയായിരുന്നു. അപ്പോഴാണ് അദ്ദേഹത്തിന്റ വേർപാട് സംഭവിച്ചത്. ജമാഅത്തിന്റെ പ്രത്യേക പദ്ധതിയിൽ വസിയത്ത് ചെയ്ത മൂസിയായിരുന്നു അദ്ദേഹം.

മരണം അലംഘനീയമായ ഒരു പ്രകൃതി നിയമമാണ്. പക്ഷേ താൻ വിശ്വസിച്ച സത്യമാർഗത്തിൽ ജീവിതത്തിന്റെ അന്ത്യനിമിഷം വരെ ആത്മാർത്ഥമായി പ്രവർത്തിക്കാൻ കഴിയുക എന്നതാണ് മനുഷ്യ ജീവിതത്തെ സാർഥകവും ധന്യവുമാക്കുന്നത്. അത്തരം സൽകർമങ്ങൾകൊണ്ട് മാത്രം ജീവിതം പൂരിപ്പിച്ച ഒരു സാത്വികനായിരുന്നു നാസിമുദ്ദീൻ സാഹിബ്. അന്ത്യശ്വാസം വരെ ദൈവമാർഗത്തിൽ പ്രവർത്തിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് അല്ലാഹു നൽകി. നാസിമുദ്ദീൻ സാഹിബിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ വേർപാട് ജമാഅത്തിന് വലിയൊരു നഷ്ടമാണ്. അല്ലാഹു അദ്ദേഹത്തിന്റ കുടുംബത്തിനും ജമാത്തിനും നേരിട്ട ഈ നഷ്ടം എളുപ്പത്തിൽ നികത്തിത്തരുമാറാകട്ടെ. ഭാര്യ: എസ്. വി. റുഖിയ സാഹിബ, മക്കൾ: തഖിയുദ്ദീൻ സാഹിബ്, (അബൂദാബി) ഡോ. റഫീന സാഹിബ (ലണ്ടൻ), മരുമക്കൾ: നിക്കാത്ത സാഹിബ (ബംഗളൂരു) വസിം അഹ്മദ് സാഹിബ് (ലണ്ടൻ) കണ്ണൂർ ജമാഅത്ത് അമീറും അൻസാറുല്ലാഹ് കേരള സംസ്ഥാന മുൻ നാസിമുമായ പി. പി നാസറുദ്ദീൻ സാഹിബ് സഹോദരനും മുനീറ സാഹിബ, മുംതാസ് സാഹിബ, മുബഷിറ സാഹിബ, മൻസൂറാ സാഹിബ എന്നിവർ സഹോദരിമാരുമാണ്.

അനുസ്മരണം:

# ടി. രായു സാഹിബ്



മുറിയക്കണ്ണി ജമാഅത്തിന്റെ സ്ഥാപകൻ തയ്യിൽ രായു സാഹിബ് (87) 12-05-2017 ന് വെള്ളിയാഴ്ച്ച നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ) 1949 ൽ 18-ാമത്തെ വയസ്സിലാണ് അദ്ദേഹം ബൈയത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നത്. പിന്നീട് ബന്ധുക്കളും ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. അലനല്ലൂരിൽ ജമാഅത്ത് രൂപീകരണത്തിന് കാരണമായതും ടി. രായു സാഹിബിന്റ പ്രവർത്തനങ്ങളാണ്. ജമാഅത്ത് രൂപീകരണ മാർഗത്തിൽ ഉജ്ജ്വലമായ ത്യാഗങ്ങളാണ് അദ്ദേഹം സഹിച്ചത്. മുറിയക്കണ്ണി ജമാഅത്തിലെ പല സ്ഥാനങ്ങളും വഹിച്ച രായു സാഹിബ് 27 വർഷം ജമാഅത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. മൂസിയായിരുന്നു അദ്ദേഹം. അനേകം മാതൃകാ ഗുണങ്ങളുള്ള ഒരു ആദരണീയ വ്യക്തിത്വമായിരുന്നു. ഒരു രക്ഷകർത്താവിനെ പോലെയുള്ള സാന്നിധ്യമായിരുന്നു അലനല്ലൂർ ജമാഅത്തിന് അദ്ദേഹം നൽകിയത്.

ഭാര്യ: സി. ഫാത്തിമ കുട്ടി സാഹിബ, മക്കൾ: സിദ്ദീഖ് സാഹിബ്, മുഹമ്മദ് ബഷീർ സാഹിബ്, മൗലവി ടി. അബ്ദുന്നാസർ സാഹിബ് (നാഇബ് നാസിർ ഇസ്‌ലാഹ് വ ഇർഷാദ്), മൗലവി ടി. മുഹമ്മദ് മൻസിൽ സാഹിബ് (ഇൻ ചാർജ്ജ് മുബല്ലിഗ്, കണ്ണൂർ), ടി. നൂറുദ്ദീൻ സാഹിബ്, നഫീസ സാഹിബ, സഫിയ സാഹിബ, (മർഹൂമ) ജുമൈല സാഹിബ, താഹിറ സാഹിബ, മരുമക്കൾ: സി. ബഷീർ സാഹിബ്, അഹ്മദ് സാഹിബ് അലനല്ലൂർ, ടി.കെ. അമീറലി സാഹിബ് ( അമീർ മലപ്പുറം), അഹ്മദ് സാഹിബ്, ബഷീർ സാഹിബ് കരുളായി, കെ. എം. ഷനീർ സാഹിബ് കൊടുങ്ങല്ലൂർ, മുംതാസ് സാഹിബ, ടി. കെ ജമീല സാഹിബ, ആബിദ സാഹിബ, സാജിദ സാഹിബ, ഹവ്വ സാഹിബ. പരേതന് അല്ലാഹു ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ.

***പ്രസിഡന്റ്, മുറിയക്കണ്ണി ജമാഅത്ത്.***

## വഖ്ഫെ ജദീദ് വാഗ്ദത്ത പാലനം

വഖ്ഫെ ജദീദ് നടപ്പ് സാമ്പത്തിക വർഷം ഡിസംബറിലാണ് അവസാനിക്കുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹു) ജനുവരിയിൽ നൽകിയ ടാർഗറ്റ് അനുസരിച്ച് ജമാഅത്തംഗങ്ങൾ ആവേശപൂർവം വഗ്ദാനങ്ങൾ നൽകുകയും പുണ്യമാസമായ റമദാനിൽ നല്ലൊരുശതമാനം ആളുകൾ അത് പൂർത്തിയാക്കുകയും ചെയ്ത് ഹുസൂർ തിരുമനസ്സിന്റെ സവിശേഷ ദുആയിൽ ഭാഗഭാക്കാകുകയും ചെയ്യുന്നു. തങ്ങളുടെ വാഗ്ദാനങ്ങൾ ഇത്വരെ പൂർത്തിയാക്കാത്തവർ ദീനി സേവനത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ഈ അനുഗൃഹീത പദ്ധതിക്ക് നൽകിയ വാഗ്ദാനങ്ങൾ ഈ റമദാനിൽ ഉടൻ തന്നെ പൂർത്തിയാക്കുകയും ഹുസൂർ തിരുമനസ്സിന്റെ ദുആയിൽ ഭാഗഭാക്കാകുകയും ചെയ്യണമെന്ന് പ്രത്യേകം ഉണർത്തുന്നു.

**നാസിം മാൽ, ഖാദിയാൻ**




മെയ് 20, 21 തീയതികളിൽ നടന്ന മജ്‌ലിസ് അൻസാറുല്ല എറണാകുളം- ആലപ്പുഴ ജില്ലാ ഇജ്തിമ സൗത്ത് കേരള നാസിം എം. താജുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കടലായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്

## കണ്ണൂർ - കാസർഗോഡ് ജില്ലാ ഇജ്തിമ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ - കാസർഗോഡ് ജില്ലാ ഇജ്തിമ 2017 മൊഗ്രാൽ സിദ്ദീഖ് മസ്ജിദ് അങ്കണത്തിൽ വെച്ച് മെയ് 13-14 തീയതികളിലായി നടക്കുകയുണ്ടായി. ജില്ലാ ഖാഇദ് ഫസൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സെഷൻ അഹ്മദ് കബീർ സാഹിബിന്റെ ഖുർആൻ പാരായണത്തോടു കൂടി ആരംഭിക്കുകയുണ്ടായി. കണ്ണൂർ ജില്ലാ അമീർ ജ: അബ്ദുൽ അസീസ് സാഹിബ് ഇജ്തിമ ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിച്ചു. മൊഗ്രാൽ സദർ ജ: അഷ്റഫലി സിദ്ദീഖ് സാഹിബ് ആശംസകൾ അർപ്പിക്കുകയുണ്ടായി. തുടർന്ന് ദുആയോട് കൂടി പിരിഞ്ഞ യോഗം വിവിധ കല-കായിക-വൈജ്ഞാനിക മത്സരങ്ങൾക്കു വേദിയായി. ഇജ്തിമയിൽ പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ശ്രീ. അശോക് സാഗർ വിദ്യാർഥികൾക്ക് ക്ലാസ്സെടുത്തു. മത്സര പരിപാടികൾക്ക് വിധി കർത്താക്കളായി മൗലവി ഷബീൽ സാഹിബ്, മൗലവി മുനവർ സാഹിബ്, മൗലവി ഷഫീഖ് സാഹിബ്, മൗലവി അംനാസ് സാഹിബ്, മൗലവി നസീർ സാഹിബ്, ജനാബ് അഷ്റഫലി സിദ്ദീഖ് സാഹിബ്, ജനാബ് ബഷീർ അഹ്മദ് സിദ്ദീഖ് സാഹിബ്, ജനാബ് അബ്ദുൾ ഗനി സാഹിബ്, ജനാബ് സഫീർ സാഹിബ്, ജനാബ് അബ്ദുസ്സമദ് സാഹിബ് എന്നിവർ സേവനമനുഷ്ഠിച്ചു. വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ഓവറോൾ ചാമ്പ്യൻസ് ട്രോഫിയും ഇൽമി വിഭാഗം പ്രത്യേക ട്രോഫിയും കടലായി മജ്‌ലിസ് കരസ്ഥമാക്കിയപ്പോൾ സ്പോർട്സ് വിഭാഗം ട്രോഫി പഴയങ്ങാടി മജ്‌ലിസ് കരസ്ഥമാക്കി.

Published on 7.06. 2017
Pages 44
Vol: 89 Issue. 6
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly



# mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

1800 425 2020 **Toll Free (9 am to 9 pm)**